# കേരള പാഠാവലി

## മലയാളം




സ്റ്റാൻഡേർഡ് - 3

# കേരള പാഠാവലി

## മലയാളം

### സ്റ്റാൻഡേർഡ് 3

1964

ASSISTANT EDUCATIONAL

വില: 75 നയാ പൈസ

## പ്രതിജ്ഞ

ഭാരതം എന്റെ നാടാണ്. എന്റെ സഹോദരീ സഹോദരന്മാരാണ് എല്ലാ ഭാരതീയരും. ഞാൻ എന്റെ നാടിനെ സ്നേഹിക്കുന്നു. അതിന്റെ സമൃദ്ധവും വിവിധവുമായ പരമ്പരാഗത സമ്പത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു. ആ സമ്പത്തിന് അർഹനാകുവാൻ ഞാൻ എപ്പോഴും ശ്രമിക്കുന്നതാണ്.

എന്റെ മാതാപിതാക്കന്മാരെയും ഗുരുജനങ്ങളെയും ഞാൻ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യും. എല്ലാവരോടും ഞാൻ വിനയത്തോടു കൂടിയേ പെരുമാറുകയുള്ളു. എല്ലാ ജീവികളോടും ഞാൻ ദയാലുവായിരിക്കും.

എന്റെ നാട്ടിനും നാട്ടുകാർക്കും ഞാൻ എന്റെ സേവനം സമർപ്പിക്കുന്നു. അവരുടെ യോഗക്ഷേമത്തിലും ഐശ്വര്യത്തിലും മാത്രമാണ് എന്റെ സുഖം.

---

©
**The Government of Kerala**
**1964**

# പാഠവിവരം


| പാഠം | | പുറം |
|---|---|---|
| 1. പ്രാർത്ഥന (പദ്യം) | ... | 1 |
| 2. കാക്ക | ... | 2 |
| 3. നബിയുടെ ദയ | ... | 6 |
| 4. പൂമ്പാററ (പദ്യം) | ... | 9 |
| 5. വേണ്ടതു വേണ്ടപ്പോൾ തോന്നണം | ... | 11 |
| 6. ആട് | ... | 16 |
| 7. പാണ്ടനും കാടനും വെള്ളവും (പദ്യം) | | 20 |
| 8. വാക്കു പാലിച്ചില്ലെങ്കിൽ! | ... | 21 |
| 9. വിളക്കുകൾ | ... | 25 |
| 10. മഴവില്ല് (പദ്യം) | ... | 30 |
| 11. ഭീമന് നല്ലൊരൂണ് | ... | 32 |
| 12. കണ്ണുണ്ടായാൽ പോരാ, കാണണം | ... | 37 |
| 13. മാവേലി നാടുവാഴുമ്പോൾ (പദ്യം) | ... | 42 |
| 14. വാല്മീകി | ... | 43 |
| 15. കുറവും കുററവും (പദ്യം) | ... | 47 |
| 16. വിമാനം | ... | 49 |
| 17. പുതുമഴ (പദ്യം) | ... | 54 |
| 18. ആരാണു കൂടുതൽ മടയൻ? | ... | 55 |

| പാഠം | | പുറം |
|---|---|---|
| 19. | ആരോഗ്യം | ... 60 |
| 20. | ഉറിയിൽ തൂങ്ങിയ ഉണ്ണിക്കൃഷ്ണൻ (പദ്യം) | 64 |
| 21. | ഹിംസിക്കരുതു് | ... 66 |
| 22. | ഗോപിയുടെ കത്തു് | ... 72 |
| 23. | ബാലലീല (പദ്യം) | ... 77 |
| 24. | യഥാൎത്ഥ ഭക്തൻ | ... 79 |
| 25. | ചിത്രശലഭം | ... 84 |
| 26. | പാഠശാല (പദ്യം) | ... 89 |
| 27. | നെല്ലു് | ... 91 |
| 28. | വിദ്യാധനം (പദ്യം) | ... 96 |
| 29. | ദൂര മൂത്താൽ കരയും | ... 98 |
| 30. | പൂക്കാലം (പദ്യം) | ... 104 |
| 31. | ഇരുമ്പു് | ... 105 |

പാഠം 1

# പ്രാർത്ഥന

പകലിൻ വെട്ടവുമായിട്ടെന്നും
പകലോനെത്തും പതിവായി.
രാത്രിയിലോ കൈത്തിരികളുമായി
ത്താരകളെത്തും വരിയായി.

മലയും കാടും പുഴയും കടലും
കലരും ഭൂമിയിലൊരുപോലെ,
വെയിലും മഴയും മഞ്ഞും നിറയും
നാളുകൾ പുലരും വഴിപോലെ.

തളിരും പൂവും ഫലവും പ്രകൃതിയി-
ലണവൂ കാലം തെററാതെ,
അവയുടെ നിറവും മണവും രുചിയും
നാമറിവൂ കുറവില്ലാതെ.

ആരാണീവകയെല്ലാം മുറയായ്
ചേരാൻ കാരണമിതുപോലെ !
ആരാണീവകയെല്ലാം നമ്മൾ-
ക്കേകുവതിങ്ങനെയൊരുപോലെ !

ആ ജഗദീശനെ രാവും പകലും
താണുവണങ്ങുന്നീ ഞങ്ങൾ ;
ഇനിയും കരുണ ചൊരിഞ്ഞീടാൻ, സ്തുതി
ചെയ്‌വൂ ബാലകരാം ഞങ്ങൾ.

—സോമൻ

പാഠം 2

# കാക്ക

കാക്കയെ എല്ലാവരും കണ്ടിരിക്കും. എന്നു വച്ച്, എല്ലായിടത്തും കാണുന്ന പക്ഷിയാണ് കാക്ക എന്നു വിചാരിക്കരുത്. സിംഗപ്പൂരിൽ കാക്ക ഇല്ലത്രെ. കേരളത്തിൻെറ പടിഞ്ഞാറു ഭാഗത്ത് അറബിക്കടലിൽ കിടക്കുന്ന ലക്ഷദ്വീപുകളിൽ പലതിലും കാക്ക ഇല്ല.

നമ്മുടെ നാട്ടിൽ സാധാരണമായി രണ്ടുതരം കാക്കകളെ കാണാം. മുഴുവനും കറുത്തതു് ഒരു വക. കഴുത്തിൽമാത്രം പുകനിറമുള്ളതു് മറെറാരു വക. ഈ ഇനത്തിലുള്ള കാക്കയ്ക്കു് വലുപ്പം കുറച്ചു കുറവായിരിക്കും. ആദ്യത്തെ ഇനം കാക്കയെ 'ബലിക്കാക്ക' എന്നു വിളിക്കുന്നു. കഴുത്തിനു നിറം മങ്ങിയ വർഗ്ഗത്തിന് 'പറയൻ കാക്ക' എന്നും 'കാവതിക്കാക്ക' എന്നും പേരുകളുണ്ടു്.

കാക്കയുടെ കാലുകൾ സൂക്ഷിച്ചുനോക്കുക. നന്നാലു വിരലുകളാണ് ഓരോ കാലിലും അവയ്ക്കുള്ളതെന്നു കാണാം. ഇവയിൽ മൂന്നു വിരൽ മുമ്പിലും ഒന്ന് പിന്നിലുമാണ്. കാക്കയുടെ ചാടിച്ചാടിയുള്ള നടത്തം നോക്കിയിട്ടുണ്ടോ? അതിന്റെ കാലുകൾക്കു് നല്ല ബലമുണ്ടു്. കൊക്കിനും നല്ല കരുത്തുണ്ടു്. കൊക്കിൻെറ മുകളിൽ ഇരുവശങ്ങളിലുമായിട്ടാണ് നാസാ

ദ്വാരങ്ങൾ. അവ, മുന്നോട്ട തള്ളിനില്ക്കുന്ന പൂട കൾകൊണ്ടു് മിക്കവാറും മൂടിയിരിക്കുന്നു. കാക്ക യുടെ നോട്ടം ശ്രദ്ധിച്ചിട്ടുണ്ടോ? തല ഒരുവശം ചരിച്ചുപിടിച്ചാണ് അതു നോക്കുന്നതു്.

വീടിന്റെ പരിസരങ്ങളിലാണ് കാക്കകളെ സാധാരണമായി കാണുന്നതു്. എച്ചിലും മററും കൊത്തിത്തിന്നു് അവ ജീവിക്കുന്നു. സസ്യവും മാംസവും എന്നല്ല, തിന്നാവുന്നതെന്തും കാക്ക തിന്നും. എന്നാലും മാംസത്തോടാണ് അതിന്ന് കൂടുതൽ ഇഷ്ടം. ആഹാരം സമ്പാദിക്കുന്നതിൽ കാക്ക കാണിക്കുന്ന കൗശലവും ധൈയ്യവും നിങ്ങൾ സൂക്ഷിച്ചുനോക്കിയിട്ടുണ്ടോ? നമ്മുടെ പരിസരങ്ങൾ വൃത്തിയാക്കുന്നതിൽ അവയ്ക്കു് വലിയ പങ്കുണ്ടു്.

ചില പക്ഷികളിൽ ആണിനെയും പെണ്ണി നെയും കണ്ടാൽ പെട്ടെന്നു തിരിച്ചറിയാം. പൂവൻകോഴിക്കും പിടക്കോഴിക്കും തമ്മിൽ വലിയ വ്യത്യാസമുണ്ടല്ലോ. എന്നാൽ ആൺ കാക്കയേയും പെൺകാക്കയേയും ആകൃതി കൊണ്ടു തിരിച്ചറിയാൻ വിഷമമാണ്.

നിങ്ങളിൽ പലരും കാക്കക്കൂട കണ്ടിരിക്കും. കാലവഷം തുടങ്ങുന്നതിനുമുമ്പു് കൂടുകെട്ടാനുള്ള കോലാഹലം തുടങ്ങും. മേയ്മുതൽ സെപ്റ്റമ്പർ വരെയുള്ള മാസങ്ങളിലാണ് അതു മുട്ടയിട്ടു് കുഞ്ഞുങ്ങളെ വളത്തിയെടുക്കുന്നതു്. പൊക്ക മുള്ള തെങ്ങിന്റെയും മാവിന്റെയും മററും മുകളിൽ ചുള്ളിക്കമ്പുകൾ അടുക്കി കാക്ക കൂടുകെട്ടുന്നു.

കൂടിന്റെ മദ്ധ്യഭാഗം കുഴിഞ്ഞിരിക്കും. അവിടം ചകരിനാരും മററും വിരിച്ച മൃദുവാക്കും. പെൺകാക്ക ഒരുതവണ നാലഞ്ചു മുട്ടയിടും. അവയുടെ



നിറം നീലയോ ഇളംപച്ചയോ ആയിരിക്കും. ഈ മുട്ടകളെ ഉണക്കച്ചുള്ളികൾകൊണ്ട് ആ അമ്മ മൂടിവയ്ക്കും. മുട്ടയിൽനിന്നു പുറത്തു വരുമ്പോൾ കാക്കക്കുഞ്ഞുങ്ങളുടെ കണ്ണ് മിഴിഞ്ഞിരിക്കയില്ല. ഉടലിൽ തൂവലും കുറവായിരിക്കും.

കുഞ്ഞിന് കാക്ക ഭക്ഷണം കൊടുക്കുന്നതു കാണാൻ നല്ല രസമുണ്ട്. വിശക്കുമ്പോൾ കുഞ്ഞുങ്ങൾ കൊക്കു വിടർത്തി, ചിറകു വിറപ്പിച്ച്, ദയനീയമായ സ്വരം പുറപ്പെടുവിക്കുന്നു. അവയുടെ ആർത്തിയും മാതാപിതാക്കൾക്ക് അവയോടുള്ള

വാത്സല്യവും കാണേണ്ടതാണ്. കാക്കയ്ക്കും തൻകുഞ്ഞു പൊൻകുഞ്ഞുതന്നെ. അവയുടെ വർഗ്ഗസ്നേഹം പ്രസിദ്ധമാണ്. ശത്രുക്കളെ അവ കൂട്ടംചേൎന്ന് ഉപദ്രവിക്കും.

കാക്കയുടെ കൂട്ടിലാണത്രെ പെൺകുയിൽ മുട്ടയിടുന്നതു്. അതു വലിയ കൗശലമാണ് എന്നായിരിക്കാം കുയിലിന്റെ വിചാരം. കാക്കയാകട്ടെ, കുയിൽക്കുഞ്ഞിനെ തന്റെ കുഞ്ഞാണെന്നു കരുതി വളൎത്തുന്നു. പാവം! കുയിൽക്കുഞ്ഞാകട്ടെ, കാക്കക്കുഞ്ഞുങ്ങളെ കൂട്ടിൽനിന്നു പുറത്തേയ്ക്കു തള്ളിയിട്ടും മററും ഉപദ്രവിക്കുന്നു. മാത്രമല്ല, കാക്കക്കുഞ്ഞുങ്ങളുടെ ആഹാരത്തിൽ അധികഭാഗവും അപഹരിക്കുകയും ചെയ്യുന്നു. ചിറകു മുററുമ്പോൾ ഈ സമൎത്ഥൻ "കൂഹൂ, കൂഹൂ" എന്നു കാക്കകളെ പരിഹസിച്ചുകൊണ്ടു് പറന്നുകളയുന്നു.

## അഭ്യാസം

1. താഴെക്കാണുന്ന വാക്കുകൾക്കു പകരം ഈ പാഠത്തിൽനിന്നു പഠിച്ച വാക്കുകൾ എഴുതുക:—
   (1) വിരോധി=
   (2) തന്റെ കൂട്ടത്തിൽപ്പെട്ടവരോടുള്ള സ്നേഹം=
   (3) ദയ തോന്നത്തക്ക=
   (4) മൂക്കിലെ ദ്വാരങ്ങൾ=
   (5) മോഷ്ടിക്കുക=
   (6) ചുററുമുള്ള സ്ഥലം =
   (7) ശരീരം=

2. വരയിട്ട സ്ഥലത്ത്' എന്താണ്' എഴുതേണ്ടത്'?—
കുയിൽ "— —" എന്നു കൂവുന്നു.
കാക്ക "— —" എന്നു കരയുന്നു.

3. (i) കാക്കയെക്കൊണ്ട്' മനുഷ്യർക്ക്' എന്താണ്' ഉപകാരം?
(ii) മനുഷ്യരെക്കൊണ്ട്' കാക്കയ്ക്ക്' എന്താണ്' ഉപകാരം?

---

പാഠം 3

# നബിയുടെ ദയ

അറേബ്യയിൽ മക്ക എന്നു പ്രസിദ്ധമായ ഒരു നഗരമുണ്ട്'. അവിടെ വളരെക്കാലം മുമ്പ്' ഒരു ദിവസം ഒരു ഉത്സവം ആഘോഷിക്കയായിരുന്നു. നഗരം മുഴുവൻ ഉത്സവത്തിന്' അണിഞ്ഞൊരുങ്ങി. എവിടെയും ഉത്സാഹവും സന്തോഷവും കാണാമായിരുന്നു. തെരുവുകളിൽ കുഞ്ഞുങ്ങൾ ആർത്തുവിളിച്ച്' ഓടിച്ചാടിക്കളിച്ചു. മോടിയായി ഉടുത്തൊരുങ്ങി ആളുകൾ പള്ളിയിലേയ്ക്കു പൊയ്ക്കൊണ്ടിരുന്നു.

അന്ന്' ഈ ആഘോഷങ്ങളിലെങ്ങും പങ്കുകൊള്ളാത്ത ഒരു പാവപ്പെട്ട കുട്ടിയുണ്ടായിരുന്നു. ആ പെരുന്നാളിൽപ്പോലും അവന്' വയർ

നിറയെ ആഹാരം കിട്ടിയില്ല. അവനു് ഉടു
ക്കാൻ ഒരു കീറത്തുണി മാത്രമേ ഉണ്ടായിരു
ന്നുള്ളൂ. പള്ളിയിലേയ്ക്കുപോയ ആളുകളെ
നോക്കിക്കൊണ്ടു് അവൻ വഴിയരികിലിരുന്നു.
അവർ അണിഞ്ഞിരുന്ന വസ്ത്രങ്ങൾക്കു് എന്തു
ഭംഗി! കുഞ്ഞുങ്ങളുടെ ഉടുപ്പുകൾക്കു് എന്തു
നിറം! എന്തു തിളക്കം! തന്റെ ദാരിദ്ര്യമോർത്തു്
അവൻെറ മുഖം വാടി; കണ്ണുകൾ നിറഞ്ഞു.
അവൻ അവിടെ അങ്ങനെ ഇരിക്കുമ്പോൾ
മുഹമ്മദു നബി കൂട്ടരുമൊത്തു് ആ വഴി വന്നു.
അദ്ദേഹം ആ പാവപ്പെട്ട കുട്ടിയുടെ അടുത്തു
ചെന്നു് വാത്സല്യപൂർവ്വം തലോടിക്കൊണ്ടു്
ചോദിച്ചു:—

"കുഞ്ഞേ എന്താണു നിൻെറ മുഖം വാടി
യിരിക്കുന്നതു്? ഇന്നു പെരുന്നാളല്ലേ? നീ
കുളിക്കയോ ഉടുപ്പു മാറുകയോ ഒന്നും ചെയ്തി
ല്ലല്ലോ!"

കുട്ടി:—എനിക്കു് ഉടുപ്പു് ഒന്നും ഇല്ല.
തരാനും ആരുമില്ല. അമ്മയുമില്ല, അച്ഛനുമില്ല.

ഇത്രയും പറഞ്ഞപ്പോൾ ആ കുട്ടി കരഞ്ഞു
പോയി. അതുകണ്ടു് നബിയുടെ മനസ്സലിഞ്ഞു.
അദ്ദേഹം ദയാപൂർവ്വം അവനോടു പറഞ്ഞു:—
"അച്ഛനും അമ്മയും ഇല്ലെന്നു നീ ദുഃഖിക്കേണ്ട.
ഇന്നുമുതൽ ഞാനാണു നിന്റെ അച്ഛൻ. എന്റെ
ഭാര്യ ആയിഷ നിന്റെ അമ്മയും. നിന്റെ സങ്കടം
കണ്ടുകൊണ്ടു് ഞാൻ എങ്ങനെ പെരുന്നാൾ
ആഘോഷിക്കും?"

നബി ആ കുട്ടിയെ കൂട്ടിക്കൊണ്ടു് വീട്ടിലേയ്ക്കു തിരിച്ചുപോയി. കഥയൊക്കെ അദ്ദേഹം ആയിഷയോടു പറഞ്ഞു. അവർ വാത്സല്യത്തോടുകൂടി ആ കുഞ്ഞിനെ കുളിപ്പിച്ചു് വയറു നിറയെ ആഹാരം കൊടുത്തു. ഭംഗിയുള്ള വസ്ത്രങ്ങളും അണിയിച്ചു. അവൻെറ മുഖത്തു് ആനന്ദം തെളിഞ്ഞു. മുഹമ്മദിനും അളവററ ആനന്ദമുണ്ടായി. അദ്ദേഹം കുഞ്ഞിനെ തോളിലേററിക്കൊണ്ടു് ഇങ്ങനെ പറഞ്ഞു :—

"ആയിഷേ, എന്തൊരു നല്ല പെരുന്നാളാണിന്നു്! ഈ മകന്റെ സന്തോഷം എന്നെ എത്ര മാത്രം ആനന്ദിപ്പിക്കുന്നുവെന്നോ! ഇവനെയും കൊണ്ടാണു് ഇന്നു ഞാൻ പള്ളിയിലേയ്ക്കു പോകുന്നതു്."

മഹാനായ നബി ആ കുഞ്ഞിനേയും തോളിൽ ഇരുത്തിക്കൊണ്ടു് പള്ളിയിലേയ്ക്കു തിരിച്ചു. ഇതു കണ്ടവരെല്ലാം നബിയുടെ ദയയെ പുകഴ്ത്തി.

## അഭ്യാസം

1. (i) താഴെക്കാണുന്നവയ്ക്കു പകരം ഈ പാഠത്തിൽനിന്നും പഠിച്ച വാക്കുകൾ എഴുതുക :—

വാത്സല്യത്തോടുകൂടി=

ദയവോടുകൂടി=

(വാത്സല്യപൂർവ്വം, ദയാപൂർവ്വം എന്ന വാക്കുകൾ ഓർമ്മിക്കുക.)

(ii) ഇതുപോലെ താഴെക്കാണുന്ന ഓരോന്നിനും പകരം ഒററവാക്കു് എഴുതുക :—

ആദരവോടുകൂടി=
ബഹുമാനത്തോടുകൂടി=
വിനയത്തോടുകൂടി=
സ്നേഹത്തോടുകൂടി=

2. പട്ടണം, ദുഃഖം എന്നീ വാക്കുകൾക്കു പകരം നിങ്ങൾ പഠിച്ചിട്ടുള്ള വാക്കുകൾ എഴുതുക.

3. വിട്ടുകളഞ്ഞ അക്ഷരം ചേർക്കുക :—
വാ—ല്യം ; ദാരി—. ; ആ—ഷം.

4. (i) ഏതു പട്ടണത്തിൽ നടന്ന കഥയാണിതു് ?
(ii) ആ കുട്ടി കരഞ്ഞതെന്തിനു് ?
(iii) നബി കുട്ടിയുടെ സങ്കടം എങ്ങനെയാണു തീർത്തതു് ?

5. ആ പാവപ്പെട്ട കുട്ടിക്കു് ഈ പാഠത്തിൽ ഒരു പേരു കൊടുത്തിട്ടില്ല. നിങ്ങൾക്കു ഒരു പേരിടാമോ ?

---

പാഠം 4

# പൂമ്പാററ

കുട്ടി:—ഈ വല്ലിയിൽനിന്നു ചെമ്മേ—പൂക്കൾ
പോവുന്നിതാ പറന്നമ്മേ !

അമ്മ:—തെററി നിനക്കുണ്ണീ, ചൊല്ലാം—നൽപ്പൂ-
മ്പാററകളല്ലേയിതെല്ലാം ?

കുട്ടി:—മേല്ക്കുമേലിങ്ങിവ പൊങ്ങി—വിണ്ണിൽ
നോക്കമ്മേ, യെന്തൊരു ഭംഗി !



അയ്യോ! പോയ്ക്കൂടിക്കളിപ്പാൻ—അമ്മേ
വയ്യേയെനിക്കു പറപ്പാൻ!

അമ്മ:—ആകാത്തതിങ്ങനെയെണ്ണി—ചുമ്മാ
മാഴ്കൊല്ലേയെന്നോമലുണ്ണി!
പിച്ച നടന്നു കളിപ്പൂ—നീയി-
പ്പിച്ചകമുണ്ടോ നടപ്പൂ?

കുട്ടി:—അമ്മട്ടിലായതെന്തെന്നാൽ—ഞാനൊ-
രുമ്മതരാമമ്മ ചൊന്നാൽ.

അമ്മ:—നാമിങ്ങറിയുവതല്പം—എല്ലാ-
മോമനേ, ദൈവസങ്കല്പം.

[എൻ.കുമാരനാശാന്റെ "പുഷ്പവാടി" എന്ന കൃതിയിലുള്ള "കുട്ടിയും തള്ളയും" എന്ന കവിതയാണ് "പൂമ്പാറ്റ" എന്ന പേരോടുകൂടി മുകളിൽ ഉദ്ധരിച്ചിരിക്കുന്നത്.]

### അഭ്യാസം

1. ഈ പാഠം നിങ്ങൾ അഭിനയിക്കണം. ഇതിലെ വരികൾ തന്നെ ചൊല്ലണം.
2. ഈ കവിത താരാട്ടുമട്ടിലാണ്. കുഞ്ഞുങ്ങളെ പാടി ഉറക്കാൻ പററിയ മട്ടാണിതു്. ഇതു പോലെ മററു വല്ല താരാട്ടുകളും നിങ്ങൾ പഠിച്ചിട്ടുണ്ടോ ?
3. അമ്മയ്ക്കു കുഞ്ഞിനോടു് വലിയ വാത്സല്യമാണ്. എന്തെല്ലാം പറഞ്ഞാണ് കുഞ്ഞിനെ വിളിക്കുന്നതു് ? (ഉണ്ണീ, ഓമനേ.)
4. നിങ്ങൾക്കു ചിറകുണ്ടായിരുന്നെങ്കിൽ നിങ്ങൾ എന്തൊക്കെ ചെയ്യുമായിരുന്നു ?

---

പാഠം 5


# വേണ്ടതു വേണ്ടപ്പോൾ തോന്നണം

അബ്ദുള്ളയ്ക്കു് പത്തുപന്ത്രണ്ടു വയസ്സേ ആയിട്ടുള്ളു. എങ്കിലും അവൻ ഇന്നൊരു കച്ചവടക്കാരനാണ്. അച്ഛനു സുഖമില്ലാത്തതു കൊണ്ടു് അവനാണ് തൊപ്പി വില്ക്കാൻ പോകുന്നതു്. അഞ്ചാറു ദിവസമേ ആയുള്ളു അവൻ തൊപ്പിക്കച്ചവടത്തിൻെറ ചുമതല ഏററിട്ടു്. അതിനിടയ്ക്കു് അവൻ 'മിടുക്കൻ മുതലാളി' എന്നൊരു പേരും സമ്പാദിച്ചു.

അന്നു് അവൻ ഒരു നല്ല തൊപ്പി തിരഞ്ഞെടുത്തു് തലയിൽ വച്ചു; തൊപ്പിക്കുട്ട ചുമലിലേററി; പതിവുപോലെ ചന്തയിലേക്കു യാത്രയാവുകയും ചെയ്തു. കുറച്ചുദൂരം ചെന്നപ്പോൾ അവൻ ഇങ്ങനെ ആലോചിച്ചു:— "എന്നും അഞ്ചും ആറും തൊപ്പി തിരിച്ചു കൊണ്ടുപോരാറുണ്ടു്. ഇന്നു് അതു പാടില്ല. എല്ലാം വില്ക്കണം. അതുകൊണ്ടു് ആ പുതിയ വഴിയേ പോകണം. അല്പം വളഞ്ഞ വഴിയാണു്; ദൂരവും കൂടുതലുണ്ടു്. എങ്കിലും സാരമില്ല. മൂന്നുനാലെണ്ണം ആ വഴിക്കു വില്ക്കാൻ കഴിഞ്ഞേയ്ക്കും."

"തൊപ്പീ, തൊപ്പിവേണോ തൊപ്പീ" എന്നു നീട്ടിവിളിച്ചുകൊണ്ടു് അബ്ദുള്ള പുതിയ വഴിയിൽക്കൂടി നടന്നു. പൊരിയുന്ന വെയിൽ. കടുത്ത ദാഹം. അവൻ കൂട്ടാക്കിയില്ല. കുറച്ചു കൂടി നടന്നപ്പോൾ വഴിയരികിൽ ഒരു ആൽമരവും അല്പം അകലെ ഒരു നീരുറവും കണ്ടു. അവന്നു് ആശ്വാസമായി. തൊപ്പിക്കുട്ടയെടുത്തു് ആലിൻചുവട്ടിൽ വച്ചിട്ടു് അവൻ ഉറവിലേയ്ക്കു നടന്നു. അവിടെയെത്തി വെള്ളം കുടിക്കാൻ തുടങ്ങിയതേയുള്ളു, പുറകിലൊരു ബഹളം. അവൻ തിരിഞ്ഞുനോക്കി. എന്താണവിടെക്കണ്ടതു്! അവൻ തളർന്നുപോയി. തൊപ്പിയണിഞ്ഞ കുറേ കുരങ്ങന്മാർ വൃക്ഷത്തിലേക്കു തുരുതുരാ കയറുകയാണു്. അവൻ ഓടിച്ചെന്നു. കുട്ടയിൽ ഒരൊററ തൊപ്പിപോലുമില്ല! അവന്നു കോപം വന്നു. അതിനോടൊപ്പം ദുഃഖവും. എന്തുചെയ്യും? എത്ര രൂപയാണു

നഷ്ടം വന്നതു്! എങ്ങനെയെങ്കിലും തൊപ്പി തിരിച്ചു കിട്ടണം. അതിന് ഒരു ഉപായവും തോന്നിയില്ല.



അവൻ മേല്പോട്ടു നോക്കി. കുരങ്ങന്മാർക്കു് ഉത്സവം തന്നെ. തൊപ്പിയണിഞ്ഞുകൊണ്ടു് എട്ടുപത്തെണ്ണം അങ്ങോട്ടുമിങ്ങോട്ടും ചാടുന്നു; ചിലർ തൊപ്പി കടിച്ചുനോക്കുന്നു; ചിലർ മണ

പ്പിച്ചു നോക്കുന്നു. ആകെക്കൂടി വലിയ ബഹളം. പാവം! കൊച്ചു മുതലാളി എന്തു ചെയ്യാനാണ്? "ഇട്ട്, ഇവിടെ, തൊപ്പി ഇടാനല്ലേ പറഞ്ഞത്!" എന്നൊക്കെ ശക്തിയായിപ്പറഞ്ഞുനോക്കി. ആരു കേൾക്കാനാണ്! "ശ്രൂ, ശ്ശീ" എന്നൊക്കെ ഒച്ചവച്ചു. അവരും അതുപോലെ ശബ്ദിച്ചതേയുള്ളു. അവൻ ഇണക്കത്തിൽ കൈ കാട്ടി വിളിച്ചുനോക്കി. അവരും അവനെ കൈ കാട്ടി വിളിച്ചു. അവൻ ഉച്ചത്തിൽ കൈകൊട്ടി. അവരും അവനെപ്പോലെ കൈകൊട്ടി. ഇതു കണ്ട് അവൻ ചിരിച്ചുപോയി. അപ്പോൾ കുരങ്ങന്മാരും അവനെ നോക്കി ഇളിച്ചു. അവനു കലിവന്നു. "തൊപ്പി എടുത്തതും പോരാ ഗോഷ്ടികാണിക്കുകയും വേണം, അല്ലേ?" എന്ന് അവൻ അലറി.

എന്തു ചെയ്യാനാണ്? അവൻ കോപം അടക്കി ആലോചിച്ചു:—"ഞാൻ കാണിക്കുന്നതു പോലെ അവരും കാണിക്കുന്നല്ലോ. അപ്പോൾ തൊപ്പി എറിഞ്ഞാൽ അവരും എറിഞ്ഞേയ്ക്കും. നോക്കിക്കളയാം."

ഇങ്ങനെ വിചാരിച്ച് ആ കൊച്ചു മിടുക്കൻ തൊപ്പി പൊക്കി കുരങ്ങന്മാരെ എറിഞ്ഞു. അത്ഭുതം! അവരും തുരുതുരാ എന്ന് തൊപ്പികൾ അവന്റെ നേരെ എറിഞ്ഞു. തറയിൽ വീഴാത്ത താമസം അവൻ പെറുക്കി എടുക്കാൻ. ഒരൊററത്തൊപ്പിപോലും നഷ്ടം വന്നില്ല. അവന്റെ സന്തോഷത്തിന് അതിരില്ലായിരുന്നു.

നിവൃത്തി നിന്നു് കരങ്ങന്മാരെ നോക്കി ഒരു സലാം കൊടുത്തിട്ടു് അവൻ സ്ഥലം വിട്ടു.

കണ്ടോ, അവന്റെ സാമർത്ഥ്യം!

## അഭ്യാസം

1. താഴെക്കാണുന്നവയ്ക്കുപകരം ഈ പാഠത്തിൽ നിന്നും പഠിച്ച വാക്കു് എഴുതുക :—

   മിടുക്കു് =

   സൂത്രം =

2. വരയിട്ടിട്ടുള്ള സ്ഥാനത്തു് ചേർക്കേണ്ട അക്ഷരം എഴുതുക :—

   [ച്ച, ശ്ച എന്നീ അക്ഷരങ്ങളിൽനിന്നു വേണം തിരഞ്ഞെടുക്കാൻ.]

   അ — ൻ ; നി — യിച്ചു.

3. 'ശ്ച' എന്ന അക്ഷരമുള്ള രണ്ടുവാക്കു് എഴുതുക. 'ഷ്ട' ചേർന്ന എത്രവാക്കുകൾ നിങ്ങൾക്കറിയാം? എഴുതിനോക്കുക.

4. അബ്ദുള്ളയ്ക്കു് കരങ്ങന്മാരിൽനിന്നു് തൊപ്പി തിരിച്ചുകിട്ടിയതു് എങ്ങനെ?

---

പാഠം 6

# ആട്

മനുഷ്യർ പല മൃഗങ്ങളെ വളർത്തിവരുന്നുണ്ടല്ലോ. ഇങ്ങനെയുള്ള വളർത്തു മൃഗങ്ങളിൽ ഒന്നാണ് ആട്. കാളയും നായും കുതിരയും വളർത്തു മൃഗങ്ങൾതന്നെ. ഓരോ മൃഗത്തെയും ഓരോ ഉപയോഗത്തിനുവേണ്ടിയാണ് മനുഷ്യർ വളർത്തുന്നത്.



ആടിനെ ഒററയായും പററമായും വളർത്താറുണ്ട്. ആകൃതിയിലും പ്രകൃതിയിലും ശാന്തമായ ഈ ജന്തു മനുഷ്യരോട് വളരെ ഇണങ്ങുന്നു.

പശു ഇരട്ടക്കുളമ്പുള്ള ജീവിയാണ്. ആടിനും ഇരട്ടക്കുളമ്പാണ് ഉള്ളത്. കുതിര

ഒററക്കുളമ്പുള്ള മൃഗം ആണ്. ആടിൻെറ ദേഹം മുഴവനും തടിച്ച നീണ്ട രോമംകൊണ്ടു മൂടിയിരിക്കും. അതിൻെറ കൊമ്പ് കുറിയതും ചെവി നീണ്ടതുമാണ്. കാലുകൾ ചെറുതെങ്കിലും ബലമുള്ളതാണ്. ആടിന് എവിടെയും തുള്ളിച്ചാടി നടക്കാം. പൊക്കമുള്ള പ്രദേശങ്ങളിൽ അതിന് അതിവേഗത്തിൽ കേറിയിറങ്ങാം. കാലിന് അതിനുവേണ്ട കരുത്തുണ്ട്.

ആടുകൾ പലതരം ഉണ്ട്. നമ്മുടെ നാട്ടിൽ സാധാരണമായി കണ്ടുവരുന്ന ഇനങ്ങൾ കോലാട്, ചെമ്മരിയാട് എന്നിവയാണ്. ഇവയിൽ കോലാടിൻെറ പാൽ മാത്രമേ കുടിക്കാ



റുള്ളു. ചെമ്മരിയാടിൻെറ രോമംകൊണ്ടാണ് നമുക്ക് അധികം പ്രയോജനം. കമ്പിളിത്തുണികൾ ചെമ്മരിയാടിൻെറ രോമംകൊണ്ട് ഉണ്ടാക്കുന്നവയാണ്. പ്രസിദ്ധമായ കാശ്മീർ സാൽവയും മററും ഈ രോമംകൊണ്ടാണ് നിമ്മി

ക്കുന്നതു്. ചെമ്മരിയാടിന്റെ കൊമ്പുകൾക്കു് ഒരു പ്രത്യേകതയുണ്ടു്—അവ നീണ്ടു് പിരിഞ്ഞിരിക്കും.

ആടുകൾ മിക്ക ഇലകളും തിന്നും. എങ്കിലും പ്ലാവിലയോടാണു് അവയ്ക്കു് ഏററവും ഇഷ്ടം. ആടു് ഔഷധശക്തിയുള്ള ഇലകൾ തിന്നുന്നതുകൊണ്ടായിരിക്കണം, ആട്ടിൻ പാലിനു് ഗുണം കൂടുതലുള്ളതു്. മേഞ്ഞു നടക്കാൻ മൈതാനങ്ങളും മേടുകളും വേണ്ടുവോളമില്ലാത്ത നാടുകളിൽ വളർത്തുന്ന ആടുകൾക്കു്, പച്ചിലകൾക്കു പുറമേ പിണ്ണാക്കു്, തവിടു്, കടല മുതലായവയും കൊടുക്കാറുണ്ടു്.

ആട്ടിൻപാൽ നല്ല ആഹാരപദാർത്ഥമാണു്. ആടിന്റെ മാംസവും ചിലർ ഭക്ഷിക്കാറുണ്ടു്. ആട്ടിൻതോലുകൊണ്ടു് ചെരിപ്പും പെട്ടിയും മററും ഉണ്ടാക്കിവരുന്നു.

ആടിന്റെ ഗർഭകാലം അഞ്ചു മാസമാണു്. ഓരോ പ്രസവത്തിലും രണ്ടും മൂന്നും കുട്ടികൾ ഉണ്ടായിരിക്കും. ചെറിയ കുട്ടികൾ തള്ളയുടെ പാൽ കുടിച്ചു വളരുന്നു. ആട്ടിൻ കുട്ടികൾ പ്രസരിപ്പോടെ തുള്ളിച്ചാടി നടക്കുന്നതും കളിക്കുന്നതും കാണാൻ എന്തൊരു കൗതുകമാണു്!

നല്ലതരം ആടുകൾ ഏററവും അധികമുള്ളതു് ആസ്ട്രേലിയയിലാണു്. അവിടെ പരിഷ്കൃതമായ രീതിയിൽ അവയെ വളർത്തിപ്പോരുന്നു. നമ്മുടെ ആടുകൾ അവയേക്കാൾ പാലു കുറഞ്ഞ

വയാണ്. നമ്മുടെ രാജ്യത്തിൽത്തന്നെ ഉത്തരേന്ത്യയിലെ ആടുകൾ ദക്ഷിണേന്ത്യയിലുള്ളവയെക്കാൾ പാലും മാംസവും കൂടിയവയാകുന്നു. ഇപ്പോൾ പരിഷ്കൃതരീതിയിൽ ആടിനെ വളർത്താനുള്ള ശ്രമം ഇവിടെ തുടങ്ങിയിട്ടുണ്ട്.

## അഭ്യാസം

1. കേട്ടെഴുത്തിനുള്ള വാക്കുകൾ :—

| | |
|---|---|
| മൃഗങ്ങൾ | പ്രസിദ്ധം |
| ആകൃതി | പ്രത്യേകത |
| പ്രകൃതി | പ്രസരിപ്പ് |
| പരിഷ്കൃതം | ശ്രമം |
| പ്രദേശം | മൈതാനം |
| പ്രയോജനം | ഔഷധശക്തി |

2. താഴെ എഴുതുന്ന വാക്കുകൾക്കു പകരം ഈ പാഠത്തിൽനിന്നു പഠിച്ച വാക്കുകൾ എഴുതുക :—

ഇറച്ചി =
വേണ്ടിടത്തോളം =
ഭക്ഷിക്കാനുള്ള സാധനം =
ചൊടി =
രുചി =
പരിഷ്കരിച്ച രീതി =

3. (i) നാലു വളർത്തുമൃഗങ്ങളുടെ പേര് എഴുതുക.
(ii) ആടിനെ വളർത്തുന്നതെന്തിന് ?

പാഠം 7

# പാണ്ടനും കാടനും വെള്ളവും

പാണ്ടൻനായുടെ പല്ലിനു ശൗര്യം
പണ്ടേപ്പോലെ ഫലിക്കുന്നില്ല.

പണ്ടിവനൊരു കടിയാലൊരു പുലിയെ-
ക്കണ്ടിച്ചതു ഞാൻ കണ്ടറിയുന്നേൻ.

കാടൻനായും കാട്ടിൽ വരുമ്പോൾ
കോളല്ലാതൊരു പേടി തുടങ്ങും.

വീട്ടിൽ വരുന്നവരെപ്പലരെക്കടി-
ക്കൂട്ടിയ ചണ്ടക്കാരനെ ഞാനൊരു

കൂട്ടിലതാക്കി ച്ചങ്ങലയിട്ടഥ
പൂട്ടിപ്പിന്നെക്കഞ്ഞി കുടിക്കും.

വെള്ള, വാ, വാ, യെന്നു വിളിച്ചാൽ
തൊള്ള തുറന്നു പറന്നു വരും താൻ.

കള്ളനു തുള്ളിക്കഞ്ഞികൊടുപ്പാ-
നുള്ളൊരുപായം കാണ്മാനില്ല.

കിരാതം തുള്ളൽ]                    [കുഞ്ചൻ നമ്പ്യാർ

അഭ്യാസം

1. പാണ്ടൻനായുടെ പണ്ടത്തെ നിലയെന്തായിരുന്നു? ഇപ്പോഴത്തെ നിലയെന്താണ്? 'കാട'ന്റ് കാട്ടിലോ വീട്ടിലോ ശൗര്യം?

2. കൂട്ടിച്ചേൎക്കുക :—

ചങ്ങല + ഇട്ട് + അഥ

തുള്ളി + കഞ്ഞി

കൊടുപ്പാൻ + ഉള്ള + ഒരു + ഉപായം

3. ചണ്ടക്കാരൻ = ശണ്ഠക്കാരൻ.

---

പാഠം 8

## വാക്കു പാലിച്ചില്ലെങ്കിൽ!

കിട്ടപ്പണിക്കർ ഒരു വലിയ കൊപ്രാക്കച്ചവടക്കാരനാണ്. ഒരു ദിവസം രാവിലെ അയാൾ കമ്പോളത്തിലേക്കു തിരിച്ചു. കീശയിൽ ഒരു പണസ്സഞ്ചിയും ഉണ്ടായിരുന്നു. വ്യാപാരത്തിനു പോവുകയല്ലേ, കയ്യിൽ ധാരാളം പണം കരുതണമല്ലോ.

കമ്പോളത്തിൽ ചെന്നപ്പോൾ പണിക്കർ കീശയിൽ തപ്പിനോക്കി. പണസ്സഞ്ചി കാണുന്നില്ല! അതു് എങ്ങനെയോ കളഞ്ഞുപോയി. പാവം, കച്ചവടക്കാരൻ എന്തുചെയ്യും! അയാൾ കരഞ്ഞുപോയി. അയാൾ പല സ്ഥലത്തും അന്വേഷിച്ചു. ഫലമുണ്ടായില്ല.

ഒടുവിൽ ആ വ്യാപാരിക്ക് ഒരു ബുദ്ധി തോന്നി. അയാൾ തെരുവിലൂടെ നടന്ന് വിളിച്ചു

പറഞ്ഞു:—"ആർക്കെങ്കിലും ഒരു പണസ്സഞ്ചി കിട്ടിയിട്ടുണ്ടോ? രണ്ടായിരം രൂപയുള്ള പണസ്സഞ്ചി. കണ്ടെടുത്തു തരുന്നവർക്ക് ആയിരം രൂപ സമ്മാനം!" കേട്ടവർ കേട്ടവർ അതു് അന്വേഷിച്ചുതുടങ്ങി.

ഒരു പാവപ്പെട്ട തൊഴിലാളിക്കാണ് പണസ്സഞ്ചി കിട്ടിയതു്. അയാളും കേട്ടു, പണിക്കാരുടെ വിളി. പാവത്തിനു സന്തോഷമായി. ആയിരം രൂപയല്ലേ കിട്ടാൻ പോകുന്നതു്!

അയാൾ ആ വ്യാപാരിയുടെ അടുത്തെത്തി ഇങ്ങനെ പറഞ്ഞു:—" മുതലാളീ, പണസ്സഞ്ചി കിട്ടി. എന്റെ പക്കൽ ഉണ്ടു്. അതങ്ങു തന്നേക്കാം. വാഗ്ദാനം ചെയ്ത സമ്മാനം തരാമോ?"

വ്യാപാരിക്ക് അതിരില്ലാത്ത സന്തോഷം തോന്നി. എന്നാൽ സമ്മാനം കൊടുക്കണമല്ലോ. അതും കുറച്ചുവല്ലതുമാണോ? ആയിരം രൂപ! അതോർത്തപ്പോൾ സങ്കടവും തോന്നി. പണം കൊടുക്കാതിരിക്കാനുള്ള മാർഗ്ഗത്തെപ്പററി അയാൾ ആലോചിച്ചു. പെട്ടെന്ന് അയാൾക്ക് ഒരു ബുദ്ധി തോന്നി. അയാൾ തൊഴിലാളിയോടു പറഞ്ഞു:— "എടോ, അതിൽ രണ്ടായിരം രൂപ മാത്രമല്ല, ഒരു മോതിരവും കൂടിയുണ്ടായിരുന്നു. എല്ലാം കൂടി തരാമെങ്കിൽ ഞാൻ വാക്കു പാലിക്കാം". മോതിരത്തിന്റെ കഥ കേൾക്കുമ്പോൾ ആ പാവം പേടിച്ച് പൊയ്ക്കൊള്ളുമെന്നായിരുന്നു വ്യാപാരി വിചാരിച്ചതു്.

തന്നെ ചതിക്കാൻ എടുത്ത അടവാണതു് എന്നു് തൊഴിലാളിക്കു മനസ്സിലായി. സഞ്ചിയിൽ മോതിരം ഇല്ലല്ലോ. ആ പാവം പലതും പറഞ്ഞുനോക്കി. തന്നെ ചതിക്കരുതു് എന്നു് അപേക്ഷിച്ചു. വ്യാപാരിയുണ്ടോ വിടുന്നു? കേസിന്നു പോകുമെന്നായി അയാൾ. വാശിയായി, വാക്കേററമായി. ഒടുവിൽ രണ്ടുപേരും കൂടി നാട്ടുപ്രമാണിയുടെ അടുത്തെത്തി.



നീതിമാനായിരുന്നു ആ നാട്ടുപ്രമാണി. അദ്ദേഹം, അവർ പറഞ്ഞതു മുഴവൻ ശ്രദ്ധിച്ചുകേട്ടു. മോതിരത്തെപ്പററി പണിക്കരോടു

പലതും ചോദിച്ചു. സഞ്ചിയിൽ മോതിരം ഉണ്ടായിരുന്നു എന്നു പറഞ്ഞതു കളവാണെന്നു് അദ്ദേഹത്തിനു തീർച്ചയായി. വാഗ്ദാനം നിറവേററാത്ത വ്യാപാരിയെ ഒരു പാഠം പഠിപ്പിക്കണമെന്നു് അദ്ദേഹം നിശ്ചയിച്ചു. എന്നിട്ടു് തൊഴിലാളിയോടു് ഇങ്ങനെ പറഞ്ഞു:—"എടോ, ഈ സഞ്ചിയിൽ മോതിരം ഇല്ലല്ലോ. അതുകൊണ്ടു് ഇതു് വ്യാപാരിയുടേതല്ല. വേറെ ആരോ ആണു് ഇതിന്റെ ഉടമസ്ഥൻ. താൻ കണ്ടെടുത്തതല്ലേ ? ഇതു് തന്റെ പക്കൽത്തന്നെ ഇരുന്നോട്ടെ. മുപ്പതു ദിവസത്തിനകം ഉടമസ്ഥൻ വന്നാൽ ഇതു് തിരിച്ചുകൊടുക്കണം. അങ്ങനെ വന്നില്ലെങ്കിൽ ഇതു് താൻതന്നെ എടുത്തുകൊള്ളു."

തിരുമാനംകേട്ടു് വ്യാപാരി ഞെട്ടിപ്പോയി. ലജ്ജയും ദുഃഖവുംകൊണ്ടു് അയാളുടെ തല കുനിഞ്ഞുപോയി. "കഷ്ടം, വാക്കുപാലിച്ചാൽ മതിയായിരുന്നു. ചതിക്കാൻ നോക്കിയതുകൊണ്ടു് കയ്യിൽ കിട്ടിയതും നഷ്ടമായല്ലോ"—ഇങ്ങനെ വിചാരിച്ചുകൊണ്ടു് അയാൾ അവിടെനിന്നു് ഇറങ്ങിപ്പോയി.

### അഭ്യാസം

1. വരയിട്ടിട്ടുള്ള സ്ഥാനത്തു് ക്ക, സ്ഥ, നേ, ദ, ജ്ജ, ഢി എന്നിവയിൽനിന്നു് യോജിക്കുന്ന ഒരക്ഷരം തിരഞ്ഞെടുത്തു് എഴുതുക :—

    കൊപ്രാ—ച്ചവടം ; വാ—ാനം.
    ഉടമ—ൻ ; അ—ഷിക്കുക.
    ല— ; ബു—.

2. പഠിച്ച വാക്കു് പകരം എഴുതുക :—

കച്ചവടക്കാരൻ=
തിരക്കുക=
തൊഴിൽ ചെയ്യുന്നവൻ=
വാക്കു കൊടുക്കുക=
ന്യായം ചെയ്യുന്നവൻ=

3. വിപരീതപദം എഴുതുക :—

വാങ്ങിക്കുക ×
നഷ്ടം ×
നീതി ×

4. (1) വ്യാപാരി എന്തു ചതി ചെയ്യാനാണു് ഒരുങ്ങിയതു് ?

(2) നാട്ടുപ്രമാണി അയാളെ എങ്ങനെ ശിക്ഷിച്ചു ?

---

പാഠം 9

# വിളക്കുകൾ


നമുക്കു് വളരെ ആവശ്യമുള്ള ഉപകരണങ്ങളിൽ ഒന്നാണു വിളക്കു്. എല്ലാ വീടുകളിലുമുള്ള വിളക്കുകൾ ഒരേ തരമായിരിക്കയില്ല. നഗരങ്ങളിലും അവയുടെ പരിസരങ്ങളിലും വൈദ്യുതവിളക്കുകൾ സാധാരണമാണു്. നാട്ടിൻപുറങ്ങളിൽ മണ്ണെണ്ണവിളക്കുകളാണു് അധികം. എണ്ണയൊഴിച്ചു കത്തിക്കുന്ന വിളക്കുകളും കാണും. ക്ഷേത്രങ്ങൾക്കകത്തു് എണ്ണയോ നെയ്യോ ഒഴിച്ചു

കത്തിക്കുന്ന വിളക്കുകളെ കാണുകയുള്ളു. പള്ളികളിൽ സാധാരണമായി മെഴുകുതിരിയാണു കത്തിക്കുന്നത്.

വിളക്കുകളുടെ രൂപം എന്തായാലും പ്രയോജനം ഒന്നുതന്നെയാണ്. വിളക്കുകൾ വെളിച്ചം തരുന്നു. വിളക്കില്ലാത്ത ഒരു രാത്രിയെപ്പററി വിചാരിച്ചു നോക്കുക. നിങ്ങൾക്കു പേടിയാവുന്നു, ഇല്ലേ? ഇരുട്ടിൽ ഒന്നും കാണാൻ സാധിക്കയില്ല. വസ്തുക്കളിൽ വെളിച്ചം തട്ടിയാലേ അവയെ നമുക്കു കാണാൻ കഴിയുകയുള്ളു. രാത്രിയിൽ പഠിക്കണമെങ്കിൽ വിളക്കുവേണം; ഉണ്ണണമെങ്കിൽ വിളക്കു വേണം; മിക്കവൊറുമുള്ള എല്ലാ ജോലികൾക്കും വിളക്കു കൂടിയേ തീരൂ. ഇരുട്ടിൽ ഒളിഞ്ഞുകിടക്കുന്ന ആപത്തുകളിൽ നിന്ന് അതു നമ്മെ രക്ഷിക്കുന്നു.

വിളക്കുകൾ ഇല്ലാതിരുന്ന ഒരു കാലത്തെപ്പററി നിങ്ങൾക്ക് വിചാരിക്കാൻ കഴിയുമോ? അങ്ങനെയും ഉണ്ടായിരുന്നു, ഒരു കാലം. അന്ന് അന്ധകാരത്തിൽ ചുററും ഇരുന്നും കിടന്നും ആളുകൾ രാത്രി കഴിച്ചുവന്നു. ഇന്നും ചില കാട്ടുവർഗ്ഗക്കാർ അങ്ങനെ രാത്രി കഴിച്ചുകൂട്ടുന്നുണ്ട്. രാത്രിയിൽ വല്ല സ്ഥലത്തും പോകേണ്ടിവരുമ്പോൾ അവർ ഒരു തീക്കൊള്ളിയോ ചൂട്ടോ എടുത്തുകൊണ്ടുപോകുന്നു. ചൂട്ട് ഉപയോഗിക്കുന്നവർ നാട്ടിൻപുറങ്ങളിലും കുറവല്ല.

എള്ള്, തേങ്ങ, നിലക്കടല, ഓടല്ലുരു, മരോട്ടിക്കുരു, ആവണക്കിൻകുരു മുതലായ


1
2
3
4
5
6

എണ്ണവിത്തുകൾ ആട്ടി എണ്ണ എടുക്കുവാൻ മനുഷ്യർ പഠിച്ചതോടെ വിളക്കുകളും ഉണ്ടായി. പല അവസരങ്ങളിൽ പല ആവശ്യങ്ങൾക്കായി മനുഷ്യർ പലതരം വിളക്കുകൾ നിർമ്മിച്ചു. ക്ഷേത്രങ്ങളിൽ ഇന്നും കാണാവുന്ന കല്ലുവിളക്കും മൺചിരാതും, വിളക്കിൻെറ പഴയ രൂപങ്ങളാണ്. ഓടുകൊണ്ടും ഇരുമ്പുകൊണ്ടുമുള്ള വിളക്കുകൾ പിൽക്കാലത്ത് ഉണ്ടാക്കാൻ തുടങ്ങി. ഓടുകൊണ്ടുള്ള ചങ്ങലവട്ടയും കവരവിളക്കും തൂക്കുവിളക്കും മാലവിളക്കും കുത്തുവിളക്കും നിലവിളക്കും നിങ്ങൾ കണ്ടിരിക്കും. അവയിൽ പലതും കാഴ്ചയ്ക്ക് വളരെ ഭംഗിയുള്ളവയാണ്.

ഇത്തരം വിളക്കുകൾ വീടിൻെറ ഉള്ളിൽ മാത്രമേ ഉപകരിക്കുകയുള്ളു. നല്ല കാററു തട്ടിയാൽ ഇവ അണഞ്ഞുപോകും. എത്ര ശക്തിയായ കാററിലും കെടാത്ത വിളക്കുകൾ ഉണ്ടാക്കാൻ കഴിഞ്ഞതു് മണ്ണെണ്ണ കണ്ടുപിടിച്ചശേഷമാണ്. മററുള്ള എണ്ണകളെക്കാൾ ഭാരം കുറവാണ് മണ്ണെണ്ണയ്ക്കു്. അതു് തിരിയിലൂടെ കത്തനെ മേല്പോട്ടു കയറിക്കൊള്ളും. ചിമ്മിനി വച്ച് അതിൻെറ നാളം കാററത്തു കെടാതെ നിർത്താം. നാം ധാരാളമായി ഉപയോഗിക്കുന്ന റാന്തൽ വിളക്കിന് വലിയ കാററത്തും അണയാതെ നില്ക്കാൻ കഴിയും. മണ്ണെണ്ണയ്ക്കു വില കുറവുമാണ്. ഇതെല്ലാമാണ് മണ്ണെണ്ണവിളക്കുകൾക്കുള്ള മെച്ചം. ചൂടുപിടിച്ചാൽ മണ്ണെണ്ണയിൽനിന്നു പുറപ്പെടുന്ന വാതകം നല്ലപോലെ കത്തും. 'പെട്രോമാക്സ്' വിളക്കിൽ കത്തുന്നതു്

ഇൗ 'ഗ്യാസ്' ആണ്. ഇൗ വിളക്കിന്റെ അടി
ത്തട്ടിൽ മണ്ണെണ്ണ ഒഴിച്ചു കാററടിച്ചാൽ എണ്ണ
മേല്പോട്ടു കയറും; ആ എണ്ണ ചൂടുകൊണ്ടു്
'ഗ്യാസ്' ആയിത്തീരും; ആ ഗ്യാസ് നല്ല
പ്രകാശത്തോടുകൂടി കത്തും. അതിന്റെ നിലാവു
പോലെയുള്ള വെളിച്ചം കണ്ണുകളെ ആനന്ദി
പ്പിക്കുന്നു.

വൈദ്യുതവിളക്കുകൾ കത്തുന്നതു് വിദ്യു
ച്ഛക്തികൊണ്ടാണ്. ഇൗ വിളക്കുകൾക്കു് ചൂടു
കുറവാണ്. പുക തിരെ ഇല്ല. വളരെ
എളുപ്പത്തിൽ അവയെ പ്രകാശിപ്പിക്കുകയും
അണയ്ക്കുകയും ചെയ്യാം. പല ആകൃതിയിലും
വലിപ്പത്തിലും വൈദ്യുതവിളക്കുകൾ ഉണ്ടാ
ക്കാം. വൈദ്യുതദീപങ്ങൾക്കു് നല്ല വെളിച്ച
മുണ്ടെന്നു മാത്രമല്ല, കത്തിക്കുന്നതിനു് ചെലവും
വളരെക്കുറവാണ്. അതിനാൽ ആ വിളക്കു
കൾ എല്ലാവരും ഇഷ്ടപ്പെടുന്നതിൽ അത്ഭുത
മുണ്ടോ ?

## അഭ്യാസം

1. കേട്ടെഴുത്തിനു് ഉപയോഗിക്കേണ്ട വാക്കുകൾ:—
   അഗ്നികുണ്ഡം; ആവശ്യം; വൈദ്യുതവിളക്കു്;
   വിദ്യുച്ഛക്തി; മണ്ണെണ്ണ; മനുഷ്യർ.
2. ഇൗ പാഠത്തിൽനിന്നും പഠിച്ച വാക്കു് എഴു
   തുക:—
   വിദ്യുച്ഛക്തികൊണ്ടു കത്തുന്ന ദീപം =
   വീട്ടിൽ ഉപകരിക്കുന്ന സാധനങ്ങൾ =
   ഗ്യാസ് =
   വിളക്കു് =
   ചുററുപാടുകൾ =
   തീച്ചൂള =

3. (1) വിളക്കുകൾകൊണ്ടുള്ള പ്രയോജനമെന്തു്?
(2) പെട്രോമാക്സ് കത്തുന്നതെങ്ങനെ?
(3) മണ്ണെണ്ണവിളക്കുകൾക്കുള്ള മെച്ചം എന്തു്?
(4) വിദ്യുച്ഛക്തിവിളക്കുകൾ നാം കൂടുതൽ ഇഷ്ടപ്പെടുന്നതെന്തുകൊണ്ടു്?
(5) വിളക്കില്ലാതിരുന്ന കാലത്തു് ആളുകൾ എങ്ങനെ കഴിഞ്ഞുകൂടിയിരുന്നു?

---

പാഠം 10

# മഴവില്ല്

വാർമഴവില്ലേ, വന്നാലും
വാനിൻ മടിയിലിരുന്നാലും!

കൺകുളിരുന്നു കാണുമ്പോൾ
കരൾ നോവുന്നു മായുമ്പോൾ.

ആരു നിനക്കീ നിറമേകി?
ആരു നിനക്കീ നില നൽകി?

എന്നെക്കൂടി വിളിക്കാമോ?
നിന്നുടെയരികെയിരുത്താമോ?

താഴത്തേയ്ക്കു വരുന്നില്ലേ?
തന്നെയിരുന്നാൽ മുഷിയില്ലേ?

ആരു നിനക്കൊരു കഥപറയാൻ,
ആരുണ്ടവിടെയൊരുമ്മ തരാൻ?

വന്നു കളിപ്പാൻ കൊതി തോന്നും
നിന്നുടെക്കൂടെയിവനെന്നും.
വാർമഴവില്ലേ മായല്ലേ!
അഴകിൻതെല്ലേ, പോകൊല്ലേ!

—ജി. ശങ്കരക്കുറുപ്പ്

## അഭ്യാസം

1. മഴവില്ലിൽ എത്ര വർണ്ണങ്ങൾ ഉണ്ട്? ആ വർണ്ണങ്ങൾ ഏതു ക്രമത്തിലാണ് ആകാശത്തിൽ കാണുന്നതു്? സൂക്ഷിച്ചുനോക്കി പറയണം.
2. കുഞ്ഞ് മഴവില്ലിനോട്ട് എന്താണു പറയുന്നതു്?
3. നിങ്ങൾക്ക് ഇതിൽ കൂടുതലായി എന്തെങ്കിലും മഴവില്ലിനോടു പറയാനുണ്ടോ? ഉണ്ടെങ്കിൽ അതു് ഇതുപോലെ രാഗത്തിൽ പറയണം—ഒന്നോ രണ്ടോ വരി മതി.
4. ചില പൂക്കൾക്ക് മൂന്നും നാലും നിറങ്ങൾ കാണും; ചില ചിത്രശലഭങ്ങൾക്കും പല വർണ്ണങ്ങൾ കാണും. അവയെക്കാണുമ്പോൾ ഏതെല്ലാം വർണ്ണങ്ങളാണ് അവയിലുള്ളതെന്നു് സൂക്ഷിച്ചുനോക്കണം.

---

പാഠം 11

# ഭീമനു് നല്ലൊരുണു്

നമ്മുടെ രാജ്യത്തിൻെറ തലസ്ഥാനമാണല്ലോ, ഡെൽഹി. വളരെക്കാലംമുമ്പു് ആ പ്രദേശത്തു് ഹസ്തിനപുരം എന്നൊരു നഗരം ഉണ്ടായിരുന്നു. ഹസ്തിനപുരത്തിലെ രാജകുമാരന്മാരായിരുന്നു പഞ്ചപാണ്ഡവന്മാർ. അവരുടെ ചെറുപ്പത്തിൽതന്നെ അച്ഛനായ പാണ്ഡു മരിച്ചുപോയി. വലിയച്ഛനായ ധൃതരാഷ്ട്രരാണു് അവരെ വളൎത്തിപ്പോന്നതു്. അദ്ദേഹത്തിന്നു് നൂറു മക്കളുണ്ടായിരുന്നു. ആ നൂററുവരും ഈ ഐവരും തമ്മിൽ കുട്ടിക്കാലംമുതല്ക്കേ കലഹം തുടങ്ങി. കുട്ടികൾ വളരുന്തോറും കലഹം മൂത്തുവന്നതേ ഉള്ളു. ഒടുവിൽ, അമ്മയായ കുന്തീദേവിയോടുകൂടി നാടുവിട്ടുപോന്നു്, ദൂരെ ഏകചക്ര എന്ന രാജ്യത്തു് പാണ്ഡവന്മാൎക്കു് ഒളിച്ചു താമസിക്കേണ്ടിവന്നു.

ബ്രാഹ്മണരെന്ന ഭാവത്തിൽ അവർ ഒരു ബ്രാഹ്മണഗൃഹത്തിൽ പാൎത്തു. അഞ്ചുപേരും ഇരന്നാണു് നിത്യവൃത്തി കഴിച്ചുപോന്നതു്. ഇവരിൽവച്ചു് ഏററവും കൂടുതൽ ബലം ഭീമസേനന്നാണു്; അതിന്നു തക്കവണ്ണം അയാൾക്കു് ധാരാളം ഉണ്ണുകയും വേണം. ഇരന്നാൽ അത്രയ്ക്കൊന്നും കിട്ടില്ലല്ലോ. അതുകൊണ്ടു്

കുന്തീദേവി ഒരേപ്പാട ചെയ്തു—ആകെ ഭിക്ഷ കിട്ടു ന്നതിൽ നേർ പകുതി ഭീമസേനന്നു കൊടുക്കും; മറേറപ്പകുതി അഞ്ചു പങ്കാക്കി അമ്മയും നാലു മക്കളും എടുക്കും. അവർക്കതു മതിയാകും. ഭീമന്ന് ആ പകുതി മതിയാവുകയുമില്ല. അങ്ങനെ കഴിഞ്ഞു, കുറച്ചു ദിവസം.

ആ രാജ്യം ഭരിച്ചിരുന്നതു് ബകനെന്ന രാക്ഷസനാണ്. ആ രാജാവിനെക്കൊണ്ടു് നാട്ടു കാക്ക് വേറെ വലിയ ബുദ്ധിമുട്ടൊന്നുമില്ലായി രുന്നു. നികുതി കൊടുക്കേണ്ട; സേവിക്കാൻ പോകേണ്ട; അവനവന്റെ പാടുനോക്കി നടക്കാം. ഒന്നുമാത്രമേ വേണ്ടു: ആ രാജ്യത്തു് ആയിരത്തി ലേറെ കുടുംബങ്ങളുള്ളതിൽ ഓരോ കുടുംബക്കാർ ഓരോ ദിവസം രാജാവിന്ന് ഒരൂണു കൊടുക്കണം. ഊണിന്റെ വട്ടം കേൾക്കണോ? ഒരു വണ്ടി നിറയെ ചോറും കറികളും, ആ വണ്ടി വലി ക്കുന്ന രണ്ടു പോത്തും, ആ വണ്ടി തെളിച്ചുകൊണ്ടു ചെല്ലുന്ന ഒരാളും! മനുഷ്യന്റെ പച്ചയിറച്ചി യില്ലാത്ത ഊണ് ബകന്ന് ഇഷ്ടമല്ല. അതു കൊണ്ടു് വല്ല കുടുംബക്കാരും ആളെ അയച്ചു കൊടുത്തില്ലെങ്കിൽ അവരെ മുഴുവൻ ആ രാജാവു് അന്നു തിന്നുകളയും.

പിറേറ ദിവസം ബകന്നു ചോറുകൊടുക്കേ ണ്ടതു്, പാണ്ഡവന്മാർ ചെന്നു താമസിക്കുന്ന ആ ബ്രാഹ്മണകുടുംബമാണ്. അവിടെ ഒരച്ഛനും അമ്മയും മുതിർന്ന ഒരു മകളും ഒരു കൊച്ചുമകനും മാത്രമേ ഉള്ളു. ഇവരിൽ ആരുപോകണം?

അച്ഛനും അമ്മയും മകളും ഇരുന്നു കരഞ്ഞു കൊണ്ടു് 'ഞാൻ പോകാം, ഞാൻ പോകാം' എന്നു പറയുകയാണു്. ആൎക്കും മറേറ ആളെ രാക്ഷസനു തിന്നാൻ കൊടുക്കാൻ സമ്മതമില്ല. അവർ ഇതിനെപ്പററി തൎക്കിച്ചു കരയുന്നതിനിടയിൽ, ആ ഇളം പൈതൽ ഒരു ചുള്ളിക്കോലുമേന്തി ഓരോ ആളുടേയും അടുത്തുചെന്നു പറഞ്ഞു: "അമ്മേ! കരയേണ്ട; അച്ഛാ! കരയേണ്ട; ചേച്ചീ! കരയേണ്ട; ഞാൻ പോയി ഈ വടികൊണ്ടു് ആ രാക്ഷസനെ അടിച്ചു കൊല്ലാം."

വിവരമെല്ലാം അറിഞ്ഞു്, കുന്തീദേവി ചെന്നു ബ്രാഹ്മണനോടു പറഞ്ഞു: "അങ്ങേയ്ക്കു് ഒരു മകനല്ലേ ഉള്ളു. എനിക്കു് അഞ്ചു മക്കളുണ്ടു്. അതിൽ ഒരാളെ ഞാൻ അയക്കാം."

ആദ്യം ബ്രാഹ്മണൻ ഇതു സമ്മതിച്ചില്ല. സ്വന്തം ജീവൻ രക്ഷിക്കുന്നതിനു് മറെറാരാളെ കൊല്ലാൻ വിടുകയോ? "ഏയ്, അതു വയ്യ." അപ്പോൾ കുന്തി പറഞ്ഞു: "സംശയിക്കേണ്ട. എൻെറ ആ മകനു് ഒരു മന്ത്രവിദ്യ അറിയാം. അതുകൊണ്ടു് അവൻ രാക്ഷസനെ കൊല്ലും. ഇതിനു മുമ്പും അവൻ രാക്ഷസരെ കൊന്നിട്ടുണ്ടു്." ഇതു കേട്ടപ്പോൾ ബ്രാഹ്മണൻ സന്തോഷത്തോടെ സമ്മതിച്ചു.

ഭീമസേനനും സന്തോഷമായി. വളരെ നാളുകൾക്കുശേഷം ഒരു വണ്ടി നിറയെ ചോറും

കറിയും കയ്യിൽ കിട്ടുകയല്ലേ? ഒരു രാക്ഷസനെ കൊല്ലാനുള്ള തക്കവും.

പിറേറന്ന് ഭീമൻ ചോററുവണ്ടിയുമായി ബകൻെറ കാട്ടിലെ കൊട്ടാരത്തിലേയ്ക്കു ചെന്നു; ഗോപുരത്തിലെത്തി രാജാവിനെ തിരുവുള്ളമറിയിച്ച്, ഇരുന്ന് ഊണ് തുടങ്ങി.

ബകൻ മാളികപ്പുറത്തുനിന്നു താഴെ വന്നു നോക്കിയപ്പോൾ വണ്ടിക്കാരൻ ഇരുന്ന് മുറയ്ക്ക് ഉണ്ണുകയാണ്. "നീ എന്തെടാ കാട്ടുന്നത്!" എന്നു ബകൻ അലറി. ഭീമൻ കേട്ട ഭാവമേ കാണിച്ചില്ല. ബകൻ പാഞ്ഞു ചെന്ന് ഭീമൻെറ പുറത്ത് രണ്ടു കൈകൊണ്ടും ആഞ്ഞ് ഒരടി അടിച്ചു. എന്നിട്ടും ഒരു കുലുക്കവുമില്ല. അവൻ സാധാരണക്കാരനല്ലെന്നുകണ്ടു് ബകൻ പോയി ഒരു വലിയ മരം പുഴക്കിക്കൊണ്ടു വന്നു. അപ്പോഴേയ്ക്കും ഭീമൻ ഊണുകഴിച്ചു കൈകഴുകി ഒരുങ്ങി നിന്നു. ബകൻ ഓങ്ങിയടിച്ച ആ മരം പിടിച്ചെടുത്ത് അങ്ങോട്ടും ഒന്നു കൊടുത്തു. പിന്നെ അവർ തമ്മിൽ മരങ്ങൾകൊണ്ടുള്ള ഒരു വലിയ യുദ്ധം നടന്നു.

എന്തിനു വിസ്തരിക്കുന്നു! ഭീമൻ ആ രാക്ഷസനെപ്പിടിച്ച് നടുവൊടിച്ച് രണ്ടുമടക്ക്ആക്കി; ബകൻ ചോര ഛർദ്ദിച്ചു ചത്തു.

അന്നുമുതൽ ആ രാജ്യത്ത് രാക്ഷസന്മാർ മനുഷ്യരെ പിടിച്ചു തിന്നാതായി.

## അഭ്യാസം

1. കേട്ടെഴുത്തിനുള്ള പദങ്ങൾ :—

| | |
|---|---|
| തലസ്ഥാനം | മർദ്ദിക്കുക |
| പഞ്ചപാണ്ഡവന്മാർ | ബുദ്ധിമുട്ട് |
| ബ്രാഹ്മണർ | കുടുംബം |
| നിത്യവൃത്തി | അച്ഛൻ |
| വിസ്തരിക്കുക | അല്ലെന്നു് |

2. താഴെ കൊടുത്തിട്ടുള്ള വാക്കുകൾക്കു പകരം ഈ പാഠത്തിൽനിന്നു പഠിച്ച വാക്കുകൾ എഴുതുക :—

(1) പിച്ച=
(2) ശക്തിയുള്ളവൻ =
(3) വിവരിക്കുന്നു=
(4) അഞ്ചു പാണ്ഡവന്മാർ =
(5) കരം =
(6) നാടുവാഴുക =

3. (1) ബകൻെറ ഊണിന്നു് എന്തെല്ലാമായിരുന്നു വിഭവങ്ങൾ ?

(2) ഭീമൻ ബകൻെറ കഥകഴിച്ചതെങ്ങനെ ?

4. പൂരിപ്പിക്കുക:—

—ർദ്ദിക്കുക
കു—ംബം
നിത്യ—ത്തി

[വൃ, മ, ടു എന്നീ അക്ഷരങ്ങളിൽനിന്നും തിരഞ്ഞെടുക്കുക.]

പാഠം 12

# കണ്ണുണ്ടായാൽ പോരാ കാണണം

ഒരാൾ മരുഭൂമിയിൽക്കൂടി യാത്രചെയ്യുകയായിരുന്നു. രണ്ടു പേർ എന്തോ അന്വേഷിക്കുന്നതുപോലെ പരിഭ്രമിച്ച്, ചുററും നോക്കിക്കൊണ്ട് വരുന്നതു കണ്ടു. അവർ കച്ചവടക്കാരാണെന്ന് വേഷംകണ്ട് അയാൾക്കു മനസ്സിലായി. ആ യാത്രക്കാരൻ ഇങ്ങനെ ചോദിച്ചു: "നിങ്ങളുടെ ഒരു ഒട്ടകം കാണാതെ പോയി, അല്ലേ ?"

കച്ചവടക്കാർ :—അതേ ; ഞങ്ങൾ അതിനെ തേടി നടക്കുകയാണ്.

യാത്രക്കാരൻ:—അതിൻെറ വലതു കണ്ണിനു കാഴ്ചയില്ല; ഇടതുകാലിൽ മുടന്തും ഉണ്ട്; അല്ലേ?

കച്ച :—നിങ്ങൾ അതിനെ കണ്ടോ ? അത് എവിടെ നില്ക്കുന്നു ?

യാത്ര:—ഒന്നുകൂടെ ചോദിച്ചുകൊള്ളട്ടെ, അതിൻെറ ഒരു പല്ല് പോയതാണോ ?

കച്ച:—നിങ്ങൾ അതിനെ കണ്ടു, തീർച്ചയാണ്. എവിടെയാണ് ആ ഒട്ടകം ? ഒന്നു കാണിച്ചുതരാമോ ? ഞങ്ങൾ എത്ര നേരമായി അലയുന്നു ?

യാത്ര:—ഞാൻ ഒട്ടകത്തെ കണ്ടില്ല. അതിൻെറ പുറത്തു വച്ചിരിക്കുന്ന ഭാണ്ഡത്തിൽ ഒരു വശത്തു് തേനും മറുവശത്തു് ഗോതമ്പും ആണോ?

കച്ച:—ഞങ്ങളെ കളിപ്പിക്കയാണു്, അല്ലേ? ഒട്ടകത്തെ കാണാതെ ഇതെല്ലാം അറിയുന്നതെങ്ങനെ?

യാത്ര:—നിങ്ങളുടെ ഒട്ടകം എവിടെയാണെന്നു് എനിക്കറിഞ്ഞുകൂടാ. ഞാൻ അതിനെ കണ്ടില്ല.

കച്ച:—കൊള്ളാം. ഇതു് ആരു വിശ്വസിക്കും? ആ ഒട്ടകത്തിൻെറ കണ്ണും കാലും പല്ലും എല്ലാം കണ്ടു; ഒട്ടകത്തെ മാത്രം കണ്ടില്ല. പററിക്കാം എന്നു വിചാരിക്കേണ്ട. അതിൻെറ പുറത്തു് ഭാണ്ഡത്തിൽ സൂക്ഷിച്ചിരുന്ന ആഭരണങ്ങൾ ഇപ്പോൾ നിങ്ങളുടെ പക്കൽ കാണുമല്ലോ. ആദ്യം അതിങ്ങു തന്നേക്കണം.


യാത്ര:—ഞാൻ പറയുന്നതു വിശ്വസിക്കണം. ആഭരണങ്ങൾ ഉണ്ടായിരുന്നോ എന്നു് എനിക്കു നിശ്ചയമില്ല.

കച്ച:—പച്ച നുണ! തേനും ഗോതമ്പും ഉണ്ടെന്നു് അറിയാം. കൂടെ വച്ചിരുന്ന ആഭരണങ്ങൾ മാത്രം കണ്ടില്ല, അല്ലേ? ഈ വിദ്യ ഞങ്ങളുടെ അടുക്കൽ എടുക്കേണ്ട.

ഒട്ടകത്തെ കാണിച്ചുകൊടുക്കാൻ ഭാവമില്ലെന്നു കണ്ടപ്പോൾ കച്ചവടക്കാർ അയാളെ

പിടികൂടി ന്യായാധിപന്റെ മുമ്പിൽ കൊണ്ടു പോയി. അയാൾ മോഷണം നടത്തിയതായി ആവലാതി ബോധിപ്പിച്ചു. പരിശോധിച്ചു നോക്കിയതിൽ, യാത്രക്കാരന്റെ പക്കൽ ആ ഉരുപ്പടികളൊന്നും കണ്ടില്ല. പ്രതിയെ തടവിൽ വയ്ക്കണമെന്ന് ന്യായാധിപൻ വിചാരിച്ചു. അപ്പോൾ ആ യാത്രക്കാരൻ ഇങ്ങനെ ബോധിപ്പിച്ചു:—

"ഈ കച്ചവടക്കാർ തീരെ ആലോചനയില്ലാത്തവരാണ്. നേരിട്ടു കാണാതെയും ഒരു



വസ്തുവിനെപ്പററി പലതും ഗ്രഹിക്കാം. പക്ഷേ അതു മനസ്സിലാക്കാനുള്ള ബുദ്ധിശക്തി ഇവക്കില്ല. വാസ്തവത്തിൽ ഒട്ടകത്തിനെ ഞാൻ കണ്ടില്ല. എങ്കിലും അതു് കൈവിട്ടു തിരിഞ്ഞു പോയിരിക്കും എന്ന് എനിക്കു മനസ്സിലായി.

അതിനു കാരണമുണ്ടു്. ഒട്ടകത്തിൻെറ കാല്പാടു് മണലിൽ തെളിഞ്ഞു കണ്ടു; അടുത്തു് മനുഷ്യരുടെ കാല്പാടു് കണ്ടതുമില്ല. ഇടത്തുകാൽ നിലത്തു് ദൃഢമായി പതിഞ്ഞിരുന്നില്ല. അതിനാൽ ആ കാലിനു് മുടന്തുണ്ടെന്നു് മനസ്സിലായി. ഇടതുവശത്തുള്ള ചെടികൾ മാത്രമേ, അതു തിന്നിരുന്നുള്ളു. അതുകൊണ്ടു് അതിൻെറ വലതു കണ്ണിനു് കാഴ്ചയില്ലെന്നു് ഞാൻ അനുമാനിച്ചു. അതു കടിച്ച ഇലകളിൽ ഒരു പല്ലിൻെറ മാത്രം പാടു് പററിക്കണ്ടില്ല. അതിൻെറ ഒരു പല്ലു് കൊഴിഞ്ഞു പോയിരിക്കണം എന്നു് അതിൽ നിന്നു് ഊഹിച്ചു.''

കച്ച:—ഇത്രയും ഊഹിച്ചതാണു് എന്നിരിക്കട്ടെ. എന്നാൽ അതിൻെറ പുറത്തു വച്ചിരുന്ന സാധനങ്ങൾ എന്തെല്ലാമെന്നു് എങ്ങനെ അറിഞ്ഞു ?

യാത്ര:—പറയാം. ഒട്ടകം പോയ വഴിയുടെ ഒരു വശത്തു് നീളെ ഉറുമ്പുകൾ ഉണ്ടായിരുന്നു. ഭാണ്ഡത്തിൽനിന്നു വീണ ഗോതമ്പു കൊണ്ടു പോകാൻ ആയിരുന്നു അവ കൂടിയതു്. മറുവശത്തു് നീളെ ഈച്ചകളേയും കണ്ടു. തേൻ കൂടുതൽ വീണതുകൊണ്ടാണു് അവ അവിടെ പററിക്കൂടിയിരിക്കുന്നതു് എന്നു് സൂക്ഷിച്ചുനോക്കിയപ്പോൾ മനസ്സിലായി.

ഈ മൊഴികേട്ടു് ആ വഴിപോക്കൻ കുററക്കാരനല്ലെന്നു് ന്യായാധിപനു ബോദ്ധ്യമായി. "ഈ പ്രതി കണ്ണു് വേണ്ടതുപോലെ ഉപയോഗിക്കുന്നു. വാദികൾക്കും കണ്ണുണ്ടല്ലോ, ഒട്ടകം

പോയ വഴി നോക്കിച്ചെന്ന് അവർ അതിനെ കണ്ടുപിടിക്കട്ടെ. പക്ഷെ, അവർ ഒരു കാൎയ്യം മനസ്സിലാക്കണം. കണ്ണുണ്ടായാൽ പോരാ കാണണം" എന്നു പറഞ്ഞു് ന്യായാധിപതി പ്രതിയെ വിട്ടയച്ചു.

## അഭ്യാസം

1. ഈ പാഠത്തിൽനിന്നു് താഴെക്കാണുന്നവയ്ക്കു പകരം ഉപയോഗിച്ചിട്ടുള്ള പദങ്ങൾ എഴുതുക:—

   അനുമാനിച്ചു=
   പരാതി=
   ന്യായം അനുസരിച്ചു വിധിക്കുന്ന ആൾ=

2. കേട്ടെഴുത്തിനുള്ള പദങ്ങൾ:—
   ഭാണ്ഡം; മുടന്തുണ്ടെന്നു്; ബോദ്ധ്യം; ന്യായാധിപൻ; ഉണ്ടല്ലോ; മനസ്സിലായി; മരുഭൂമി; അന്വേഷിക്കുക; ദൃഢം.

3. 'ണ്ഡ' എന്ന അക്ഷരമുള്ള എത്ര പദങ്ങൾ നിങ്ങൾക്കറിയാം?

   അതുപോലെ 'ധ' എന്ന അക്ഷരമുള്ള വാക്കുകൾ എഴുതുക. ധ, ധാ, ധി, ധീ എന്നിങ്ങനെ അ, ആ, ഇ മുതലായവ ചേൎന്ന 'ധ' ആകാം.

4. ഇതു് ആരും വിശ്വസിക്കും.
   ഇതു് ആരു വിശ്വസിക്കും?

ഒന്നാമത്തെ വാക്യം ചോദ്യമല്ല. ഒരു കാര്യം പറഞ്ഞു് അവസാനിപ്പിച്ചിരിക്കയാണു്. അതുകൊണ്ടു് ആ വാക്യത്തിൽ, പറയാനുള്ള ഒരു കാര്യം പറഞ്ഞുകഴിഞ്ഞു എന്നു കാണിക്കാൻ . എന്നു് കുത്തു് ഇട്ടിരിക്കുന്നു. രണ്ടാമത്തെ വാക്യം ചോദ്യ

മാണ്. അതു കാണിക്കാൻ? എന്ന ചിഹ്നം (അട യാളം) ഇട്ടിരിക്കുന്നു. ഇതിന്നു് ചോദ്യചിഹ്നം എന്നു പേരുണ്ടു്.

വേറെ ഉദാഹരണം :—

1. എവിടെയാണു് ഒട്ടകം? ഒന്നു കാണിച്ചു തരാമോ?
2. ഒട്ടകം എവിടെയാണെന്നു് അറിഞ്ഞുകൂടാ. കാണിച്ചുതരാൻ സാദ്ധ്യമല്ല.

5. (1) ഒട്ടകത്തിൻെറ പുറത്തു് തേൻ വച്ചിരുന്നു എന്നു് യാത്രക്കാരൻ എങ്ങനെ മനസ്സിലാക്കി?

(2) ഒട്ടകത്തിൻെറ വലതുകണ്ണിന്നു കാഴ്ചയില്ലെന്നു് വഴിപോക്കൻ ഗ്രഹിച്ചതെങ്ങനെ?

(3) ഒട്ടകം മുടന്തനാണെന്നു് വഴിപോക്കൻ എങ്ങനെ മനസ്സിലാക്കി?

---

പാഠം 13

# മാവേലി നാടുവാഴുമ്പോൾ

മാവേലി നാടുവാണീടും കാലം
മാനുഷരെല്ലാരുമൊന്നുപോലെ

ആമോദമോടെ വസിക്കും കാലം
ആപത്തങ്ങാർക്കുമൊട്ടില്ലതാനും;

ആധികൾ വ്യാധികളൊന്നുമില്ല
ബാലമരണങ്ങൾ കേൾപ്പാനില്ല;

ദുഷ്ടരെക്കൺകൊണ്ടു കാണ്മാനില്ല
നല്ലവരല്ലാതെയില്ല പാരിൽ;

കള്ളവുമില്ല, ചതിയുമില്ല ;
എള്ളോളമില്ല പൊളിവചനം ;
കള്ളപ്പറയും ചെറുനാഴിയും
കള്ളത്തരങ്ങൾ മറെറാന്നുമില്ല.

അഭ്യാസം

1. നാം ഓണം ആഘോഷിക്കാറുണ്ടു്. എന്താണ് അതിനു കാരണം? മഹാബലിയുടെ കാലത്തു് ആളുകൾ എങ്ങനെയാണ് ജീവിച്ചിരുന്നതു് ?
2. നിങ്ങൾക്കു് ഏതെങ്കിലും ഓണപ്പാട്ടു് അറിയാമോ ?

---

പാഠം 14

# വാല്മീകി

ഭാരതത്തിലെ പ്രസിദ്ധങ്ങളായ കാവ്യങ്ങളാണ് രാമായണവും ഭാരതവും. ശ്രീരാമൻെറ കഥയാണ് രാമായണം. ഭാരതമാവട്ടെ പാണ്ഡവന്മാരുടെയും കൗരവന്മാരുടെയും കഥയുമാണ്.

രാമായണം നിർമ്മിച്ചതു് വാല്മീകി മഹർഷിയാണ്. അദ്ദേഹം ചെറുപ്പത്തിൽ കാട്ടാളൻ ആയിരുന്നുവത്രെ. ഒരിക്കൽ ചില സന്ന്യാസിമാരുടെ കയ്യിലുണ്ടായിരുന്നതെല്ലാം പിടിച്ചുപറിക്കാൻ ആ കാട്ടാളൻ ഒരുമ്പെട്ടു. അപ്പോൾ,

"നീ ചെയ്യുന്നതു് പാപമാണെന്നു് അറിയാമോ ?" എന്നു് അവർ ചോദിച്ചു.

കാട്ടാളൻ :—അതു് എനിക്കു് അറിഞ്ഞുകൂടാ. ഭാര്യയേയും കുട്ടികളേയും പോററുന്നതിനു വേണ്ടി ഞാൻ ഇങ്ങനെ ചെയ്യുകയാണു്.

സന്ന്യാസിമാർ :—ഈ പാപത്തിൻെറ ഫലം അവർകൂടി അനുഭവിക്കുമോ ?

കാട്ടാളൻ :—അതു ഞാൻ ചോദിച്ചിട്ടില്ല.

സന്ന്യാസിമാർ :—എന്നാൽ ഒന്നു ചോദിച്ചറിയുക. കൈവശം ഉള്ളതെല്ലാം ഞങ്ങൾ തന്നേയ്ക്കാം.

കാട്ടാളൻ വീട്ടിൽപ്പോയി ഭാര്യയോടു ചോദിച്ചു :—"നിങ്ങളെപ്പോററാൻ വേണ്ടിയാണല്ലോ ഞാൻ അക്രമങ്ങൾ കാണിക്കുന്നതു്. അതിൻെറ പാപം നിങ്ങൾകൂടി അനുഭവിക്കുമോ ?"

ഭാര്യ :—അതെങ്ങനെ ? അവരവർ ചെയ്യുന്നതിൻെറ ഫലം അവരവൎക്കുതന്നെയല്ലേ ?

ഇതുകേട്ടപ്പോൾ ആ കാട്ടാളനു് തന്റെ പ്രവൃത്തിയെക്കുറിച്ചു ദുഃഖംതോന്നി. അയാൾ വിവരമെല്ലാം മഹൎഷിമാരെ അറിയിച്ചു. തന്റെ തെററു ക്ഷമിക്കണമെന്നു് അപേക്ഷിച്ചു. മഹൎഷിമാൎക്കു് അയാളോടു ദയ തോന്നി. അവർ അയാളെ അനുഗ്രഹിച്ചു. അന്നുതൊട്ടു് ആ കാട്ടാളൻ വലിയ ഭക്തനായിത്തീൎന്നു. അയാൾ ഒരിടത്തിരുന്നു് തപസ്സുചെയ്തു. അനക്കമില്ല. ചുററും നടക്കുന്ന

തൊന്നും കാണുന്നില്ല. ഒന്നും കേൾക്കുന്നുമില്ല. അങ്ങനെ ദിവസങ്ങളും മാസങ്ങളും കടന്നു പോയി. ക്രമേണ അദ്ദേഹത്തിൻെറ ദേഹം മിക്കവാറും മൺപുററുകൊണ്ടു മൂടിപ്പോയി. മൺപുററിന്നു് സംസ്കൃതത്തിൽ "വല്മീകം" എന്നു പറയും. വല്മീകത്തിൽനിന്നു് ഉണ്ടായവൻ



എന്ന അൎത്ഥത്തിൽ അദ്ദേഹത്തിന് "വാല്മീകി" എന്ന പേരും വന്നു.

വാല്മീകി മഹൎഷിക്ക് ശ്രീരാമനോട് അള വററ ആദരവ് ഉണ്ടായിരുന്നു. അതുകൊണ്ട് ശ്രീരാമൻെറ കഥ വൎണ്ണിച്ച് ഒരു കാവ്യം ചമയ്ക്ക ണമെന്ന് മഹൎഷി ആഗ്രഹിച്ചു. അതിന് ആയി ടയ്ക്ക് ഒരു കാരണവും ഉണ്ടായി.

വാല്മീകിയുടെ ആശ്രമം തമസാ എന്ന നദിയുടെ തീരത്തായിരുന്നു. ഒരു ദിവസം മഹൎഷിയും ശിഷ്യന്മാരും കുളിക്കാൻ ആ നദിയി ലേയ്ക്കു പോയി. അതിൻെറ കരയ്ക്കുള്ള ഒരു വൃക്ഷത്തിൽ രണ്ടു പക്ഷികൾ ഇരിക്കുന്നത് അവർ കണ്ടു. പെട്ടെന്ന് ഒരു ശരമേററ് അവ യിൽ ഒന്നു പിടഞ്ഞു താഴെവീണു. അതുകണ്ട് ദയാലുവായ മഹൎഷിക്ക് വലിയ ദുഃഖം ഉണ്ടായി. പക്ഷിയെ എയ്തുവീഴ്ത്തിയ കാട്ടാളനോട് കോപവും തോന്നി. ആ വേദനയും കോപവും ഒരു ശാപമായി നാവിൽനിന്നു പുറപ്പെട്ടു. അതു് ഒരു ശ്ലോകത്തിന്റെ രൂപത്തിൽ ആയിരുന്നു. ഇണപ്പക്ഷികളിൽ ഒന്നിനെക്കൊന്ന കാട്ടാളന് നാശം ഉണ്ടാകട്ടെ എന്നായിരുന്നു അതിൻെറ സാരം. രാവണനെക്കൊന്ന ശ്രീരാമന് നന്മ വരട്ടെ എന്ന അൎത്ഥവും അതിൽ ഉണ്ടായിരുന്നു.

മഹൎഷി പെട്ടെന്നു ചൊല്ലിയ ശ്ലോകത്തെ ആശ്രമത്തിലുള്ളവരെല്ലാം പുകഴ്ത്തി. ആ ശ്ലോക ത്തിൻെറ രീതിയിൽ ശ്രീരാമൻെറ കഥ പാടണം എന്ന് അദ്ദേഹം നിശ്ചയിച്ചു. അങ്ങനെ

രാമായണം ഉണ്ടാകാൻ ഇടയായി. രാമായണം ആണ് ആദ്യത്തെ കാവ്യം, വാല്മീകിയാണ് ആദികവി.

## അഭ്യാസം

1. കേട്ടെഴുത്തിനുള്ള വാക്കുകൾ :—
   വാല്മീകി; പ്രവൃത്തികൾ; ഭാര്യ; പെട്ടെന്നു്; ഭാരതം; കാട്ടാളൻ; അനുഗ്രഹം; ശ്ലോകം; പാണ്ഡവൻ; സന്ന്യാസി; ഭക്തൻ; കൗരവൻ; ഒരുമ്പെട്ടു; അർത്ഥം.
2. (1) ആദികവിയുടെ പേരെന്തു് ? (2) അദ്ദേഹം നിർമ്മിച്ച കാവ്യത്തിന്റെ പേരെന്തു് ? (3) രാമായണം ആരെപ്പററിയുള്ള കഥയാണു് ?

---

പാഠം 15

# കുറവും കുററവും

കുററം കൂടാതുള്ള നരന്മാർ
കുറയും ഭൂമിയിലെന്നുടെ താതാ!
ലക്ഷം മാനുഷർ കൂടുമ്പോളതിൽ
ലക്ഷണമുള്ളവരൊന്നോ രണ്ടോ.

ഉടലതിരമ്യമൊരുത്തനു കാൽക്കൊരു
മുടവുണ്ടവനു നടക്കുന്നേരം.
മറെറാരു പുരുഷൻ സുന്ദരനെങ്കിലു-
മൊററക്കണ്ണനതായതു ദോഷം.

ചേച്ചികൾ പലതുണ്ടൊരുവനു കിഞ്ചിൽ
പൂച്ചക്കണ്ണുണ്ടെന്നൊരു ദോഷം.
കാഴ്ചക്കാരു ചിരിച്ചു തുടങ്ങും
ചേച്ചിയ്ക്കുവനും ചിതമല്ലല്ലോ.

നല്ലൊരു വിദ്വാനവനുടെ വായിൽ
പല്ലുകളൊന്നും കാണ്മാനില്ല.
പലഗുണമുള്ളൊരു പുരുഷനവന്റെ
തലമുടിയൊക്കെ നരച്ചു വെളുത്തു.

തിലകക്കുറിയും ചൊടിയും കൊള്ളാം
തലയിലവന്നൊരു രോമവുമില്ല.
മിയ്ക്കുതുമൊരുവനു ലക്ഷം ശ്ലോകമൊ-
രിയ്ക്കൽ കേട്ടാലങ്ങു ഗ്രഹിക്കും.

വിക്കുകൾ കൊണ്ടതു പറവാൻ വഹിയാ,
സൽക്കഥ വളരെയറിഞ്ഞൊരു ദേഹം
ക ക ക ക കംസൻ കി കി കി കി കൃഷ്ണൻ
പു പു പു പു പൂതനയെന്നാം കഥയിൽ.

നല്ലൊരു ജാതിയിൽ വന്നു പിറന്നു
നല്ലൊരു രൂപഗുണങ്ങളുമുണ്ടു്,
ഹരിയെന്നാദിയൊരക്ഷരമവനുടെ-
യരികെക്കൂടെപ്പോയിട്ടില്ല.

## അഭ്യാസം

1. കുഞ്ചൻനമ്പ്യാരാണു് തുള്ളൽപ്പാട്ടുകൾ എഴുതിയതു്. ആ പാട്ടുകളിൽ ധാരാളം നേരമ്പോക്കു കാണാം. ഈ പാഠം വായിച്ചാൽ ചിരിക്കാത്തവരാരെങ്കിലും കാണുമോ ?
2. കൂട്ടിച്ചേർക്കുക :— ഉടൽ + അതി + രമ്യം + ഒരു ത്തനു്. ഹരി + എന്നു് + ആദി + ഒരു + അക്ഷരം.

3. ഇതുപോലെ, കേട്ടാൽ ചിരിച്ചുപോകുന്ന തുള്ളൽ പാട്ടുകൾ ചൊല്ലാൻ അറിയാമോ ?
4. ഈ പാഠത്തിൽ നിങ്ങളെ കൂടുതൽ രസിപ്പിച്ച വരികൾ ഏവ ?

---

പാഠം 16

# വിമാനം


മണിയടിച്ചു. കുട്ടികളെല്ലാം ക്ലാസ്സിൽ കയറി. അദ്ധ്യാപകൻ ഹാജർ വിളിച്ചു. അതു കഴിഞ്ഞു് ഭാഷാപാഠം തുടങ്ങി. "നിറന്നപീലികൾ നിരക്കവേകുത്തി" എന്നു് കൃഷ്ണൻകുട്ടി രാഗത്തിൽ നീട്ടിച്ചൊല്ലുകയാണു്. അപ്പോൾ കേൾക്കാം, ആകാശത്തിൽ വലിയ ഒരു ഇരമ്പൽ! ചില കുട്ടികൾ "വിമാനം, വിമാനം" എന്നു വിളിച്ചു പറഞ്ഞു. അദ്ധ്യാപകൻ കുട്ടികളെ വരാന്തയിലേയ്ക്കു് ഇറക്കി നിറുത്തി. എല്ലാവരുടേയും നോട്ടം മേല്പോട്ടാണു്. "അതാ, അതാ!" എന്നു് ജോൺ മുകളിലേയ്ക്കു വിരൽ ചൂണ്ടി. വെളുത്ത മേഘങ്ങളുടെ ഇടയിലൂടെ വെള്ളിപോലെ തിളങ്ങുന്ന ഒരു വിമാനം പറന്നുപോകുന്നു! കഷ്ടിച്ചു ഒരു മിനിററു നേരമേ അതു കാണാൻ കഴിഞ്ഞുള്ളു. അപ്പോഴേയ്ക്കും അതു കണ്ണെത്താത്ത ദൂരത്തിലായിക്കഴിഞ്ഞു! "എന്തുവേഗം, പക്ഷികൾക്കും ഇത്ര വേഗമില്ല." എന്നു് ചില കുട്ടികൾ തമ്മിൽ പറഞ്ഞു.

ക്ലാസ്സിൽ അതിനെപ്പററിയായി സംസാരം. അപ്പോൾ വിമാനത്തെപ്പററി ചില വിവരങ്ങൾ അദ്ധ്യാപകൻ കുട്ടികൾക്ക് പറഞ്ഞുകൊടുത്തു.

പറക്കാനുള്ള ആഗ്രഹം പണ്ടുതന്നെ മനുഷ്യക്ക് ഉണ്ടായിരുന്നു. ഈ മോഹം നിമിത്തമാണ് പറക്കുന്നതിനെപ്പററിയുള്ള പല കഥകളും അവർ കെട്ടിച്ചമച്ചതു്. രാക്ഷസ രാജാവായ രാവണൻെറ "പുഷ്പകം" എന്ന വിമാനത്തെപ്പററി രാമായണത്തിൽ പറയുന്നുണ്ട്. ഈ വിമാനത്തിൽ കയറിയാണത്രേ സീതയും രാമനും ലങ്കയിൽ നിന്ന് അയോദ്ധ്യയിലേയ്ക്കു പോയതു്. ഇതു് ഒരു പുരാണ കഥയാണ്. യഥാർത്ഥത്തിൽ മനുഷ്യർ ആകാശത്തിൽ സഞ്ചരിക്കാൻ തുടങ്ങിയിട്ട് വളരെ കുറച്ചു കാലമേ ആയിട്ടുള്ളു.

കുട്ടികൾ കളിക്ക് ഉപയോഗിക്കുന്ന ചെറിയ ബലൂണില്ലേ! അതിൽ ഭാരംകുറഞ്ഞ ഏതെങ്കിലും വാതകം നിറച്ചാൽ ബലൂൺ വായുവിൽ തനിയേ ഉയരും. ബലൂൺ വളരെ വലുതും ഉറപ്പുള്ളതും ആണെങ്കിൽ, അതിൽ കെട്ടിത്തൂക്കിയ തൊട്ടിലിലിരുന്ന് മനുഷ്യക്ക് ആകാശത്തേയ്ക്കു് ഉയരാം. ഇത്തരം ബലൂണുകളിൽക്കയറി പറക്കാനായിരുന്നു ആദ്യമാദ്യം മനുഷ്യരുടെ ശ്രമം. ഭൂമിയിൽനിന്ന് ഉയരാനല്ലാതെ, വിചാരിച്ച സ്ഥലത്തേയ്ക്കു പോകാൻ ബലൂണുകൾ ഉപകരിക്കുകയില്ല. അതു് കാററിൻെറ ഗതി അനുസരിച്ച് അങ്ങനെ പറന്നുപോകും, അത്രതന്നെ.

ഇന്നു കാണുന്ന തരത്തിലുള്ള വിമാനം ആദ്യമായി പറത്തിയതു് ആയിരത്തിതൊള്ളാ



യിരത്തിമൂന്നാമാണ്ടാണ്. അമേരിക്കക്കാരായ റൈററു സഹോദരന്മാരാണ് ആ വാഹനം കണ്ടുപിടിച്ചതു്.

വളരെ വേഗത്തിൽ വിമാന നിൎമ്മാണത്തിൽ പരിഷ്കാരങ്ങൾ വന്നുചേൎന്നു. എല്ലാതെല്ലാം തരത്തിലും, വലിപ്പത്തിലുമുള്ള വിമാനങ്ങ

ളാണ് ഇപ്പോൾ നിർമ്മിക്കുന്നത്! നാനൂറുപേൎക്ക് ഒരുമിച്ച യാത്രചെയ്യാവുന്ന വിമാനങ്ങൾ ഇപ്പോൾ ഉണ്ട്. അതുപോലെ, മണിക്കൂറിൽ മുവ്വായിരത്തിമുന്നൂറോളം കിലോമീററർ ദൂരം പറക്കാനും ചില വിമാനങ്ങൾക്ക് ഇപ്പോൾ സാധിക്കും. ഭൂമിയിൽനിന്ന് നാല്പതു കിലോ മീററർ ഉയരത്തിൽ വിമാനം പറന്നെത്തിയി ട്ടുണ്ട്. അത്ര ഉയരത്തിൽ പറക്കുന്ന വിമാനം താഴെനിന്ന് കണ്ണുകൊണ്ടു കാണാൻ കഴിയുക യില്ല. അതിൻെറ ഇരമ്പൽ ചുവട്ടിൽ കേൾക്കു കയുമില്ല.

ഭൂമിയിൽത്തന്നെ ഒരു സ്ഥലത്തുനിന്ന് മറെറാരു സ്ഥലത്തേയ്ക്കു പോകാനുള്ള വിമാന ങ്ങളെപ്പററിയാണ് ഇത്രയും പറഞ്ഞത്. ഭൂമി യിൽനിന്ന ചന്ദ്രനിലേയ്ക്കു പറക്കുന്ന വിമാന ങ്ങൾ ഉണ്ടാക്കുവാനുള്ള ശ്രമങ്ങൾ നടത്തിക്കൊ ണ്ടിരിക്കുകയാണ്. ഇന്നത്തെ കുട്ടികൾ വലു താവുമ്പോഴേയ്ക്ക് ഈ ശ്രമങ്ങൾ ഫലിച്ചെന്നു വരാം. മനുഷ്യൻെറ കഴിവുകൾക്ക് അതിരില്ല. വിമാനം ഇതിന് ഒരുദാഹരണമാണ്.

അഭ്യാസം

1. ഈ പാഠത്തിൽനിന്നും പഠിച്ച വാക്കു് പകരം എഴുതുക :—
   പഠിപ്പിക്കുന്ന ആൾ=
   ആഗ്രഹം=
   ആകാശത്തിലൂടെ പോകുന്ന വാഹനം=
   സത്യം=
   ആകാശത്തിൽക്കൂടിയുള്ള സഞ്ചാരം=

2. കേട്ടെഴുത്തിനുള്ള വാക്കുകൾ :—
ഭൂമി, യഥാർത്ഥം, പോയിരുന്നുള്ളൂ, ചന്ദ്രൻ, അയോദ്ധ്യ, ഫലിക്കുക, ആഗ്രഹം, സ്ഥലം.

3. വിപരീത പദമെഴുതുക :—
വാസ്തവം ×
ഉയരുക ×
സത്യം ×

4. അർത്ഥവ്യത്യാസം എഴുതുക :—
രണ്ടായിരം നാഴികയുണ്ട്. രണ്ടായിരം നാഴികയോളം ഉണ്ട്.

5. നടത്തിക്കൊണ്ടിരിക്കുകയാണ് — ഇതിൽ എത്ര വാക്കുകൾ ഉണ്ട്? പിരിച്ചെഴുതുക.

6. വാക്യം പൂർണ്ണമാക്കുക :—
ഭാരം കുറഞ്ഞ എന്തെങ്കിലും — നിറച്ചാൽ ബലൂൺ വായുവിൽ തനിയേ ഉയരും.

7. (1) പുഷ്പക വിമാനത്തെക്കുറിച്ച് ഏതു പുസ്തകത്തിലാണ് പറഞ്ഞിട്ടുള്ളത്?
(2) എത്രകൊല്ലം മുമ്പാണ് ഭാരം കൂടിയ വിമാനം ആദ്യമായി പറത്തിയത്?

പാഠം 17

# പുതുമഴ

നോക്കു തമ്പീ, ബഹുസുഖമേകം
മാരിപതിക്കുന്നു;

കേൾക്കു മധുരം, മധുരം ലളിതം
കിളികൾ ചിലയ്ക്കുന്നു;

കന്നിക്കാറുകളലറും നാദം
കാതു തുളയ്ക്കുന്നു;

മിന്നൽപ്പിണരുകൾ മിന്നിച്ചിന്നി-
ക്കണ്ണു മയക്കുന്നു;

പുഴകളിലോരോ നുരയാൽ പുഞ്ചിരി
തൂകിക്കൊണ്ടിപ്പോൾ

തഴുകീടുന്നു തമ്മിൽത്തമ്മിൽ-
ത്തരളതരംഗങ്ങൾ;

"തർ, തറ" നാദം നീളെമുഴക്കി-
ത്തവളകൾ കേഴുന്നു;

പുത്തൻവെള്ളം വന്നിഹ നമ്മുടെ
കുളവും നിറയുന്നു.

—വെണ്ണിക്കുളം ഗോപാലക്കുറുപ്പ്

## അഭ്യാസം

1. ചേർത്തെഴുതുക:—

കാറുകൾ+അലറും;
മിന്നി+ചിന്നി+കണ്ണു മയക്കുന്നു.

2. പുതുമഴ തുടങ്ങുമ്പോൾ ഏതെല്ലാം തരത്തിലുള്ള ശബ്ദങ്ങളാണ് നമ്മെ ആകർഷിക്കുന്നത് ? ഏതെല്ലാം കാഴ്ചകളാണ് നമ്മെ രസിപ്പിക്കുന്നത് ?

3. ഈ പാട്ടിൽ നിങ്ങൾക്ക് ഏററവും ഇഷ്ടം തോന്നുന്ന വരികളേതെല്ലാം ? അങ്ങനെ തോന്നാൻ കാരണമെന്ത് ?

---

പാഠം 18

# ആരാണു കൂടുതൽ മടയൻ ?

പണ്ടുപണ്ടു നടന്ന ഒരു കഥയാണിത്—ഒരു കഴുതയുടെയും കാളയുടെയും കഥ. ഒരു കൃഷികന്റെ വക ആയിരുന്നു കാളയും കഴുതയും. മൃഗങ്ങളുടെ സംഭാഷണം മനസ്സിലാക്കാൻ കഴിവുള്ള ആളായിരുന്നു ആ കൃഷികൻ.

ഒരു സന്ധ്യയ്ക്കു് ആ കൃഷിക്കാരൻ തൊഴുത്തിനടുത്തു നില്ക്കുകയായിരുന്നു. അപ്പോൾ കേൾക്കാം, തൊഴുത്തിൽനിന്ന് ഒരു സംഭാഷണം. കൃഷികൻ ചെവിയോർത്തു. കാളയും കഴുതയും തമ്മിൽ സംസാരിക്കുകയാണ്. കാള കഴുതയോടു പറഞ്ഞു :—"എന്റെ ചങ്ങാതി, നീ തന്നെ ഭാഗ്യവാൻ. നിനക്ക് ആഹാരം കഴിച്ച്,

വെള്ളവും കുടിച്ച് സുഖമായി ഇവിടെ കിടന്നാൽ മതിയല്ലോ. ഞാനോ, എന്നും പാടത്തു പോയി കഠിനമായി പണിയെടുക്കണം. ജോലി ചെയ്തുചെയ്ത് ചാകാറായി. ഞാൻ എന്താണു ചെയ്യേണ്ടത് ? "

കൃഷികൻ ചിരിവന്നു. അയാൾ തന്നെ താൻ പറഞ്ഞു :— " വിഡ്ഢി ! കഴുതയോടാണു് ഉപദേശം ചോദിക്കുന്നത് ! കഴുത തനി മടയനാണെന്ന് ഈ വിഡ്ഢിയുണ്ടോ അറിയുന്നു ! " അപ്പോൾ വീണ്ടും കേട്ടു ഒരു ശബ്ദം. കൃഷിക്കാരൻ വീണ്ടും ചെവിയോർത്തു. കഴുത പറയുകയാണ് :—" ചങ്ങാതീ ! നീ വിഡ്ഢിയായതുകൊണ്ടല്ലേ ഇങ്ങനെ കഠിനമായി പണിയെടുക്കേണ്ടി വരുന്നത് ? ഞാൻ ഒരു ഉപദേശം തരാം. നാളെ വയലിൽ ചെല്ലുമ്പോൾ നീ ഒരു കാര്യം ചെയ്യണം. കുറച്ചുനേരം പണിയെടുത്തിട്ട് വീണു കിടന്നോളൂ. അവർ അടിച്ചേയ്ക്കും. അനങ്ങരുത്. അല്പം കഴിയുമ്പോൾ അവർ നിന്നെ അഴിച്ചു വിട്ടുകൊള്ളും. "

കൃഷിക്കാരനു് അത്ഭുതമായി. " എടാ ! ഈ കഴുത തനിക്കഴുതയല്ലല്ലോ ! എന്തായാലും ഈ അഹങ്കാരിയെ ഒരു പാഠം പഠിപ്പിക്കണം " എന്നു് അയാൾ തീർച്ചയാക്കി.

അടുത്ത ദിവസം കാള പാടത്തെത്തി. അതു് കഴുതയുടെ ഉപദേശം അനുസരിച്ച് തളർന്നു പോലെ കിടന്നു. കാളയെ അഴിച്ചു കൊണ്ടു പോയി തൊഴുത്തിൽ കെട്ടിയിട്ട് കഴുതയെ

പാടത്തു കൊണ്ടുവരാൻ കൃഷിക്കാരൻ വേലക്കാരനോടു പറഞ്ഞു.



കാളയ്ക്കു സന്തോഷമായി. പാവം കഴുതയോ? അന്നു മുഴുവൻ ജോലിചെയ്ത് അതിൻെറ നടുവൊടിഞ്ഞു. താനൊരു വിഡ്ഢിതന്നെ എന്ന് അതു വിചാരിച്ചു. തനിക്ക് ഒരു ഉപദ്രവവും ചെയ്തില്ലെങ്കിലും കഴുതയുടെ കോപം മുഴുവനും കാളയോടായി. കാളയ്ക്ക് ഉപദേശം കൊടുത്തിട്ടല്ലേ തനിക്ക് ഈ കുഴപ്പം പററിയത്; വരട്ടെ, അവനെ ഒന്നു പററിക്കണം എന്നു കഴുത നിശ്ചയിച്ചു.

അന്നു സന്ധ്യയ്ക്കും കർഷകൻ തൊഴുത്തിന്റെ സമീപം ചെന്നു. അവരുടെ സംഭാഷണം എന്താണെന്നു മനസ്സിലാക്കണമല്ലോ. അയാൾ ചെവിയോർത്തു. കാള കഴുതയ്ക്കു് നന്ദി പറയുകയാണ്:—"സ്നേഹിതാ, എനിക്കു തന്ന ഉപദേശത്തിനു നന്ദി. എനിക്ക് ഇന്ന് എന്തു സുഖമായിരുന്നെന്നോ! നല്ല ഭക്ഷണം, ഉറങ്ങാൻ ഇഷ്ടംപോലെ സമയവും!"

കഴുത പറഞ്ഞു:—"എന്റെ ചങ്ങാതീ, സൂക്ഷിച്ചുകൊള്ളണേ! ഞാൻ ഇന്നൊരു സംഭാഷണം കേട്ടു. നീ വയസ്സനായി. പണിയെടുക്കാൻ കഴിവും ഇല്ലാതായി. അതുകൊണ്ടു നിന്നെ ഇറച്ചിക്കച്ചവടക്കാർക്കു വിററുകളയണം എന്നാണ് യജമാനനും വേലക്കാരുംകൂടി നിശ്ചയിച്ചിരിക്കുന്നതു്. അതുകൊണ്ടു് നാളെ നീ ചുണയായി ജോലി ചെയ്യണം. ഇല്ലെങ്കിൽ കാര്യം കുഴപ്പമാണ്, കേട്ടോ?"

കഴുതയുടെ ബുദ്ധി നോക്കണേ! കഷകൻ അത്ഭുതപ്പെട്ടു. മടയനായ കഴുതയ്ക്കും ഇത്ര ബുദ്ധിയോ? ഈ ഉപദേശത്തിനും കാള കഴുതയ്ക്കു് നന്ദി പറഞ്ഞു.

അടുത്ത പ്രഭാതമായി. കൃഷിക്കാരൻ തൊഴുത്തിനടുത്തു വന്നു് കാത്തുനിന്നു. കാള എന്താണു ചെയ്യുന്നതെന്നു് അറിയണമല്ലോ. വേലക്കാരൻ കാളയെ അഴിക്കാനായി തൊഴുത്തിലെത്തി. അവരെക്കണ്ട ഉടൻ, കാള ചാടി എഴുന്നേററു. താൻ വയസ്സനായില്ല എന്നു് അവരെ മനസ്സി

ലാക്കുണ്ടേ ? അവൻ വാലാട്ടി, തല കുലുക്കി തുള്ളിച്ചാടാൻ തുടങ്ങി.

കാളയുടെ ഈ ഇളക്കവും ചാട്ടവും ഒളിഞ്ഞു നോക്കി കഴുത പുഞ്ചിരി തൂകി. അതുകണ്ടു് കൃഷകൻ ചിരിച്ചു ചിരിച്ചു് മണ്ണുകപ്പി.

## അഭ്യാസം

1. താഴെക്കൊടുക്കുന്ന വാക്കുകൾക്കു പകരം ഈ പാഠത്തിൽനിന്നു പഠിച്ച വാക്കുകൾ എഴുതുക :—

   കൃഷിക്കാരൻ =
   ജോലി ചെയ്യുക =
   വയൽ =
   മടയൻ =
   കൃതജ്ഞത =
   വെളുപ്പാൻ കാലം =

2. വിപരീതപദം എഴുതുക :—

   അടുത്തു് ×
   മടയൻ ×
   കുറച്ചു് ×

3. എഴുതി എഴുതി, ചിരിച്ചു ചിരിച്ചു്, നോക്കി നോക്കി, കടിച്ചു കടിച്ചു് എന്നീ ഇരട്ട വാക്കുകൾ താഴെക്കാണുന്ന വാക്യങ്ങളിൽ, വരയിട്ടിട്ടുള്ളിടത്തു് എഴുതുക :—

   — — എന്റെ കൈ കുഴഞ്ഞു.
   അവൻ — — മണ്ണുകപ്പി
   — — എന്റെ കണ്ണു കുഴയ്ക്കുന്നു.
   വെള്ളം — — വയർ കുടംപോലെയായി.

4. (i) കർഷകൻ കഴുതയെ ശിക്ഷിച്ചതെങ്ങനെ?
   (ii) കഴുത കാളയെ പററിച്ചതെങ്ങനെ?
   (iii) ആരാണു കൂടുതൽ മടയൻ — കാളയോ കഴുതയോ?
5. ഈ കഥ നിങ്ങൾ അഭിനയിക്കണം. അഭിനയിക്കുമ്പോൾ പുസ്തകം തുറന്നു നോക്കാതിരിക്കുന്നതാണു മിടുക്ക്.

---

പാഠം 19

## ആരോഗ്യം

ആരോഗ്യം എന്ന പദത്തിന് രോഗമില്ലായ്മ എന്നാണ് അർത്ഥം. ആരോഗ്യം ഉണ്ടെങ്കിലേ ഉന്മേഷം തോന്നുകയുള്ളു.

നമ്മുടെ പ്രയത്നങ്ങളെല്ലാം സുഖമായി ജീവിക്കുന്നതിനാണല്ലോ. സുഖം ഉണ്ടാകണമെങ്കിൽ ആരോഗ്യം വേണം. ദരിദ്രനായിരുന്നാലും ആരോഗ്യമുണ്ടെങ്കിൽ ജോലിചെയ്ത് സുഖമായി ജീവിക്കുവാൻ കഴിയും.

ആരോഗ്യമില്ലാത്തവർ വളരെ കഷ്ടത അനുഭവിക്കുന്നു. അവരെക്കൊണ്ട് മററു പലക്കും ബുദ്ധിമുട്ട് ഉണ്ടാകും. രോഗികളെ ശുശ്രൂഷിക്കുന്നതിന് ആളുകൾ ഉറക്കമൊഴിഞ്ഞു കാത്തിരിക്കണം; വൈദ്യനെ വിളിച്ചുകൊണ്ടുവരണം;

മരുന്നു് അന്വേഷിക്കണം ; പത്ഥ്യമായ ആഹാരം തയ്യാറാക്കണം ; വളരെയധികം പണം ചെലവാക്കണം. ഇങ്ങനെ മററുള്ളവർ വിഷമിച്ചാലും അസുഖം മുഴവൻ രോഗിതന്നെ അനുഭവിക്കയും വേണം. അതുകൊണ്ടു് രോഗം പിടിപെടാതിരിക്കാൻ നാം വേണ്ടതെല്ലാം ചെയ്യേണ്ടതാണു്.

ആരോഗ്യം രക്ഷിക്കുന്നതിനു് ചില കാര്യങ്ങൾ അറിഞ്ഞിരിക്കണം. ശുദ്ധവായു ശ്വസിക്കണം. വായു പലതരത്തിൽ അശുദ്ധമാകും. ചീഞ്ഞതും അളിഞ്ഞതും ആയ സാധനങ്ങൾ കൊണ്ടു് വായു ദുഷിക്കും. അങ്ങനെയുള്ള അശുദ്ധമായ വായു ശ്വസിച്ചാൽ രോഗമുണ്ടാകും. അതുകൊണ്ടു് കളിക്കുന്നതും ഇരിക്കുന്നതും ഉറങ്ങുന്നതും എല്ലാം ശുദ്ധവായു ധാരാളം ഉള്ള സ്ഥലത്തായിരിക്കണം. വീടു്, പള്ളിക്കൂടം മുതലായ കെട്ടിടങ്ങൾക്കെല്ലാം ധാരാളം വാതിലുകളും ജനാലകളും വേണ്ടതാണു്.

ശുദ്ധവായു പോലെ തന്നെ ആരോഗ്യത്തിനു് ആവശ്യമാണു് ശുദ്ധജലവും. ചപ്പും ചവറും വീണു് അഴകിയാൽ വെള്ളം ചീത്തയാകും. ചീത്ത വെള്ളത്തിൽ രോഗാണുക്കൾ ഉണ്ടായിരിക്കും. അതുകൊണ്ടു് ചീത്ത വെള്ളം കുടിക്കാനും കുളിക്കാനും മററും ഉപയോഗിക്കരുതു്.

ആഹാരത്തെപ്പററിയും ചില കാര്യങ്ങൾ ശ്രദ്ധിക്കാനുണ്ടു്. ചീഞ്ഞതും ദുഷിച്ചതുമായ

ആഹാരസാധനങ്ങൾ ഉപയോഗിച്ചാൽ രോഗങ്ങൾ ഉണ്ടാകും. നല്ല ഭക്ഷണമായാലും കൂടുതൽ കഴിച്ചാൽ ദഹനക്കേട് വരാം. ദഹനക്കുറവ് രോഗത്തിനു കാരണമാകും.

വ്യായാമവും ആരോഗ്യത്തിനു കൂടിയേ തീരൂ. നാം കഴിക്കുന്ന ആഹാരം ശരിയായി ദഹിക്കണമെങ്കിൽ വ്യായാമം വേണം. കളിക്കുക, നടക്കുക, കിളയ്ക്കുക, വെള്ളം കോരുക മുതലായവ നല്ല വ്യായാമങ്ങളാണ്.

വ്യായാമം മാത്രം പോരാ, വിശ്രമവും വേണം. കുറച്ചുനേരം ഓടിക്കളിച്ചാൽ എവിടെയെങ്കിലും ഒന്ന് ഇരിക്കണമെന്നു നിങ്ങൾക്കു തോന്നാറില്ലേ ? രസമുള്ള പുസ്തകം വായിച്ചാലും വിനോദങ്ങളിൽ ഏർപ്പെട്ടാലും വിശ്രമം കിട്ടും. എന്നാൽ ശരിയായ വിശ്രമം കിട്ടുന്നത് ഉറക്കം കൊണ്ടാണ്. രാത്രിയിൽ ഏഴോ എട്ടോ മണിക്കൂർ നേരം നല്ല വായു സഞ്ചരിക്കുന്നിടത്തു കിടന്ന് ഉറങ്ങണം. അത് ആരോഗ്യത്തിന് അത്യാവശ്യമാണ്.

## അഭ്യാസം

1. കേട്ടെഴുത്തിനുള്ള പദങ്ങൾ :—

| | |
|---|---|
| ആരോഗ്യം | ശ്വസിക്കുക |
| ശുദ്ധം | വൈദ്യൻ |
| പ്രയത്നം | അത്യാവശ്യം |
| പഥ്യം | രോഗാണുക്കൾ |

2. പൂരിപ്പിക്കുക :—

    ദരി — ൻ  അ — ഷിക്ക
    അന — വിക്ക  — ശ്രൂഷിക്ക

[ദ്ര, ഭ, ന്യ, ശു എന്നീ അക്ഷരങ്ങളിൽ യോജി ക്കുന്ന ഒരെണ്ണം ഓരോ വാക്കിലും ചേർക്കണം.]

3. വിപരീത പദം എഴുതുക :—

    സുഖം ×  ; ശുദ്ധം ×

4. വ്യത്യാസം പറയുക :—

    (i) ആവശ്യമാണ്—അത്യാവശ്യമാണ്.
    (ii) വിശ്രമം വേണം—വിശ്രമം കൂടിയേതീരൂ.


5. പൂരിപ്പിക്കുക :—

    (i) ആരോഗ്യം വേണമെങ്കിൽ—ശ്വസിക്കണം.
    (ii) ധാരാളം പ്രയത്നിക്കുന്നവർക്ക് — വേണം.

[ശുദ്ധവായു, വിശ്രമം എന്നീ പദങ്ങൾ വേണ്ടിടത്തു ചേർക്കുക.]

പാഠം 20

# ഉറിയിൽ തൂങ്ങിയ ഉണ്ണികൃഷ്ണൻ



സ്നാനത്തിനായിട്ടു മാതാവു പോകുന്ന
കാലത്തെപ്പാർത്തു നിന്നന്നൊരു നാൾ,
വെണ്ണയും പാലും വെച്ചുള്ളകം പൂകിനാൻ
വേഗത്തിൽ നോക്കിക്കൊണ്ടങ്ങുമിങ്ങും.

തൂക്കിന നല്ലുറിതൻ കീഴിൽ ചെന്നിട്ടു
നോക്കി നിന്നീടിനാനൊട്ടു നേരം,

പാരിച്ചു ഖേദിച്ചാൻ നീളമില്ലായ്കയാ-
ലീരേഴുലകമളന്നവൻ താൻ.

എന്തിനി നല്ലതെന്നിങ്ങനെ തന്നിലേ
ചിന്തിച്ചു നിന്നു നുറുങ്ങു നേരം,

ദൂരത്തു നിന്നൊരു പാഴ്മരൽ കൊണ്ടുവന്നു
ചാരത്തു ചാലെക്കമെഴ്ത്തി വച്ചാൻ.

ഉന്നതി പോരാഞ്ഞു പിന്നെയതിന്മേല-
ങ്ങുന്നതമായൊരു പീഠം വച്ചാൻ.

പെട്ടെന്നു പാഞ്ഞു കരേറിനാൻ തന്മീതെ
പൊട്ടനല്ലേതുമവററിനെല്ലാം.

ചിത്തം തെളിഞ്ഞിട്ടു പുത്തനാം നല്ലറി-
യെത്തിനിന്നങ്ങു പിടിക്കുന്നേരം

പീഠം പിരണ്ടു നിലത്തങ്ങു വീഴ്കയാ-
ലാടിത്തുടങ്ങിനാനങ്ങുമിങ്ങും.

ചാലെക്കരഞ്ഞു തുടങ്ങിനാൻ പിന്നെയോ
ബാലകന്മാരുടെ ശീലമല്ലോ.

കൃഷ്ണഗാഥ] [ചെറുശ്ശേരി

## അഭ്യാസം

1. അമ്മ കുളിക്കാൻ പോയപ്പോൾ കൃഷ്ണൻ എന്തു ചെയ്തു? കുളി എന്നതിനു പകരം എന്തു വാക്കാണു് ഉപയോഗിച്ചിരിക്കുന്നതു്?
2. എന്തുകൊണ്ടാണു് കൃഷ്ണൻ വളരെ ദുഃഖിച്ചതു്? ഉറിയിൽ എത്തുവാൻ എന്തുപായം കണ്ടുപിടിച്ചു? ഉറി എത്തിപ്പിടിക്കുമ്പോൾ എന്തു പററി?
3. കൃഷ്ണൻ പതിന്നാലു ലോകവും അളന്നതെങ്ങനെ? മഹാബലിയുടെ കഥ അറിയാമോ?
4. അല്പനേരം എന്ന അത്ഥത്തിൽ കവി ഉപയോഗിച്ചിട്ടുള്ള രണ്ടു വാക്കു പറയുക.

5. ഓൎമ്മിക്കുക :—

ദൂരത്തു് × ചാരത്തു്. നതം × ഉന്നതം.

6. ഇതിൽ ഏതു വരികളോടാണ് നിങ്ങൾക്കു കൂടുതൽ ഇഷ്ടം തോന്നുന്നതു്? എന്തുകൊണ്ടു്?

---

പാഠം 21

# ഹിംസിക്കരുതു്

## രംഗം ഒന്നു്

[വടക്കേ ഇന്ത്യയിലെ പുല്ലു നിറഞ്ഞ ഒരു മൈതാനം. സമയം നട്ടുച്ച. ബുദ്ധൻ നടന്നുപോകുന്നു. ഒരു ആട്ടിൻപററത്തെ തെളിച്ചുകൊണ്ടു് ഏതാനും ഇടയന്മാർ വരുന്നു.]

ഒരു ഇടയൻ:—നടക്കു്, ആടേ, നടക്കു്, ഉം, ഉം, (വടി വീശിക്കൊണ്ടു്) നേരെ- നേരെ. ഇന്നു് അലയാനും മേയാനും ഒന്നും നേരമില്ല.

ബുദ്ധൻ:—(തിരിഞ്ഞുനോക്കിക്കൊണ്ടു്) ഇന്നു് ഈ ആട്ടുകൾക്കു് മേയാൻ നേരമില്ലെന്നോ? എന്തുപററി? നേരം ഉച്ചയായല്ലേ ഉള്ളു? നല്ല പുല്ലുരപ്പു്! ഇവിടെയെങ്ങാനും നിൎത്തി, കുറേ നേരം മേച്ചാലെന്താ? ഇത്ര നല്ല ഇളംപുല്ലു് മററെവിടെ കിട്ടും?

ഇടയൻ:—ഇന്നു് അതിനൊന്നും നേരമില്ലെന്നേ. നടക്കു്, ആടേ, നടക്കു്, ഇങ്ങോട്ടു്. (പുല്ലു തിന്നാൻ തിരിഞ്ഞുനിന്ന ഒരാടിനെ അടിക്കുന്നു.)

ബുദ്ധൻ :—കഷ്ടം! വിശന്നുവലഞ്ഞപ്പോൾ ഒരു പുല്ലുകടിച്ചതു് കററമായിപ്പോയോ? ഇങ്ങനെ ശിക്ഷിക്കാൻ തുടങ്ങിയാൽ നമ്മെ എന്തിനെല്ലാം ശിക്ഷിക്കണം?

ഇടയൻ :—ഇവററയെ നേരത്തിന് എത്തിച്ചില്ലെങ്കിൽ എന്നെ ശിക്ഷിക്കും.

ബുദ്ധൻ :—എവിടെയാണു് എത്തിക്കേണ്ടതു്? ഇവയെ മേയാൻ സമ്മതിച്ചാൽ നിന്നെ ആരു ശിക്ഷിക്കും? വിശക്കുന്ന ജീവിയെ തീററണം. അതാണു് ധമ്മം. സാധുക്കൾ! കുറച്ചുനേരം മേയട്ടെ. അടുത്തുതന്നെ ഗംഗാനദി ഉണ്ടല്ലോ. വെള്ളവും കുടിപ്പിക്കാം. പിന്നെ മരങ്ങളുടെ തണലിൽ കിടന്നു് അയവിറക്കട്ടെ. സൗകര്യംപോലെ ആട്ടിക്കൊണ്ടു പോകാമല്ലോ.

ഇടയൻ :—ഇവററയെ കൊണ്ടുചെല്ലാൻ വൈകിയാൽ യാഗം മുടങ്ങും; മഹാരാജാവു് കോപിക്കും. എൻെറ തല പിന്നെ കാണുകയില്ല.

ബുദ്ധൻ :—യാഗത്തിനു കുരുതി കഴിക്കാനാണോ ഈ പാവങ്ങളെ കൊണ്ടുപോകുന്നതു്? കഷ്ടം! ചിലർ പറഞ്ഞുപരത്തുന്ന നുണ കൊണ്ടു് എന്തെല്ലാം അനത്ഥങ്ങളാണു് സംഭവിക്കുന്നതു്! സാധുജീവികളെ ഹിംസിച്ചിട്ടുവേണോ പുണ്യം നേടാൻ? ഹിംസിച്ചാൽ എങ്ങനെ പുണ്യം കിട്ടും?

ഇടയൻ :—അവിടെ യാഗം നടന്നുകൊണ്ടിരിക്കുകയാണ്.

ബുദ്ധൻ :—(നൊണ്ടി നൊണ്ടി നടക്കുന്ന ഒരു ആട്ടിൻകുട്ടിയെ നോക്കിക്കൊണ്ട്) ഇതിന്നു നടക്കാൻ തീരെ വയ്യ. ഇങ്ങനെ ഓടിച്ചാൽ അവിടെ എത്തുന്നതിനു മുമ്പേ പാവം ചത്തുപോകും. ഇതിനെ ഞാൻ എടുത്തോളാം. ഞാനും വരാം യാഗശാലയിലേയ്ക്കു്.

(ബുദ്ധൻ ആട്ടിൻകുട്ടിയെ ചുമലിലേററി നടക്കുന്നു. ഇടയൻ ആട്ടിൻപററത്തെ ആട്ടിക്കൊണ്ടു മുമ്പിലും.)



രംഗം രണ്ട്

[യാഗശാല—ഹോമകുണ്ഡത്തിൽ തീ എരിയുന്നു. പുരോഹിതന്മാർ അടുത്ത് ഇരിക്കുന്നു. ഒരു ഭാഗത്ത് ബിംബിസാരരാജാവും ഉണ്ട്. ഒരാൾ മന്ത്രം ചൊല്ലി കത്തിയും പിടിച്ചു നില്ക്കുന്നു. ഒരു കുററിയിൽ ഒരു ആടിനെ കെട്ടിയിട്ടുണ്ട്.]

ബുദ്ധൻ :—(പ്രവേശിച്ച്) ഒന്നു മാറിനില്ക്കിൻ. ഈ സാധുജീവിയെ രക്ഷിക്കട്ടെ.

ഒരാൾ :—ആരാണിദ്ദേഹം ? എന്തൊരു തേജസ്സാണ്! എന്തൊരു ദയയാണ് ആ കണ്ണുകളിൽ ! ഒരു മുടന്തനാടിനെ ചുമലിൽ എടുത്തിരിക്കുന്നു !

മറെറാരാൾ :—അല്ല, യാഗത്തിനുള്ള ആടിനെ കുററിയിൽനിന്നും അഴിച്ചുവിട്ടല്ലോ !

പുരോഹിതൻ :—(ദേഷ്യപ്പെട്ട്) എന്താണ് ഈ കാണിച്ചതു് ? ഇതു് യാഗത്തിനുള്ള മൃഗമാണ്. അറിഞ്ഞുകൂടേ ?

ബുദ്ധൻ :—അറിയാവുന്നതുകൊണ്ടാണല്ലോ അഴിച്ചുവിട്ടതു്. ഇതിനെ സൃഷ്ടിച്ചതു കൊല്ലാനല്ല.

പുരോഹിതൻ :—പിന്നെ എങ്ങനെ യാഗം നടക്കും ?

ബുദ്ധൻ :—ആരു പറഞ്ഞു, യാഗം ചെയ്യണമെന്നു് ? യാഗം ആക്കുവേണ്ടി ? ഈ ജന്തുവിനു വേണ്ടിയോ, നിങ്ങൾക്കുവേണ്ടിയോ, അതോ മററു വല്ലവക്കും വേണ്ടിയോ ?

പുരോഹിതൻ :—അക്കായ്യം അങ്ങേയ്ക്കും അറിയാമല്ലോ. ദേവന്മാരുടെ പ്രീതിക്കുവേണ്ടിയല്ലേ യാഗം ? അവർ പ്രസാദിക്കാഞ്ഞാൽ നമുക്കു ശ്രേയസ്സുണ്ടോ ?

ബുദ്ധൻ :—അപ്പോൾ യാഗം ദേവന്മാർക്കും നിങ്ങൾക്കുംവേണ്ടിയാണ്, അല്ലേ? ആതിനു

പാവപ്പെട്ട ഈ ജന്തുവാണോ തുലയേണ്ടതു് ? (തൊണ്ടയിടറിക്കൊണ്ടു്) ഞാൻ പറയട്ടെ : പ്രാണികളെക്കൊന്നു് ഒരു നന്മയും നേടാനില്ല. പ്രാണിഹിംസ പാപമാണു്. നാമല്ല ജന്തുക്കൾക്കു ജീവൻ കൊടുത്തതു്. ആ നിലയ്ക്കു് അതില്ലാതാക്കാനും നമുക്കു് അധികാരമില്ല.

പുരോഹിതൻ :—മഹാരാജാവു് എന്താണു മിണ്ടാതെ നില്ക്കുന്നതു് ? യാഗം മുടക്കിയതു കണ്ടില്ലേ ?

ബിംബിസാരൻ:—ഇദ്ദേഹം പറയുന്നതാണു ശരി എന്നു് എനിക്കു തോന്നുന്നു. (ബുദ്ധനോടു്) മഹാത്മാവേ, ഇന്നു മുതൽ അങ്ങയുടെ ശിഷ്യനാകാൻ ഞാൻ ആഗ്രഹിക്കുന്നു. (ബുദ്ധനെ വണങ്ങുന്നു.)

ബുദ്ധൻ :—മഹാരാജാവേ, അങ്ങു മേലിൽ ഒരു ജീവിയേയും ദ്രോഹിക്കാൻ അനുവദിക്കരുതേ ! അവയോടു് നാം ദയ കാണിച്ചില്ലെങ്കിൽ, ഈശ്വരൻ നമ്മോടു് ദയ കാണിക്കുമോ ?

ബിംബിസാരൻ :—യാഗം അവസാനിപ്പിച്ചിരിക്കുന്നു. ഒരു ജീവിയേയും കൊന്നിട്ടു് എനിക്കു മേന്മ വേണ്ട. ഇനി ഈ നാട്ടിൽ ആരും ജന്തുക്കളെ ഹിംസിക്കരുതു്.

ബുദ്ധൻ:—മഹാരാജാവേ, അങ്ങയ്ക്കു നന്മ വരട്ടെ!!

(എല്ലാവരും പോകുന്നു.)

## അഭ്യാസം

1. അൎത്ഥഭേദം ഗ്രഹിക്കുക. (വരയിട്ട വാക്കിൻെറ അൎത്ഥം മാത്രം) :—

   ആട്ടമേയുന്നു        പുരമേയുന്നു

2. കേട്ടെഴുത്തിനുള്ള പദങ്ങൾ :—

   | | |
   |---|---|
   | അനൎത്ഥം | സംഭവം |
   | ഹിംസ | ഈശ്വരൻ |
   | ഹോമകുണ്ഡം | അഗ്നികുണ്ഡം |
   | സൗകൎയ്യം | പുണ്യം |
   | സൃഷ്ടി | ദ്രോഹം |

3. (1) ആരുടെ യാഗത്തിനാണ് ആട്ടുകളെ കൊണ്ടു പോയതു് ?
   (2) ബുദ്ധൻ മുടന്തനാടിനെ തോളിലേററി നടന്നതു് എന്തുകൊണ്ടു് ?
   (3) ബുദ്ധൻ യാഗത്തിനു നിൎത്തിയിരുന്ന ആടിനെ എന്തു ചെയ്തു ?
   (4) ബുദ്ധൻ രാജാവിനു് എന്തുപദേശമാണു് കൊടുത്തതു് ?
   (5) ഉപദേശത്തിൻെറ ഫലം എന്തായിരുന്നു ?

4. ഈ നാടകം അഭിനയിക്കണം. പുസ്തകം നോക്കാതെ അഭിനയിക്കുന്നതാണു് നല്ലതു്.

5. ഇതു് അഭിനയിക്കുന്നതിനു് ആവശ്യമുള്ള സാധനങ്ങളുടെ പേരു് എഴുതുക.

പാഠം 22

# ഗോപിയുടെ കത്തു്


ചന്ദ്രാലയം,
ചെമ്പുക്കാവു്, തൃശ്ശൂർ.
1961 ഡിസംബർ 23.

പ്രിയപ്പെട്ട അമ്മേ,

ഇന്നലെ ഉച്ചയ്ക്കാണല്ലോ അച്ഛനും ഞാനും കൂടി കോഴിക്കോട്ടുനിന്നു പോന്നതു്. സന്ധ്യയ്ക്കു മുമ്പായി ഞങ്ങൾ തൃശ്ശൂരു് ഇറങ്ങി. സ്റ്റേഷനിൽ അമ്മാവൻ വന്നിരുന്നു. ഞങ്ങൾ നേരെ അമ്മാവന്റെ വീട്ടിലേയ്ക്കുപോയി. ഇന്നു രാവിലെ കാപ്പി കഴിഞ്ഞു് അമ്മാവൻ എന്നെ കാഴ്ചബംഗ്ലാവിൽ കൊണ്ടുപോയി. ഉച്ചയാകുന്നതുവരെ ഞങ്ങൾ അവിടെ ചുററി നടന്നു.

എന്തെല്ലാം മൃഗങ്ങളാണു് അവിടെ! പുള്ളിപ്പുലി, വരയൻപുലി, കരിമ്പുലി—എല്ലാം അഴിയിട്ട കൂടുകളിലാണു്. അടുത്തുചെന്നു് ഞങ്ങൾ കണ്ടു. സിംഹങ്ങളുടെ ഗൗരവമുള്ള നടപ്പും നില്പും ഒന്നു കാണേണ്ടതുതന്നെ. മാനുകൾ ഓടി വന്നു. ഞങ്ങൾ കമ്പിവേലിയുടെ അരികെ നിന്നു. എന്തു സൗമ്യത! ഞങ്ങളുടെ കയ്യിൽ ഇരുന്ന പഴം അവയ്ക്കു കൊടുത്തു. എനിക്കു് മാൻപററത്തെ എത്ര കണ്ടിട്ടും മതിയായില്ല.

വേറൊരു ഭാഗത്ത് കുരങ്ങുകളുടെ കൂടാണ്. അടുത്തുചെന്നാൽ പിന്നെ പോരാൻ തോന്നുക



യില്ല. എന്തെല്ലാം വികൃതിത്തരങ്ങളാണ് അവ കാട്ടുന്നത്! മറെറാരു ഭാഗത്ത് മയിൽ, ഞാറ മുതലായ പക്ഷികളുണ്ട്.

ഒരു കെട്ടിടത്തിൽ നിറയെ പലതരം പാമ്പുകളെ ഇട്ടിരിക്കുന്നു. ചില്ലിട്ട കൂടുകളുടെ അകത്താണ് അവ കിടക്കുന്നതെങ്കിലും ആ മുറിയിലേയ്ക്കു കടക്കുമ്പോൾ പേടി തോന്നും. പാമ്പുകളിൽത്തന്നെ എത്രയെത്ര തരങ്ങളാണ്! മൂർക്കൻ! വെള്ളിക്കെട്ടൻ! ചേനത്തണ്ടൻ! അണലി!—എല്ലാം അവിടെയുണ്ട്.

അടുത്തൊരു കെട്ടിടത്തിൽ ഭംഗിയുള്ള പല സാധനങ്ങളും ശേഖരിച്ചുവച്ചിട്ടുള്ളതു് ഞങ്ങൾ കണ്ടു. ഒരാളെക്കാൾ കൂടുതൽ വലിപ്പത്തിൽ ഉണ്ടാക്കി ചായമിട്ട കഥകളിവേഷങ്ങളാണു് എന്നെ ഏററവും അധികം ആകർഷിച്ചതു്. ഓടുകൊണ്ടു് പലതരത്തിലുള്ള വിളക്കുകൾ, തടികൊണ്ടും മററും ഉണ്ടാക്കീട്ടുള്ള വീട്ടുസാമാനങ്ങൾ, കരിങ്കൽപ്രതിമകൾ, പഴയ ആഭരണങ്ങൾ, കാട്ടുജാതിക്കാരുടെ ഉപകരണങ്ങൾ, മഹാരാജാക്കന്മാരുടെ ഉടുപ്പുകൾ, മൃഗങ്ങളുടെ അസ്ഥികൂടങ്ങൾ, പ്രാചീനായുധങ്ങൾ—അങ്ങനെ കാണാനും പഠിക്കാനും എന്തെല്ലാം സാധനങ്ങൾ! എല്ലാററിനെപ്പററിയും അമ്മാവൻ എനിക്കു പറഞ്ഞുതന്നു.

കാഴ്ചബംഗ്ലാവു കണ്ടു് ഞാൻ വളരെ സന്തോഷിച്ചു. അതു് ഒരു അത്ഭുത ലോകമാണെന്നു് എനിക്കു തോന്നി. പക്ഷെ അമ്മാവൻ പറയുകയാണു്, തൃശ്ശൂരെ കാഴ്ചബംഗ്ലാവു് വളരെ ചെറുതാണെന്നു്. തിരുവനന്തപുരത്തെ കാഴ്ചബംഗ്ലാവു് ഇതിലും എത്രയോ വലുതാണത്രെ! വേനലൊഴിവുകാലത്തു് ഒരു ദിവസം എന്നെ തിരുവനന്തപുരത്തു കൊണ്ടുപോകാമെന്നു് അമ്മാവൻ ഏററിട്ടുണ്ടു്. എനിക്കു കാഴ്ചബംഗ്ലാവും മൃഗശാലയും ചിത്രാലയവും ഒക്കെ ഒന്നു കാണണം.

അമ്മയ്ക്കു് സുഖമെന്നു കരുതുന്നു. ബുധനാഴ്ച ഞങ്ങൾ വീട്ടിൽ തിരിച്ചുവരും. അനുജത്തിക്കു കളിക്കാൻ മരംകൊണ്ടുള്ള ഒരാനയെ

ഞാൻ വാങ്ങിക്കൊണ്ടുവരുന്നുണ്ട്. കുടയും കോലവും നെററിപ്പട്ടവും ഉണ്ട്, ഈ ആനയ്ക്കു്.

സ്നേഹപൂർവ്വം, മകൻ
ഗോപി.

## അഭ്യാസം

1. ഗോപി താമസിച്ചിരുന്ന വീടിൻെറ പേരെന്തു് ? ആ വീടു് ഏതു പ്രദേശത്താണു് ? ആ പ്രദേശം ഏതു പട്ടണത്തിലാണു് ? എന്നാണു് ഈ എഴുത്തു് എഴുതിയതു് ?

[ഈ സംഗതിയൊക്കെ അറിയാം. എഴുതെഴുതിയിരിക്കുന്ന കടലാസിന്റെ മുകളിൽ വലത്തുഭാഗത്തു് അതെല്ലാം കുറിച്ചിരിക്കുന്നു. നിങ്ങൾ കത്തയക്കുമ്പോഴും നിങ്ങളുടെ ഈ വിവരങ്ങളൊക്കെ ഇങ്ങനെ എഴുതണം, മറക്കരുതു്.]

2. ആർക്കാണു് ഈ കത്തു്? എഴുത്തെന്നും കത്തെന്നും ഒരേ അർത്ഥത്തിലാണു പറയുന്നതു്. ഇടത്തു ഭാഗത്തുള്ള സംബോധന നോക്കൂ. 'പ്രിയപ്പെട്ട അമ്മേ' എന്നു്. ജ്യേഷ്ഠന്നാണു് ഈ കത്തു് അയക്കുന്നതെങ്കിലോ, എന്തായിരിക്കണം സംബോധന ? 'പ്രിയപ്പെട്ട ജ്യേഷ്ഠാ' എന്നല്ലേ വേണ്ടതു് ? പ്രിയസ്നേഹിതാ, പ്രിയപ്പെട്ട അനുജത്തി, പ്രിയപ്പെട്ട ഗുരുനാഥാ ഇങ്ങനെയൊക്കെ സന്ദർഭം അനുസരിച്ചു് എഴുതാം.

3. ഈ കത്തിൻെറ അടിയിൽ എഴുതിയിരിക്കുന്നു, സ്നേഹപൂർവ്വം, മകൻ ഗോപി എന്നു്. ഇങ്ങനെ

എഴുതിയിരുന്നില്ലെങ്കിൽ ആരാണു് കത്തയച്ചതു് എന്നു മനസ്സിലാവാതെ പോവും. ചിലപ്പോൾ ഊഹിക്കാം. ഊഹിച്ചാൽ പോരല്ലോ, വിശ്വാസമാവണ്ടേ ?

4. ഈ കത്തു് ഒരു സ്റ്റാമ്പൊട്ടിച്ച കവറിൽ ആണു് ഇട്ടിരുന്നതു്. കവറിൻെറ പുറത്തു് അമ്മയുടെ മേൽവിലാസം എഴുതിയിരുന്നു. ആ കവർ എവിടെപ്പോയി ? കാണാനില്ല. മേൽവിലാസം ഉണ്ടായിരുന്നു, നിശ്ചയം. ഇല്ലെങ്കിൽ തപാൽശിപായി എഴുത്തു് എങ്ങനെ കൊണ്ടെത്തിക്കും ?

നിങ്ങൾ കത്തെഴുതി അയക്കുമ്പോൾ, കത്തു് കിട്ടേണ്ട ആളുടെ പേരും മേൽവിലാസവും എഴുതണം. മറക്കരുതു്. ഒന്നു രണ്ടു മാതൃക കാണിക്കാം :—

(i) ശ്രീ എം. പ്രഭാകരൻ നായർ,
മംഗളാലയം,
കണ്ണൂർ.

(ii) ശ്രീ കെ. ജെ. തോമസ്,
വിദ്യാർത്ഥി,
ഒൻപതാം ക്ലാസ്സ്,
ഗണപതി ഹൈസ്കൂൾ,
കോഴിക്കോട്ട്.


5. നിങ്ങളുടെ പിറന്നാൾ, വിദ്യാലയത്തിലെ വാർഷികോത്സവം, അടുത്തുകഴിഞ്ഞ പരീക്ഷ— ഇവയിൽ ഏതെങ്കിലും ഒന്നോ രണ്ടോ വിഷയ

ങ്ങളെക്കുറിച്ച് ഓരോ കത്തെഴുതുക, അദ്ധ്യാപകനെ കാണിക്കുക. എല്ലാം ശരിയായിട്ടുണ്ടോ എന്നു് അറിയണ്ടേ?

---

പാഠം 23

## ബാലലീല



ഓമനക്കുട്ടൻ ഗോവിന്ദൻ—ബല
രാമനെക്കൂടെക്കൂടാതെ
കാമിനീമണിയമ്മ ത-ന്നങ്ക
സീമനി ചെന്നു കേറിനാൻ.

അമ്മയുമപ്പോൾ മാറണച്ചിട്ട
ങ്ങുമ്മവച്ചു കിടാവിനെ,
അമ്മിഞ്ഞ നല്കിയാനന്ദിപ്പിച്ചു
ചിന്മയനപ്പോളോതിനാൻ :—
ഒപ്പത്തിലുള്ള കുട്ടികളൊരു
മുപ്പത്തിരണ്ടു പേരുണ്ട്;
അപ്പിള്ളരായ്‌വനത്തിൽക്കളിപ്പാ
നിപ്പോൾ ഞാനമ്മേ പോകട്ടെ?
"അയ്യോയെന്നുണ്ണി പോകൊല്ലേയിപ്പോൾ;
തീയുപോലുള്ള വെയിലല്ലേ?"
"വെറുതേയെന്നമ്മേ തടയൊല്ലേ,—പോട്ടേ
പരിചോടുണ്ണികൾക്കുണ്ണുവാൻ
നറുനെയ്യു കൂട്ടിയുരുട്ടീട്ടും—നല്ലോ
രുറതൈരു കൂട്ടിയുരുട്ടീട്ടും
വറുത്തൊരുപ്പേരി പതിച്ചിട്ടമീര
ണ്ടുരുളയുമെൻെറ മുരളിയും
തരിക"യെന്നൊന്നങ്ങരുളിച്ചാഞ്ചാടി
ത്തരസാ കണ്ണൻതാൻ പുറപ്പെട്ടാൻ.

—വെണ്മണിമഹൻ

അഭ്യാസം

1. ശ്രീകൃഷ്ണൻ എന്നതിന്ന പകരം ഈ പാഠത്തിൽ ഉപയോഗിച്ചിട്ടുള്ള വാക്കുകൾ ഏവ?
2. (1) ആരുടെ ബാലലീലയെപ്പററിയാണ് ഈ പാട്ട്?
   [അടുത്ത മൂന്ന ചോദ്യങ്ങൾക്കും കവിവാക്യത്തിൽ ഉത്തരം പറയണം]
   (2) ശ്രീകൃഷ്ണൻ അമ്മയോട്ട് എന്താണ ചോദിച്ചത്?
   (3) അമ്മയുടെ ഉത്തരം എന്തായിരുന്നു?
   (4) അതിന്ന ശ്രീകൃഷ്ണന്റെ മറുപടി എന്തായിരുന്നു?
3. ഈ പാഠത്തിൽ ഓരോ കുട്ടിക്കും കൂടുതൽ ഇഷ്ടമുള്ള നാലുവരി പാടുക.

---

പാഠം 24

# യഥാർത്ഥ ഭക്തൻ

ഒരു പ്രഭാതം. കാശിയിലെ വിശ്വനാഥക്ഷേത്രത്തിൽ ഭക്തന്മാർ തിങ്ങിനില്ക്കുകയായിരുന്നു. ഇടവിടാതെ മണിനാദം മുഴങ്ങുന്നു. ചിലർ കീർത്തനങ്ങൾ പാടുന്നു. മററു ചിലർ ഉച്ചത്തിൽ ജപിക്കുന്നു. അങ്ങനെ ഭക്തിയിൽ സകലരും മുഴുകിയിരിക്കയാണ്.

പെട്ടെന്ന് "ഘ്ണീം" എന്നൊരു ശബ്ദം! ആളുകൾ ഞെട്ടിപ്പോയി! സകലരുടേയും ശ്രദ്ധ ശബ്ദം കേട്ടിടത്തേയ്ക്കു തിരിഞ്ഞു. ക്ഷേത്ര

ത്തിന്റെ മുമ്പിൽ എന്താണ കണ്ടതു് ? മിന്നിത്തിളങ്ങുന്ന ഒരു സ്വർണ്ണത്തളിക! പൂജാരി ആ പാത്രം സൂക്ഷിച്ചുനോക്കി· അതിൽ ഇങ്ങനെ എഴുതിയിരുന്നു :—" യഥാർത്ഥഭക്താ, ഈ സമ്മാനം എടുത്തു കൊള്ളുക."



പൂജാരി ഈ വാക്യം ഉറക്കെ വായിച്ചു. എന്നിട്ടു് അയാൾ പറഞ്ഞു :— " ഇതു് ഈശ്വരൻ തന്നിരിക്കുന്ന സമ്മാനമാണു്. യഥാർത്ഥ ഭക്തനു് ഇതു് എടുത്തുകൊള്ളാം."

ആ സ്വർണ്ണപ്പാത്രം വീണ സ്ഥലത്തുനിന്നും മാററിയില്ല. അതിനെ സൂക്ഷിക്കാൻ പൂജാരി കാവൽക്കാരെ ഏർപ്പെടുത്തി.

ക്ഷേത്രത്തിലുണ്ടായിരുന്ന ഭക്തന്മാരുടെ ജപവും ധ്യാനവും നിലച്ചു. അവരുടെ ശ്രദ്ധ മുഴുവൻ സ്വർണ്ണപ്പാത്രത്തിലായി. എല്ലാവർക്കും ആ തളിക കിട്ടണമെന്ന് ആഗ്രഹം ജനിച്ചു. പക്ഷെ ഭക്തനാണെന്നു തെളിയിക്കണ്ടേ? അതിന്നു പലരും ശ്രമിച്ചു. എന്നാൽ അവർ ഭക്തന്മാരാണെന്നു പൂജാരി സമ്മതിച്ചുകൊടുത്തില്ല.

അക്കൂട്ടത്തിൽ ഒരു പ്രഭുവും ഉണ്ടായിരുന്നു. അദ്ദേഹം പൂജാരിയോട് പറഞ്ഞു:—"ഈശ്വരൻ എനിക്കു തന്ന സ്വർണ്ണമാണിതു്. എത്ര കാലമായി ഞാൻ ഇവിടെ വന്ന് തൊഴുന്നു; ജപിക്കുന്നു; വ്രതം നോക്കുന്നു! എത്രപേർക്കാണു ദാനം കൊടുത്തിട്ടുള്ളതു്! ഇതൊക്കെ അറിയുന്നുണ്ടല്ലോ ഈശ്വരൻ. അപ്പോൾ, നിശ്ചയമായും എന്നെ സഹായിക്കാൻ തന്നെയാണ് ഇതു് ഇവിടെ ഇട്ടതു്."

ഇതെല്ലാം കേട്ടപ്പോൾ, പ്രഭുവിന്നു പാത്രം കൊടുക്കാമെന്ന് പൂജാരി സമ്മതിച്ചു. പ്രഭു ഉച്ചത്തിൽ ജപിച്ചുകൊണ്ടു് പാത്രം എടുത്തു. അത്ഭുതം! പാത്രത്തിൻെറ നിറം മങ്ങി. അതു ചെമ്പായിത്തീൎന്നു. ഉടൻ അയാൾ പാത്രം താഴെ വച്ചു. അപ്പോൾ അതു് വീണ്ടും സ്വർണ്ണമായിത്തീൎന്നു.

ഇതുപോലെ പലരും ആ പാത്രം എടുത്തു നോക്കി. ആൎക്കും അതു സ്വന്തമാക്കുവാൻ ഭാഗ്യമുണ്ടായില്ല.

അങ്ങനെ കുറേ ദിവസം കഴിഞ്ഞു. വലിയ തണുപ്പുള്ള ഒരു പ്രഭാതം. മഞ്ഞു് ഇടവിടാതെ

പൊഴിയുന്നുണ്ടു്. ഒരു പാവപ്പെട്ട കൃഷിക്കാരൻ ആ തണുപ്പു കൂട്ടാക്കാതെ ക്ഷേത്രത്തിലേയ്ക്കു നടന്നു വരികയാണു്. അയാളുടെ ശ്രദ്ധ, ഒരു കടയുടെ തിണ്ണയിൽ കിടന്ന ഒരു യാചകനിൽ പതിഞ്ഞു. അയാൾ അടുത്തുചെന്നു. ആ പിച്ചക്കാരൻ തണുപ്പുകൊണ്ടു വിറയ്ക്കുന്നു. ഞരങ്ങുകയും മൂളുകയും ചെയ്യുന്നുണ്ടു്. ഒരു രോഗിയായി



രുന്നു അവൻ. കർഷകൻ അവനെ താങ്ങി ഇരുത്തി തന്റെ ഉടുപ്പു് ഊരി അവനെ ധരിപ്പിച്ചു. എന്നിട്ടു് അയാളെ താങ്ങിപ്പിടിച്ചു് ഒരു വൈദ്യശാലയിൽ കൊണ്ടുപോയി. അവിടെയിരുന്നു് കുറേനേരം അവനെ വേണ്ടവിധം

ശുശ്രൂഷിച്ചു. പിച്ചക്കാരന് വലിയ ആശ്വാസം തോന്നി. അയാൾ പറഞ്ഞു:—"ആ വഴി പലരും പോയി. ഒരുത്തനും തിരിഞ്ഞുനോക്കിയില്ല. അങ്ങേയ്ക്കു് ഇതു് തോന്നിയല്ലോ ഈശ്വരൻ രക്ഷിക്കട്ടെ!"

കൃഷകൻ ക്ഷേത്രത്തിലെത്തി. അവിടെ വച്ച് അയാൾ സ്വർണ്ണപ്പാത്രത്തെപ്പററി അറിഞ്ഞു. അതു സൂക്ഷിച്ചുനോക്കി. അപ്പോൾ പൂജാരി ചോദിച്ചു:—"നിങ്ങൾ സൂക്ഷിച്ചുനോക്കുന്നല്ലോ; ഭക്തനാണോ?"

കൃഷിക്കാരൻ:—അറിഞ്ഞുകൂടാ. ഞാനൊരു പാവം. വഴിപാടിനും ദാനത്തിനും എനിക്കു പണമില്ല. സ്തുതികളും അറിഞ്ഞുകൂടാ. അപ്പോൾ, എന്നെ ഭക്തൻ എന്നു് എങ്ങനെ പറയും?

പൂജാരി:—നിങ്ങൾ ഒരാളെങ്കിലും സത്യം പറഞ്ഞല്ലോ. അതുകൊണ്ടു് ഈ പാത്രം ഒന്നു് എടുത്തുനോക്കണം.

ആ പാവപ്പെട്ട കൃഷകൻ ആദ്യം മടിച്ചു. പൂജാരിയുടെ നിർബന്ധംകൊണ്ടു് പാത്രം കയ്യിലെടുത്തു. പെട്ടെന്നു് അതിൻെറ തിളക്കം വർദ്ധിച്ചു. ആ സ്വർണ്ണത്തളിക കൃഷിക്കാരൻെറ കയ്യിൽ പ്രഭാതസൂര്യനെപ്പോലെ പ്രകാശിച്ചു.

## അഭ്യാസം

1. കേട്ടെഴുത്തിനുള്ള പദങ്ങൾ:—

ഭക്തൻ; ഭാഗ്യം; വിശ്വനാഥൻ; ഈശ്വരൻ; യഥാർത്ഥം; ക്ഷേത്രം; പുണ്യം; വ്രതം; പ്രഭു; ശ്രദ്ധ; നിർബന്ധം.

2. പൂരിപ്പിക്കുക :—

ഈ—രൻ; —ശ്രൂഷ; യ—ൎത്ഥം; നിഷ്—ം [ശ്വ, ശ്രു, ഥാ, ഡ എന്ന അക്ഷരങ്ങളിൽ നിന്നു തിരഞ്ഞെടുക്കണം.]

3. വിപരീതപദം എഴുതുക :—

ശ്രദ്ധ ×

ഭാഗ്യം ×

സത്യം ×

4. 'വ്ര' ഉള്ള എത്ര പദങ്ങൾ നിങ്ങൾക്കറിയാം? ഓൎമ്മിച്ചുനോക്കണം.

5. എങ്ങനെയുള്ള ആളാണ് യഥാൎത്ഥ ഭക്തൻ?


---

പാഠം 25

# ചിത്രശലഭം

ബാലൻ രാവിലെ ഉണൎന്നെഴുന്നേററു. പതിവുപോലെ അവൻ മുററത്തുള്ള പനിനീർ ച്ചെടികളുടെ അടുത്തേയ്ക്കുപോയി. അന്നും വിരിഞ്ഞിട്ടുണ്ട്, നല്ല ചന്തമുള്ള നാലഞ്ചു പൂക്കൾ. പനിനീൎപ്പൂവ് എത്ര കണ്ടാലും ബാലനു മതിയാവുകയില്ല. പൂവിറുക്കാൻ കൈ നീട്ടിയപ്പോൾ അതാ, ഒരു മനോഹരമായ ജീവി അതിൽനിന്നു ചിറകു വിടൎത്തി പറക്കുന്നു! എന്തൊരു ചിറക്! മഴവില്ലിലുള്ളതിലധികം നിറങ്ങളുണ്ട് അതിൽ

എന്നു തോന്നും. അതിനെ കിട്ടിയെങ്കിൽ! അവനു മോഹമായി. ബാലൻ അതിൻെറ




പിറകെ ഓടി. എന്തു ഫലം? ആ കൊച്ചുജീവി അകന്നകന്നു പോവുകയാണ്. ബാലൻ ഓടി യോടിത്തളൎന്നു. അവനു വല്ലാത്ത സങ്കടം തോന്നി. അതു പോയ ദിക്കിലേയ്ക്കു നോക്കി ക്കൊണ്ടു നിന്നു.

അത്ഭുതം! അതാ, ആ സുന്ദരജീവി മടങ്ങി വരുന്നു. ബാലൻ സൂക്ഷിച്ചുനോക്കി. അവൻെറ അടുത്തു നിന്ന ചെടിയിൽ അതു വന്നിരുന്നു. ചിറക് ഒന്നൊതുക്കി. പുഞ്ചിരി തൂകിക്കൊണ്ട് അത് എന്തോ പറയുന്നതുപോലെ അവനു തോന്നി.

"ഓടിത്തളൎന്നുപോയി. അല്ലേ? എന്നെ നീ എന്തിനാണ് പിടിക്കാൻ നോക്കിയത്?

പിടിച്ചാലും എന്നെപ്പററി നിനക്കു മനസ്സിലാക്കാൻ സാധിക്കാത്ത കാൎയ്യങ്ങഠം ഞാൻ പറഞ്ഞു തന്നാൽ പോരേ ? ഇതാ, ഇക്കാണുന്ന പൂക്കളിലെ തേൻ നുകരാനാണ് ഞാൻ വരുന്നത്. അതുമാത്രമാണ് എൻെറ ആഹാരം. പകലെല്ലാം മധുവുണ്ടു പറന്നു നടന്നിട്ട്, രാത്രിയായാൽ വല്ല ഇലയുടെ ചുവട്ടിലും പററിക്കൂടി ഉറങ്ങും. ഇതിനിടയ്ക്കു് എന്തെല്ലാം ആപത്തുകളുണ്ടെന്നോ ? കിളികഠം എന്നെക്കണ്ടാൽ പിടിച്ചു തിന്നുകളയും.

എൻെറ ഈ ഭംഗിയുള്ള ചിറകു കണ്ടിട്ടല്ലേ ബാലനു് എന്നെ പിടിക്കാൻ കൗതുകം ഉണ്ടായതു് ? ഈ ചിറകുകഠം എനിക്കു് ഇന്നു മാത്രമാണു കിട്ടിയതു്. എന്താ ബാലനു വിശ്വാസം വരുന്നില്ലേ ? എൻെറ കഥ മുഴുവനും കേഠംക്കൂ. അപ്പോഠം വിശ്വാസമാകും.

ബാലൻെറ ഈ പനിനീർച്ചെടിയില്ലേ ? ഇതിൽ പുതിയ തളിരുകഠം പുറപ്പെട്ട കാലത്താണ് എൻെറ അമ്മ ഒരിലയുടെ ചുവട്ടിൽ മുട്ടയിട്ടതു്. ഞാൻ എൻെറ അമ്മയെ കണ്ടിട്ടേയില്ല. എൻെറ സഹോദരന്മാർ വളരെപ്പേരുണ്ടായിരുന്നു. അവരെ ഞാൻ ഇപ്പോഠം കണ്ടാൽ തിരിച്ചറിയുകയില്ല ; അവർ എന്നെയും.

ഞാൻ ഒരാഴ്ച വെളിച്ചം കാണാതെ മുട്ടയിൽത്തന്നെ ഒതുങ്ങിയിരുന്നു. പെട്ടെന്നു് ഒരു

ദിവസം പുറത്തേക്കു വന്നു. അപ്പോൾ പച്ച നിറത്തിലുള്ള ഒരു പുഴു ആയിരുന്നു ഞാൻ. എൻെറ സഹോദരന്മാരും അപ്പോഴേക്കു പുഴുക്കളായിത്തീർന്നിരുന്നു. ഞങ്ങൾ നല്ല സ്വാദുള്ള ഇളംതളിരുകൾ തിന്നുതുടങ്ങി. എന്തു വിശപ്പായിരുന്നുവെന്നോ? പച്ചിലകൾക്കിടയിൽ സൂക്ഷിച്ച് ഒളിച്ചിരുന്നിട്ടും, ഞങ്ങളെ പക്ഷികൾ കണ്ടുപിടിച്ച് തിന്നാറുണ്ടായിരുന്നു.

എത്രനാം ദിവസം ഞങ്ങൾ അങ്ങനെ ജീവിച്ചു. ഒരു ദിവസം എനിക്കു പെട്ടെന്ന് ഒരു വല്ലായ്മ തോന്നി. ഞാൻ ഇളകാതെ ഒരിലയിൽ പിടിച്ചുനിന്നു. എന്റെ ദേഹത്തുനിന്ന് ഒരുതരം നൂലുകൾ പുറത്തുവരുന്നു! എൻെറ ഉടൽ ചെറുതായിച്ചെറുതായി വരുന്നു! ആ നൂലുകൊണ്ടു ചുററിച്ചുററി ഞാൻ അതിൽ മറഞ്ഞു. ആ പുതപ്പിനുള്ളിൽ ഞാൻ ചുരുണ്ടു കൂടിയതേ എനിക്കു് ഓർമ്മയുള്ളു. ഞാൻ ഉറങ്ങിയതായിരിക്കണം.

പത്തുപന്ത്രണ്ടു ദിവസം നീണ്ടുനിന്നു, എന്റെ ഉറക്കം. അന്നൊന്നും ഭക്ഷണം കഴിച്ചിട്ടേയില്ല. ആ കൂടിനുള്ളിൽ തിന്നാൻ എന്തുകിട്ടാനാണ്? ഉറക്കമുണർന്ന്, കൂടുപൊളിച്ച്, ഞാൻ വെളിയിലേക്കു പോന്നു. ഹാ! എന്തൊരത്ഭുതം! എന്നെക്കണ്ടിട്ട് എനിക്കുതന്നെ മനസ്സിലായില്ല. ഉറങ്ങാൻ കിടന്നപ്പോൾ വെറും പുഴുവായിരുന്ന എനിക്കു് ഭംഗിയുള്ള രണ്ടു ചിറകുകൾ! ആനന്ദം സഹിക്കാനാവാതെ, കൂട്ടിൽനിന്ന് എടുത്തൊരു

ചാട്ടം! നിലത്തു വീണില്ല. എന്താണു കാര ണം? ഞാൻ പറക്കാൻ കഴിവുള്ള ഒരു ചിത്ര ശലഭമായിത്തീൎന്നിരുന്നു.

മുമ്പിലത്തെപ്പോലെ ഇല കാൎന്നുതിന്നാൻ നിവൃത്തിയില്ല. ഞാൻ പരിഭ്രമിച്ചുപോയി. എന്തു വേണ്ടു എന്നറിയാതെ ഞാൻ നാലു പുറവും നോക്കി. അപ്പോഴാണ്, ബാലൻെറ പനിനീർപ്പൂ എന്നെ ആകൎഷിച്ചതു്. എന്തു ശോഭ! എന്തു മണം!

വിശന്നു വലഞ്ഞ ഞാൻ ആ പൂവിൽ കയ റിയിരുന്നു. അപ്പോഴാണ്, മുമ്പില്ലാതിരുന്ന ഒരവയവം ചുണ്ടിൽനിന്നു തൂങ്ങിക്കിടക്കുന്നതു് ഞാൻ കണ്ടതു്. അതു് ഒരു നീണ്ട കുഴൽപോലെ യായിരുന്നു. അതുപയോഗിച്ചു് പൂവിനകത്തു് ഊറിനില്ക്കുന്ന തേൻ കുടിക്കാൻ ഒരു പ്രയാസവു മില്ല. ഇത്ര മധുരമായ ഭക്ഷണം കിട്ടുമെങ്കിൽ ആൎക്കുവേണം ചവക്കുന്ന ഇല?

ഇനി എത്രകാലം ഇങ്ങനെ ആഹ്ലാദിച്ചു ജീവിക്കുവാൻ സാധിക്കുമോ ആവോ? ബാലനും ബാലനെപ്പോലുള്ളവരും പൂന്തോട്ടങ്ങൾ വള ൎത്തുന്നകാലത്തോളം എനിക്കു ഭക്ഷണത്തിനു വിഷമമില്ല. ശത്രുക്കളെയാണ് എനിക്കു പേടി; ആ കുരുവികളേയും കിളികളേയും. മനുഷ്യർ ആരും ഞങ്ങളുടെ ശത്രുക്കളല്ല. സുന്ദരന്മാരും സുന്ദരികളുമായ ഞങ്ങളെക്കാണുക അവൎക്കു വളരെ ഇഷ്ടമാണ്. മനുഷ്യർ എത്ര നല്ലവർ!"

## അഭ്യാസം

1. പകരം പഠിച്ച മറ്റൊരു പദം ഓരോന്നിനും നേരെ എഴുതുക :—

   പൂമ്പാററ= തേൻ=
   കുടിക്കുക = ഭംഗി=
   രുചി=

2. ചിത്രശലഭത്തിന്റെ ജീവിതത്തിൽ നാലു ദശകൾ ഉണ്ടു്. ഏതെല്ലാം?

   [മുട്ടയായിരിക്കുന്ന കാലം, പുഴവായിരിക്കുന്ന കാലം, ചുരുണ്ടുകൂടി നൂലുപുതച്ചു് ഉറങ്ങുന്ന കാലം, ചിറകുവന്നു പറന്നുനടക്കുന്ന കാലം—ഈ നാലവസ്ഥ മറക്കരുതു്.]

3. (i) ചിത്രശലഭം തേൻ കുടിക്കുന്നതെങ്ങനെ?
   (ii) പൂമ്പാററയുടെ മുട്ട വിരിഞ്ഞുവരുന്ന പുഴക്കൾ എന്തു തിന്നുന്നു?
   (iii) ആരാണു് ചിത്രശലഭത്തിൻെറ ശത്രുക്കൾ?

---

പാഠം 26

# പാഠശാല

1

വെള്ളിമേഘങ്ങളാകുന്ന
വെള്ളത്താളുകൾ തോറുമേ
പൊൻകതിർപ്പേനയാൽ, ബാല-
സൂര്യൻ പാഠം കുറിക്കയായ്.

2

മടിവിട്ടു തളിർത്താർത്താം
കടലാസ്സു മറിച്ചതാ
പാഠം ശരിക്കു വായിപ്പു,
മിടുക്കൻ കൊച്ചുമാരുതൻ.

3

ഇന്നലെക്കേട്ട ഗാനങ്ങ-
ളൊന്നുപോലും വിടാതഹോ
ഉരുവിട്ടു പഠിക്കുന്നു-
ണ്ടുണർവുള്ളൊരിളംകുയിൽ.

കിളിക്കൊഞ്ചൽ] [എം. പി. അപ്പൻ

അഭ്യാസം

1. കവി, ലോകമാകുന്ന പള്ളിക്കൂടത്തിലെ മൂന്നു കുട്ടികളെ നിങ്ങൾക്കു് പരിചയപ്പെടുത്തിത്തരുന്നു; ബാലസൂര്യൻ, കൊച്ചുകാററു്, ഇളംകുയിൽ. സൂര്യൻ എഴുതിക്കൊണ്ടിരിക്കുകയാണു്. കാററു വായിച്ചുകൊണ്ടിരിക്കുന്നു. കുയിൽ ഇന്നലെ പഠിച്ച പാട്ടു് ഉരുവിടുന്നു.
2. സൂര്യൻ എന്തു കടലാസ്സിലാണു് എഴുതുന്നതു്? ഏതു പേനകൊണ്ടാണു് എഴുതുന്നതു്?
3. കാററു വായിക്കുന്ന പുസ്തകത്തിൻെറ ഏടു് ഏതാണു്? വായിക്കയാണെന്നു തോന്നാൻ കാരണമെന്തു്?
4. നിങ്ങൾക്കു് കുയിലിനെപ്പോലെ ശബ്ദിക്കാനൊക്കുമോ? ശ്രമിച്ചുനോക്കു.

പാഠം 27

# നെല്ല്

നെല്ലരി വേവിച്ചുണ്ടാക്കുന്ന ചോറും കഞ്ഞിയും പലഹാരങ്ങളുമാണ് കേരളത്തിലെ മുഖ്യമായ ആഹാരം. അതിനാൽ നെല്ല് ഇവിടെ ധാരാളം കൃഷിചെയ്തുവരുന്നു. നമ്മുടെ കർഷകരിൽ അധികവും നെൽക്കൃഷി ചെയ്യുന്നവരാണ്.

കേരളത്തിലെ കാലാവസ്ഥ നെൽക്കൃഷിക്കു പററിയതാണ്. നെല്ല് നല്ലതുപോലെ വിളയുന്നതിന് വെയിലും വെള്ളവും കാററും മഞ്ഞും വളരെ ഉപകരിക്കുന്നു. ഇടവപ്പാതി, തുലാവർഷം എന്നിങ്ങനെ ആണ്ടിൽ രണ്ടു തവണ മഴയുള്ള നാടാണ് കേരളം. മഴക്കാലം ഒഴിച്ചുള്ള മാസങ്ങളിൽ ചൂടും വെളിച്ചവും വേണ്ടുവോളം ഉണ്ടായിരിക്കും. മഴയും വെയിലും പാകത്തിനു കിട്ടിയാലേ നെൽക്കൃഷി നന്നാവൂ. ഇവയിൽ ഏതെങ്കിലും ഒന്ന് കൂടിയാലും കുറഞ്ഞാലും കൃഷിപ്പിഴ വന്നുപോകും.

നെൽക്കൃഷിക്ക് ഉപയോഗിക്കുന്ന നിലങ്ങൾ മൂന്നു തരത്തിൽ ഉണ്ട്. കൃഷിചെയ്യുന്ന ഓരോ തവണയ്ക്കും പൂവ് അല്ലെങ്കിൽ പുകിൽ എന്നാണു പേർ. ആണ്ടിൽ ഒരു തവണ മാത്രം കൃഷി നടത്തുന്ന നിലങ്ങളെ ഒരുപ്പൂനിലങ്ങൾ എന്നു പറയും. വർഷത്തിൽ രണ്ടു തവണ കൃഷി

യിറക്കുന്ന നിലങ്ങളാണ് ഇരുപ്പൂനിലങ്ങൾ. മൂന്നു തവണ കൃഷി ചെയ്യുന്ന നിലങ്ങളും ഉണ്ട്.

ഓരോ വിളവിലേയും നെല്ലിൽ ഒരു ഭാഗം വിത്തിനായി നീക്കിവയ്ക്കുന്നു. ആ നെല്ല് പൊടിയും പതിരും കളഞ്ഞ് ഉണക്കി സൂക്ഷിക്കും. ഒന്നോ രണ്ടോ മഴ പെയ്ത് തറയ്ക്ക് ഈർപ്പം കിട്ടുമ്പോൾ നിലം ഉഴുത് മണ്ണിളക്കുന്നു. എന്നിട്ട് കട്ട ഉടച്ച് നിലം ഒരുക്കും. വിതയ്ക്കാനുള്ള വിത്തിനോട് ചാണകപ്പൊടിയും ചാരവും കൂട്ടി



ക്കലർത്തും. അതിൽനിന്നും ഓരോ നുള്ളുവീതം ഉഴവുചാലിൽ ഇട്ട് മണ്ണുകൊണ്ട് മൂടും. മീനം, മേടം മാസങ്ങളിലെ കൃഷിയാണ് ഈ വിധം നടത്താറുള്ളത്.

മറ്റൊരു തരത്തിലും നെൽകൃഷി നടത്താറുണ്ട്. കൃഷിക്ക് ഏതാനും ആഴ്ചകൾക്ക് മുമ്പ് ഒരു നിലത്തിൽ വിത്തു വിതയ്ക്കും. ആ വിത്ത്

പൊട്ടി മുളച്ച് ഇല വിരിഞ്ഞു് ഏതാണ്ടു് ഒരടി പൊക്കം വയ്ക്കുമ്പോൾ പിഴുതെടുക്കും. ഈ പ്രായത്തിലുള്ള നെൽച്ചെടിക്കു് ഞാറു് എന്നു പറയും. ഈ ഞാറു്, ഉഴുതു നിരപ്പുവരുത്തി, വെള്ളം നിറുത്തിയിട്ടുള്ള വയലിൽ നടും.

ഞാറിൻെറ ഇടയ്ക്കു് പുല്ലുകൾ കിളിർത്തു വരും. ഇതിനു കള എന്നാണു പേരു്. കള പറിച്ചു കളഞ്ഞാൽ നെല്ലു് വേഗം വളരും. തണ്ടും ഇലകളും നീണ്ടു്, നെൽച്ചെടി ക്രമേണ കൂമ്പെടുക്കും. കൂമ്പു് ആദ്യം പോളയുടെ ഉള്ളിൽ മറഞ്ഞിരിക്കും. അനന്തരം പോള പൊട്ടി അവ പുറത്തുവരും. ക്രമേണ ഇളം പച്ച നിറത്തിലുള്ള നേർത്ത കതിരുകൾ കൂമ്പിൽ കാണാറാകും. ഏതാനും ദിവസങ്ങൾക്കുള്ളിൽ അതു് മൂററിത്തഴച്ച് പഴുക്കും. സ്വർണ്ണനിറത്തിലുള്ള നെന്മണിക്കുലകൾ കാററിൽ ആടിക്കളിക്കുന്നതു കാണാൻ എന്തു രസമാണു് !


നെൽക്കതിരുകൾ പഴുത്തു ചായുമ്പോൾ കൊയ്ത്തു തുടങ്ങും. കൊയ്തെടുക്കുന്ന നെൽച്ചെടികളെ കററകളാക്കി കെട്ടും. ഇവയെ, അടിച്ചൊതുക്കി നിരപ്പു വരുത്തിയിട്ടുള്ള കളത്തിൽ കൊണ്ടുപോയി മെതിക്കും. അപ്പോൾ നെന്മണികൾ വയ്ക്കോലിൽനിന്നു് വേർപെടും.

മണ്ണിലുള്ള വളം, കാലാവസ്ഥ എന്നിവ അനുസരിച്ച് വിളവു കൂടുകയും കുറയുകയും ചെയ്യും. ചാരം, ചാണകം, പച്ചിലകൾ, എല്ല

പൊടി എന്നിവ നെല്ലിനു പ്രധാനപ്പെട്ട വളങ്ങൾ ആണു്.

മഴക്കുറവും വെള്ളപ്പൊക്കവുംമൂലം കൃഷിപ്പിഴ വരാറുണ്ടു്. ഇങ്ങനെ നഷ്ടം വരാതിരിക്കണമെങ്കിൽ, നദികളിൽ അണകെട്ടി പാടങ്ങളിലേക്കു വെള്ളം തിരിച്ചുവിടണം. പീച്ചി, പറമ്പിക്കുളം, മംഗലം, ഗായത്രി മുതലായ അണ

പീച്ചി ഡാം



ക്കെട്ടുകൾ ഈ ആവശ്യത്തിനുവേണ്ടി ഉണ്ടാക്കിയിട്ടുള്ളവയാണു്. വെള്ളപ്പൊക്കം തടയുന്നതിനും ഇവ ഉപകരിക്കും. ഒരു തരം പുഴുവിന്റെ ഉപദ്രവംകൊണ്ടും കൃഷിപ്പിഴ ഉണ്ടാകും. മരുന്നു തളിച്ചും മററും അവയെ നശിപ്പിക്കാം. കൃഷകന്മാർ ഒത്തൊരുമിച്ചു പ്രവർത്തിച്ചാൽ

ഗായത്രി ഡാം



കൃഷിപ്പിഴ ഒഴിവാക്കാവുന്നതാണ്. മാത്രമല്ല, വിളവു വർദ്ധിപ്പിക്കാനും സാധിക്കും.

അഭ്യാസം

1. ഈ പാഠത്തിൽനിന്നും പഠിച്ച വാക്കുകൾ പ്രകാരം എഴുതുക :—

   കൃഷിചെയ്യുന്ന ആൾ=
   തുടങ്ങുക=
   പ്രധാനം=
   വേണ്ടിടത്തോളം=

   [കർഷകൻ, വേണ്ടുവോളം, മുഖ്യം, ആരംഭം എന്നീവാക്കുകളിൽനിന്നും തിരഞ്ഞെടുക്കുക]

2. കേട്ടെഴുത്തിനുള്ള വാക്കുകൾ :—

   കാലാവസ്ഥ; കൃഷിക്കാരൻ; പ്രവർത്തിക്കുക; നഷ്ടം; മാത്രം; ആരംഭം.

3. ചേൎത്തെഴുതുക :—

പാററി+കളയുക=
മഴ +കറവു°=
മുററി +തഴക്കുക=
അണ +കെട്ടു°=

4. (1) വിത്തു വിതക്കുന്നതെങ്ങനെ ?
(2) കള പറിച്ചുകളഞ്ഞില്ലെങ്കിൽ എന്താണു തരക്കേടു° ?
(3) നെല്ലിനു വേണ്ട വളങ്ങൾ ഏവ ?
(4) എന്തെല്ലാം വിധത്തിൽ കൃഷിപ്പിഴ ഉണ്ടാകും ?
(5) കൃഷിക്കു വെള്ളം കിട്ടുവാൻ വേണ്ടി നിൎമ്മിച്ചിട്ടുള്ള അഞ്ചു° അണക്കെട്ടുകളുടെ പേരു പറയുക.

---

പാഠം 28

# വിദ്യാധനം

(1)

വിത്തമെന്തിനു മൎത്ത്യൎക്കു
വിദ്യ കൈവശമാവുകിൽ ?
വെണ്ണയുണ്ടെങ്കിൽ നറുനെയ്°
വേറിട്ടു കരുതേണമോ ?

(2)

വിദ്യ വിട്ടു നരന്നാമോ
വിശ്വംഭരയിൽ വാഴുവാൻ ?
ആയുധം കൈയിലില്ലാത്തോൻ
അടരാടുന്നതെങ്ങനെ ?

(3)

പുറംകണ്ണു തുറപ്പിപ്പു
പുലർവേളയിലംശുമാൻ ;
അകക്കണ്ണു തുറപ്പിക്കാൻ
ആശാൻ ബാല്യത്തിലെത്തണം.

(4)

കൊണ്ടുപോകില്ല ചോരന്മാർ ;
കൊടുക്കുംതോറുമേറിടും ;
മേന്മ നല്കും മരിച്ചാലും ;
വിദ്യതന്നെ മഹാധനം.

ദീപാവലി] [ഉള്ളൂർ

## അഭ്യാസം

1. നറുനെയ്യ് ഇല്ലെങ്കിലും കഴിച്ചുകൂട്ടാം—എന്നു ണ്ടെങ്കിൽ ? ധനമില്ലെങ്കിലും കഴിച്ചുകൂട്ടാം—എന്നു സ്വാധീനമായാൽ ?
2. ആയുധമില്ലെങ്കിൽ എന്തു ചെയ്യാൻ പററില്ല ? വിദ്യയില്ലെങ്കിൽ എന്തു് അസാദ്ധ്യമാകും ?
3. ഭൂമിയിൽ എന്നതിനു പകരം എന്തു വാക്കാണു് പാഠത്തിൽ ഉപയോഗിച്ചിട്ടുള്ളതു് ? യുദ്ധം എന്നതിനു പകരമോ ?
4. എന്താണു് അകക്കണ്ണു് ? ബാല്യത്തിൽ അക ക്കണ്ണു് ആരു തുറപ്പിക്കുന്നു ? പ്രഭാതത്തിൽ ഉണർത്തി ആരാണു് നമ്മുടെ കണ്ണിനു വെളിച്ചം തരുന്നതു് ? സൂര്യൻ എന്നതിനു പകരം എന്തു പദം ഉപയോഗിച്ചിരിക്കുന്നു ?
5. വിദ്യയാണു് എല്ലാററിലും വലിയ ധനം—എന്തുകൊണ്ടു് ? കള്ളന്മാർ എന്നതിനു പകരം ഒരു പുതിയ വാക്കു പറയുക.

പാഠം 29

# ദുര മൂത്താൽ കരയും

ഈ കഥ നടന്നതു് എന്നാണെന്നറിഞ്ഞു കൂടാ. വളരെക്കാലം മുമ്പാണു്. അന്നു് കൊല്ലം കടപ്പുറത്തു് ഒരു മുക്കുവനും മുക്കുവത്തിയും പാർത്തിരുന്നു—അന്തോണിയും അന്നയും. അന്തോണി ദിവസവും കാലത്തേ ചാളത്തടിയിൽക്കേറി കടലിൽ പോകും. ഉച്ചതിരിയുമ്പോൾ വല നിറയെ മീനുമായി തിരിച്ചെത്തും. അതു വിററു് അവർ സുഖമായി ജീവിച്ചു. അന്ന ചുണയും തന്റേടവും ഉള്ള ഒരു യുവതിയായിരുന്നു. പക്ഷേ, ഒരു ദോഷം — നല്ല വേഷം വേണം, നല്ല വീടു വേണം, ആഭരണങ്ങൾ വേണം എന്നൊക്കെ എപ്പോഴും ഭർത്താവിനെ അലട്ടും. ഭംഗിയുള്ള വസ്ത്രങ്ങൾ ധരിച്ചു് കടപ്പുറത്തു കാററുകൊള്ളാൻ വരുന്ന സ്ത്രീകളെ ക്കാണുമ്പോൾ അന്ന മുഖം വീർപ്പിക്കും. അപ്പോൾ അന്തോണി പറയും —" അന്നേ, പിണങ്ങേണ്ടാ. എല്ലാം നമുക്കു് ഈ കടൽ തരും. "

അങ്ങനെയിരിക്കെ, അന്തോണി ഒരു ദിവസം പതിവുപോലെ കടലിൽ പോയി വല വീശി. വല വലിച്ചെടുത്തപ്പോൾ അവൻ കരഞ്ഞുപോയി. അതിൽ ഒരു മത്സ്യമേ ഉണ്ടായിരുന്നുള്ളു. എന്നാൽ, അതൊരു അഴകുള്ള മത്സ്യമായിരുന്നു. എന്തുകൊണ്ടെന്നറിഞ്ഞില്ല, അന്തോണിക്കു് അതിനോടൊരു വാത്സല്യം

തോന്നി. അവൻ അതിനെ വേദനിപ്പിക്കാതെ കയ്യിലെടുത്തു. ആശ്ചര്യം! അതു സംസാരിക്കാൻ തുടങ്ങി: "എന്നെ കൊല്ലരുതേ, ജലറാണിയാണു ഞാൻ. നിനക്കു് എന്തു വരം വേണമെങ്കിലും തരാം. പറയൂ, എന്തു വേണം?"

മുക്കുവൻ :—എൻെറ അന്നയ്ക്കു് എന്തു വേണമോ, അതാണു് എനിക്കും വേണ്ടതു്.

ഈ മടത്തരം കേട്ടു് റാണി ചിരിച്ചുപോയി. അവൾ പറഞ്ഞു :—"ശരി, നീ അന്നയോടു ചോദിച്ചു തീരുമാനിക്കുക. 'ജലറാണി' എന്നു മൂന്നു പ്രാവശ്യം എന്നെ വിളിച്ചാൽ മതി, ഞാൻ പ്രത്യക്ഷമാകും."

അന്തോണി ആദരപൂർവ്വം മത്സ്യത്തെ വെള്ളത്തിൽ വിട്ടു. വേഗം അവൻ കുടിലിലെത്തി ഭാര്യയോടു് നടന്ന കാര്യങ്ങളെല്ലാം പറഞ്ഞു. അപ്പോൾ അന്ന പറഞ്ഞു, തനിക്കൊരു സുന്ദരിയാകണമെന്നു്. അവൻ കടല്ക്കരെച്ചെന്നു് മൂന്നു തവണ 'ജലറാണി' എന്നു വിളിച്ചു. റാണി പ്രത്യക്ഷപ്പെട്ടു. ഭാര്യയുടെ ആഗ്രഹം അവൻ അറിയിച്ചു. ഉടൻ റാണി ആ വരം കൊടുത്തു മറഞ്ഞു.

അന്തോണി കുടിലിൽ എത്തിയപ്പോൾ എന്താണു കണ്ടതു്? ഒരു സുന്ദരി അവിടെ നിന്നുലാത്തുന്നു. അവൻ ആനന്ദംകൊണ്ടു് തുള്ളിച്ചാടി.

ഇതുകണ്ടു് അന്നയ്ക്കു കലിവന്നു. അവർ പറഞ്ഞു :—"മനുഷ്യനായാൽ ബുദ്ധി വേണം. നമ്മുടെ കുടിൽ കണ്ടില്ലേ ? കണ്ടാൽ അറയ്ക്കും. ഞാൻ ഇവിടെയാണോ ജീവിക്കേണ്ടതു് ? ഇതിനെ ഒരു ഏഴ നില മാളികയാക്കണം."



അവൻ കടല്ക്കരെച്ചെന്നു് റാണിയോടു വരം വാങ്ങി, തിരിച്ചു വന്നപ്പോൾ അന്ന ഏഴ നില മാളികയുടെ മുകളിൽനിന്നു കാററുകൊണ്ടു് രസിക്കയാണു്. അവൻ അല്പം ദൂരെ ഒരിടത്തു

മാറിനിന്ന് കുറേനേരം നോക്കി രസിച്ചു. എന്നിട്ട് ഉറക്കെ പറഞ്ഞുപോയി—"ഹാ! എന്തൊരഴക്! ചന്ദ്രനെപ്പോലെ തന്നെ!"

ഇതുകേട്ട് അവൾ താഴെ ഇറങ്ങിവന്നു പറഞ്ഞു :— "ചന്ദ്രനെപ്പോലെയാകണമെങ്കിൽ നമ്മുടെ മേട മേഘത്തിൽ മുട്ടണം. വേഗം പോയി ആ വരംകൂടി ഒന്നു വാങ്ങിക്കൊണ്ടു വരണം."

അന്തോണി ഓടിയോടി തളർന്നിരുന്നു. അതുകൊണ്ട് അടുത്ത ദിവസം ചെന്നു വരം ചോദിക്കാമെന്നായി അയാൾ. പോരാ, അപ്പോൾതന്നെ വേണമെന്ന് അവൾ വാശി പിടിച്ചു. അവൻ അനങ്ങാതെ നിന്നു. വരം തന്നില്ലെങ്കിലോ എന്നായിരുന്നു അവൻെറ സംശയം. അന്തോണിയുടെ മുഖഭാവത്തിൽ നിന്നും അന്ന അതു മനസ്സിലാക്കി. അവൾ പറഞ്ഞു :— "ഭയപ്പെടേണ്ട; എല്ലാത്തിനും ഞാനുണ്ട്. വരം തന്നില്ലെങ്കിൽ വലയിട്ടു പിടിച്ചു കൊന്നുകളയുമെന്നു പറയണം."

അന്തോണി മനസ്സില്ലാമനസ്സോടെ കടല്ക്കരെ എത്തി റാണിയെ വരുത്തി വിവരം അറിയിച്ചു. ദുരാഗ്രഹം കൂടിയാൽ കരയേണ്ടി വരും എന്ന് അവൾ ഉപദേശിച്ചു. അന്തോണി അതു വകവച്ചില്ല. അവൻ റാണിയെ ഭയപ്പെടുത്തി—"വരം തന്നില്ലെങ്കിൽ കൊന്നുകളയും എന്നറിയിക്കാൻ പറഞ്ഞയച്ചിരിക്കയാണ്."

റാണിയ്ക്കു കലികൊണ്ടു. അവൾ പറഞ്ഞു :—"എന്തു്! കൊല്ലുമെന്നോ? നന്ദികെട്ടവർ. ഞാൻ അഹങ്കാരം തീർത്തയ്ക്കാം; തന്ന വരങ്ങളെല്ലാം ഇതാ പിൻവലിച്ചിരിക്കുന്നു." അവൾ വെള്ളത്തിൽ ചാടി മറഞ്ഞു.

അന്തോണി പേടിച്ചുപോയി. അവൻ വീട്ടിലേയ്ക്കോടി. മാളികയെന്നല്ല, കുടിൽ പോലും അവിടെക്കണ്ടില്ല. കഷ്ടം! അന്ന ക്രറത്തുണിയുമുടുത്തു് നിലത്തിരുന്നു കരയുന്നു!



അവൻ പറഞ്ഞു:—"അന്നേ നമ്മുടെ പഴയ കുടിൽ പോയല്ലോ. അതെത്ര ഭംഗിയുള്ളതായിരുന്നു. നമുക്കു് അതുപോലെ ഒരെണ്ണം ഉണ്ടാക്കണം."

## അഭ്യാസം

1. കേട്ടെഴുത്തിനുള്ള പദങ്ങൾ :—

    നന്ദി; ദുരാഗ്രഹം; മനസ്സ്; മത്സ്യം; ആശ്ചര്യം; പ്രാവശ്യം; സുന്ദരി; ചന്ദ്രൻ; മേഘം; പ്രത്യക്ഷം.

2. 'ന്ദ' ഉള്ള എട്ടു പദങ്ങൾ എഴുതുക. 'ഘ' ഉള്ള എത്ര വാക്കുകൾ നിങ്ങൾക്കറിയാം ?

3. വ്യത്യാസം പറയുക :—

    പറഞ്ഞു—പറഞ്ഞുപോയി.

    കളഞ്ഞു—കളഞ്ഞുപോയി.

    'പറഞ്ഞു' എന്ന വാക്കുപയോഗിച്ച് ഒരു വാക്യം എഴുതുക.

    'പറഞ്ഞുപോയി' ഉപയോഗിച്ച് മറ്റൊരു വാക്യം എഴുതുക.

4. കരഞ്ഞുകൊണ്ടിരുന്ന അന്നയുടെ വിചാരങ്ങൾ എന്തെല്ലാമായിരിക്കുമെന്ന് ഊഹിക്കാമോ? നാലഞ്ചു വാക്യം പറയണം—എഴുതണമെന്നില്ല.

പാഠം 30

# പൂക്കാലം

കുളിർകാട്ടകളിൽ കൂകിക്കൂകി-
ക്കുത്താട്ടന്നോരാണ്മയില്ലേ,
കാവുകൾതോറും പാടിപ്പാടി-
ക്കളിയാട്ടന്ന കരിങ്കുയിലേ,
പൂന്തേൻ നുകരാൻ പൂങ്കാവുകളിൽ
പുതുമലർ തേടും വരിവണ്ടേ,
വരുമോ നിങ്ങൾ കളിപ്പാനെന്മലർ-
വാടിയിൽ വളരെത്തണലുണ്ടേ!
പൂവുകൾ തോറും പുഞ്ചിരി തൂകി-
പ്പുതുമയിലെത്തീ പൂക്കാലം!
തളിരുകൾ ചൂടാം തണലിൽക്കൂടാം;
കളികൾക്കെല്ലാമനുകൂലം.

—ജി. ശങ്കരക്കുറുപ്പ്

## അഭ്യാസം

1. (1) ആരെയെല്ലാമാണ് കളിക്കാൻ വിളിക്കുന്നത്?
   (2) കളിക്കാനുള്ള മലർവാടി എങ്ങനെയുള്ളതാണ്?
   (3) പൂക്കാലത്തിനുള്ള മെച്ചമെന്താണ്?

2. ചേത്തെഴുതുക :—

പൂ+കാലം = ക്രകി+ക്രകി =
പാടി+പാടി = വളരെ+തണൽ =
കളിപ്പാൻ+എൻ+മലർവാടി =

3. ഈ മട്ടിൽ ഒരു കൊച്ചു പാട്ടെഴുതാൻ നിങ്ങൾക്കു് സാധിക്കുമോ ? രണ്ടുവരി മതി.

മൂന്നാമത്തെ വരിയിൽ 'കാവുകൾ' എന്നതിനു പകരം മാവുകൾ എന്ന വാക്കു് ചേർത്തു നോക്കു. അത്ഥത്തിനു വ്യത്യാസം വരും, ഇല്ലേ? എന്നാൽ പാട്ടിന്റെ മട്ടിനു വ്യത്യാസം വരുകയില്ല. മാവുകൾ എന്നു മാററുമ്പോൾ ചൊല്ലാനുള്ള സുഖം കുറയും. എന്താണു കാരണം? ഓരോ വരിയിലേയും ആദ്യത്തെ അക്ഷരം നോക്കു.

---

പാഠം 31

# ഇരുമ്പു്

കൈക്കോട്ടു്, മഴു, വെട്ടുകത്തി, മുതലായ ആയുധങ്ങൾ നിങ്ങൾ കണ്ടിട്ടുണ്ടല്ലോ. ഭൂമിയിൽനിന്നു കുഴിച്ചെടുക്കുന്ന ഇരുമ്പു് എന്ന ലോഹംകൊണ്ടാണു് ആ ഉപകരണങ്ങൾ നിമ്മിക്കുന്നതു്. ലോഹങ്ങളിൽ പ്രധാനപ്പെട്ടവ സ്വണ്ണം, വെള്ളി, ചെമ്പു്, ഇരുമ്പു്, ഈയം എന്നിവയാണു്. ഈ പഞ്ചലോഹങ്ങളിൽ വച്ചു് നാം കൂടുതൽ ഉപയോഗിക്കുന്നതു് ഇരുമ്പാണു്.

ഇരുമ്പു കണ്ടുപിടിക്കുന്നതിനു മുമ്പ് കല്ല്, മരം, മൃഗങ്ങളുടെ എല്ല് എന്നിവകൊണ്ടാണ് ആയുധങ്ങളും മററും ഉണ്ടാക്കിവന്നത്. ഈ സാധനങ്ങൾകൊണ്ട് അന്ന് ഉണ്ടാക്കിയിരുന്ന ഉപകരണങ്ങളിൽ പലതും ഇന്നു നമുക്ക് കാഴ്ച ബംഗ്ലാവുകളിൽ കാണാം.

ഖനികളിൽ നിന്നാണ് ഇരുമ്പു കുഴിച്ചെടുക്കുന്നത്. മണ്ണിൽ ഇരുമ്പുകൂടാതെ പല വസ്തുക്കളും കലൎന്നിരിക്കുമല്ലോ. അതുകൊണ്ട് ഖനിയിൽനിന്നും കുഴിച്ചെടുക്കുന്ന ഇരുമ്പിലും പല സാധനങ്ങളും കലൎന്നിരിക്കും. വലിയ ചൂളകളിൽ ഇട്ട് ചൂടു പിടിപ്പിച്ചാണ് ഇരുമ്പിനോടു ചേൎന്നിരിക്കുന്ന മററു വസ്തുക്കൾ മാററുന്നത്.

ചൂടാക്കുമ്പോൾ ഇരുമ്പ് ഉരുകും. ഇങ്ങനെ ഉരുകി ഒലിക്കുന്ന ഇരുമ്പിനെ നമുക്ക് ഇഷ്ടമുള്ള രൂപത്തിൽ വാൎത്തെടുക്കാം. കോടാലി, മൺവെട്ടി, ചങ്ങല, കുഴലുകൾ, തൂണുകൾ, അഴികൾ, ചക്രങ്ങൾ ഇങ്ങനെ പലതും നിൎമ്മിക്കുന്നത് ഈ വിധത്തിൽ ആണ്. വളരെ ഘനമുള്ള പലകകളും തീരെ ഘനം കുറഞ്ഞ തകിടുകളും തലനാരിഴപോലുള്ള കമ്പികളും ഇരുമ്പുകൊണ്ടു നിൎമ്മിക്കാം.

പെൻസിൽ ചെത്തുന്ന മൂൎച്ചയുള്ള പേനാക്കത്തി കണ്ടിട്ടില്ലേ? അത് കട്ടപ്പും കൂടിയ ഇരുമ്പുകൊണ്ടാണുണ്ടാക്കുന്നത്. അത്തരം ഇരുമ്പിന് ഉരുക്ക് എന്നാണ് പേർ. അരംപോലെ ഉറപ്പും മൂൎച്ചയുമുള്ള ആയുധങ്ങൾ ഉണ്ടാക്കാൻ

ഉരുക്ക വേണം. ചെറിയ പേനാക്കത്തികൾ മുതൽ വലിയ യുദ്ധക്കപ്പലുകൾവരെയുള്ള പല വസ്തുക്കളും ഉരുക്കുകൊണ്ടാണ് നിർമ്മിക്കുന്നത്.

മുമ്പ് നമ്മുടെ രാജ്യത്ത് ഉരുക്ക് ഉണ്ടാക്കിയിരുന്നില്ല. അന്ന് നമുക്ക് ആവശ്യമുള്ള ഉരുക്ക് വെളിയിൽനിന്ന് വിലകൊടുത്തു വാങ്ങിവന്നു. എന്നാൽ ഇപ്പോൾ നമ്മുടെ രാജ്യത്ത് വലിയ ഉരുക്ക നിർമ്മാണശാലകൾ സ്ഥാപിച്ചിട്ടുണ്ട്. ഭിലായ്, ദുർഗ്ഗാപ്പൂർ തുടങ്ങിയ ഉരുക്ക നിർമ്മാണശാലകളെപ്പററി നിങ്ങൾ കേട്ടിട്ടുണ്ടോ? അവിടെ ആയിരക്കണക്കിന് തൊഴിലാളികൾ ഉരുക്കനിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്നു.

ഇരുമ്പിന്റെ ഉപയോഗം എത്രയാണെന്നു പറഞ്ഞാൽ തീരുകയില്ല. തീവണ്ടി, കപ്പൽ, മോട്ടോർ കാറുകൾ, ബസ്സ് എന്നിങ്ങനെ എന്തെല്ലാം വസ്തുക്കളാണ് ഇരുമ്പുകൊണ്ടു നിർമ്മിക്കുന്നത്! ഇരുമ്പ് ഇല്ലായിരുന്നെങ്കിൽ ഇതൊക്കെ നിർമ്മിക്കാൻ കഴിയുമായിരുന്നോ? ഈ ലോഹം കണ്ടുപിടിച്ചവർ ലോകത്തിന് എത്ര വലിയ ഉപകാരമാണു ചെയ്തിരിക്കുന്നത്!

## അഭ്യാസം

1. "വെള്ളി ഉപയോഗമുള്ള ലോഹമാണ്. ഇരുമ്പ് ഉപയോഗമുള്ള ലോഹമാണ്." ഈ രണ്ടു വാക്യങ്ങളും കൂടി ചേർത്ത് ഒററവാക്യമാക്കിയാൽ എങ്ങനെ പറയും? "വെള്ളിയും ഇരുമ്പും ഉപയോഗമുള്ള ലോഹങ്ങളാണ്."

ഇതേരീതിയിൽ താഴെ കൊടുത്തിരിക്കുന്ന വാക്യങ്ങൾ കൂട്ടിച്ചേർക്കുക :—

(1) പശു മൃഗമാകുന്നു. ആട് മൃഗമാകുന്നു.

(2) സൂര്യൻ വെളിച്ചം തരുന്നു. ചന്ദ്രൻ വെളിച്ചം തരുന്നു.

2. പഞ്ചലോഹങ്ങൾ ഏവ ?

3. ഇരുമ്പുകൊണ്ടു നിർമ്മിക്കുന്ന ഇരുപതു സാധനങ്ങളുടെ പേരെഴുതുക.

688

# ദേശീയ സമ്പാദ്യ പദ്ധതി

1. നിങ്ങളുടെ ഭാവിക്കുവേണ്ടിയും ഇന്ത്യയുടെ ഭാവിക്കുവേണ്ടിയും മിച്ചംപിടിക്കുക.
2. നിങ്ങൾ പതിവായി സമ്പാദിക്കാറുണ്ടോ? ദേശീയ സമ്പാദ്യ പദ്ധതി സർട്ടിഫിക്കറ്റുകളിൽ മുതൽ നിക്ഷേപിക്കുക.
3. നിങ്ങളുടെ നിക്ഷേപങ്ങൾക്കു് പോസ്റ്റാഫീസ് സേവിംഗ്സ് ബാങ്ക് ഉപയോഗിക്കുക.
4. നിങ്ങളുടെ സമ്പാദ്യം രാഷ്ട്രത്തിന്റെ സമ്പാദ്യമാണു്.
5. സമ്പാദ്യം നിങ്ങൾക്കും രാഷ്ട്രത്തിന്നും അഭിവൃദ്ധി കൈവരുത്തുന്നു.
6. ആ ചെലവു് യഥാർത്ഥത്തിൽ ആവശ്യമുള്ളതാണോ? സമ്പാദിക്കുക; നിക്ഷേപിക്കുക.
7. നിങ്ങളുടെ ഭാവിഐശ്വര്യത്തിന്നു് നിങ്ങളുടെ സമ്പാദ്യങ്ങൾ നിങ്ങളുടെ ഗവർമ്മെന്റിന്നാവശ്യമാണു്.

---

PRINTED BY THE S. G. P. AT THE GOVERNMENT PRESS,
SHORANUR, 1964